# ഗിരിദീപം

ആഗസ്റ്റ് 2026



ആഗസ്റ്റ് 15

മാതാവിന്റെ സ്വർഗ്ഗാരോപണം | ഇന്ത്യൻ സ്വാതന്ത്ര്യദിനം

**August 04**

# 115th BIRTHDAY



**Born : 04 August 1911**

**Ordination : 24 August 1945**

**Retired on : 18 February 1989**

**Demise : 04 April 2006**



## MAR SEBASTIAN VALLOPPILLY

### The First Bishop of Thalassery



**തലശ്ശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന വിവിധ സന്യാസ സമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നു.**

2026 ജൂലൈ 14 : സന്ദേശഭവൻ - തലശ്ശേരി



റിഫ്രഷർ കോഴ്സ് ഒന്നാം ബാച്ച് മാർ ജോസഫ് പാംപ്ലാനി പിതാവ്
ഉദ്ഘാടനം ചെയ്യുന്നു.

2026 ജൂലൈ 08-10 : സന്ദേശഭവൻ - തലശ്ശേരി



ബയോ മൗണ്ടൻ പ്രൊഡക്ട്സിന്റെ
ആദ്യത്തെ ഔട്ട്ലെറ്റ് ഇരിട്ടി കല്ലുമുട്ടിയിൽ ഉദ്ഘാടനം ചെയ്തു.

2026 ജൂലൈ 18

ആഗസ്റ്റ് 2026

വാല്യം 09
ലക്കം 08

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No.509/2026, Circular No. 14/2026 ഇടയലേഖനം ............................ 05
2. KCBC Circular - തടവറ പ്രേഷിത ഞായർ ............................ 10
3. കച്ചേരിക്കാര്യം ............................ 15
4. റിഫ്രഷർ കോഴ്സ് ............................ 21
5. സംരംഭകരുടെ സംഗമം ............................ 27
6. മേജർ സുപ്പീരിയേഴ്സ് മീറ്റ് ............................ 29
7. ഫൊറോനാതല പാരീഷ് കൗൺസിൽ സംഗമം ............................ 31
8. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ............................ 32
9. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ............................ 39
10. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ............................ 41
    തിരുബാലസഖ്യം ............................ 47
11. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ............................ 49
12. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ............................ 52
13. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ............................ 59
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ............................ 61
    നിർമ്മലഗിരി കോളേജ് ............................ 63
14. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എ.കെ.സി.സി. ............................ 66
    കരിസ്മാറ്റിക് ............................ 69
    ഫ്രാൻസിസ്കൻ അത്മായസഭ ............................ 71
    ADAM ............................ 73
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ............................ 76
15. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ............................ 79
    റേഡിയോ 4 യൂ ............................ 84
    ബയോമൗണ്ടൻ ............................ 88
    ഇൻഫാം ............................ 93
16. ധ്യാനകേന്ദ്രങ്ങളിലൂടെ ............................ 97
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............................ 95
18. Engagements - August (Archbishop Mar Joseph Pamplany) ............................ 97
19. Engagements - August (Archbishop Mar George Njaralakkatt) ............................ 98

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 509/2026, Circular No. 14/2026

## ബഹു. വൈദികരുടെ വാർഷികധ്യാനം

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷ നിർവഹിക്കുന്ന ബഹു. വൈദികരുടെ വാർഷികധ്യാനം രണ്ട് ബാച്ചുകളിലായി 2026 ആഗസ്റ്റ് 9 മുതൽ 14 വരെയും സെപ്റ്റംബർ 20 മുതൽ 25 വരെയും പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽവച്ച് നടക്കുകയാണ്. പാലക്കാട് രൂപതാംഗമായ ബഹു. മാത്യു ഇല്ലത്തുപറമ്പിലച്ചനാണ് ധ്യാനം നയിക്കുന്നത്. തങ്ങൾക്ക് ലഭിച്ച ദൈവവിളിയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാനും ഊർജ്ജസ്വലവും വിശുദ്ധവുമായ അജപാലന ശുശ്രൂഷയ്ക്കുള്ള ദൈവകൃപ സ്വന്തമാക്കുവാനും തങ്ങൾക്കു ഭരമേല്പ്പിക്കപ്പെട്ട ദൈവജനത്തിനുവേണ്ടി പ്രാർത്ഥിക്കാനും തിരക്കുകളിൽനിന്ന് മാറി ബഹു. വൈദികർ ശാന്തമായി ദൈവസന്നിധിയിലായിരിക്കുന്ന അവസരമാണ് വാർഷികധ്യാനത്തിന്റെ ദിനങ്ങൾ. വൈദികരുടെ ആത്മീയ ജീവിതത്തിൽ നിർണായകമാകുന്ന വാർഷികധ്യാന ദിനങ്ങളിൽ ദൈവജനം തങ്ങളുടെ ഇടയന്മാർക്കുവേണ്ടി തീക്ഷ്ണതയോടെ പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കട്ടെ.

വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ തന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ ഓർമ്മയ്ക്കായി രചിച്ച 'ദാനവും രഹസ്യവും' എന്ന ഗ്രന്ഥത്തിൽ പൗരോഹിത്യ ദൈവവിളിയുടെ ശ്രേഷ്ഠതയെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. 'പൗരോ

ഹിത്യ വിളി ഒരു രഹസ്യമാണ്. ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള അത്ഭുതകരമായ ബന്ധത്തിന്റെ രഹസ്യം. ഒരു മനുഷ്യൻ തന്റെ മനുഷ്യത്വത്തെ ക്രിസ്തുവിനു സമർപ്പിക്കുന്നു. മറ്റൊരു ക്രിസ്തു എന്നതുപോലെ അവനെ മാറ്റിക്കൊണ്ട് രക്ഷയുടെ ഉപകരണമായി ക്രിസ്തു അവനെ ഉപയോഗിക്കേണ്ടതിനാണിത്.' അനുദിനം ക്രിസ്തുവിന്റെ പ്രതിപുരുഷനായി ക്രിസ്തു കുരിശിൽ അർപ്പിച്ച അതേ രക്ഷാകര ബലി വീണ്ടും സന്നിഹിതമാക്കുവാൻ സാധിക്കുക എന്നതിനെക്കാൾ മഹത്തായ മറ്റൊരു സാക്ഷാത്ക്കാരം ഒരു മനുഷ്യന് ഈ ലോകത്തിലുണ്ടോ എന്നാണ് വിശുദ്ധനായ പാപ്പാ ചോദിക്കുന്നത്. ക്രിസ്തുവുമായി അഭേദ്യമായ ബന്ധത്തിൽ നിർവ്വഹിക്കപ്പെടേണ്ട പൗരോഹിത്യ ശുശ്രൂഷയിലേക്ക് വിളി ലഭിച്ചവർ നിരന്തരം ഈ വിളിയുടെ മാഹാത്മ്യത്തെക്കുറിച്ച് ചിന്തിക്കേണ്ടതായിട്ടുണ്ട്. ദൈവസിധിയിൽ തങ്ങളുടെ ദൈവവിളിയുടെ മഹത്വം വൈദികർ വീണ്ടും തിരിച്ചറിയുന്ന അവസരമാണ് വാർഷികധ്യാന ദിനങ്ങൾ.

സുവിശേഷമൂല്യങ്ങൾ ജീവിക്കാൻ കഴിയുന്ന സത്യങ്ങളാണെന്ന് സ്വജീവിതംകൊണ്ട് ഈ കാലഘട്ടത്തിലെ മനുഷ്യർക്ക് കാണിച്ചുകൊടുക്കുകയെന്ന ദൗത്യമാണ് പുരോഹിതനുള്ളത്. ലോകം ശാസ്ത്ര സാങ്കേതീക രംഗത്തെ അത്ഭുതകരമായ പുരോഗതിയുടെയും വളർച്ചയുടെയും ഉച്ചസ്ഥായിയിൽ നില്ക്കുമ്പോൾ ദൈവത്തെക്കൂടാതെ ജീവിക്കുവാനുള്ള പ്രലോഭനത്തിന് മനുഷ്യർ എളുപ്പത്തിൽ കീഴടങ്ങുന്നുണ്ട്. 'മനുഷ്യത്വത്തിന്റെ മഹത്വം' എന്ന പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപ്പാപ്പയുടെ ചാക്രിക ലേഖനത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ജീവിതത്തിന്റെ സർവ്വ മേഖലകളിലേക്കും പടർന്നുകയറുന്നതുകണ്ട് അത്ഭുതത്തോടെ നില്ക്കുന്ന ആധുനിക മനുഷ്യനോട് ദൈവത്തെക്കൂടാതെയുള്ള വളർച്ച നാശത്തിന്റെ വഴിയാണെന്ന് വ്യക്തമാക്കുന്നുണ്ട്. വിശുദ്ധിയുള്ള പുരോഹിതർക്കേ ഈ കാലഘട്ടത്തിൽ മനുഷ്യനെ ദൈവത്തിലേക്ക് നയിക്കാനാവൂ. തായ്തണ്ടിനോട് ചേർന്നുനില്ക്കുന്ന ശാഖയ്ക്കേ ഫലം പുറപ്പെടുവിക്കുവാൻ കഴിയൂ (യോഹ. 14:5) എന്ന തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ ഈശോമിശിഹായോടുള്ള ആഴമായ ബന്ധത്തിൽനിന്ന് ഇരുളുപരക്കുന്ന ലോകത്തിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പ്രകാശം ചൊരിയാൻ ബഹു. വൈദികർ ആത്മാർത്ഥമായി പരിശ്രമിക്കുന്ന അവസരമാണ് വാർഷികധ്യാന ദിനങ്ങൾ.

പൗലോസ് അപ്പസ്തോലൻ തന്റെ ശുശ്രൂഷ സ്വീകരിക്കുന്ന ജനത്തോട് പ്രാർത്ഥന ആവശ്യപ്പെടുന്നത് റോമാ ലേഖനത്തിൽ നാം വായിക്കുന്നുണ്ട്. "എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടൊപ്പം നിങ്ങളും ഉത്സുകരായിരിക്കണം (റോമ 15,30). എന്റെ സഹോദരരെ ഈ ബലി എന്റെ കരങ്ങളിലൂടെ പൂർത്തിയാക്കുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ എന്ന് വി. കുർബാനയിൽ പുരോഹതൻ ദൈവജനത്തിന്റെ പ്രാർത്ഥന ആവശ്യപ്പെടുന്നത് ബലിയർപ്പണത്തിന്റെ പൂർത്തീകരണത്തിനു മാത്രമല്ല തന്റെ പൗരോഹിത്യ ജീവിതമാകുന്ന ബലിയർപ്പണം പൂർത്തിയാക്കുവാനുള്ള പ്രാർത്ഥനായാചനകൂടിയാണ്. വൈദികരോടുള്ള സ്നേഹവും ബഹുമാനവും അവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് പ്രകടിപ്പിക്കാം. ദൈവജനത്തിന്റെ പ്രാർത്ഥന പുരോഹിതനെ അഭിഷേകംകൊണ്ട് നിറയ്ക്കും. കർത്താവിന്റെ പരിശുദ്ധമായ ശരീരത്തെ ദിവസംതോറും എടുക്കുന്ന അവരുടെ അഭിഷിക്ത കരങ്ങളെ നിർമ്മലമായി കാത്തുകൊള്ളണമേ എന്ന പ്രാർത്ഥന അനുസ്മരിച്ചുകൊണ്ട് ധ്യാനദിവസങ്ങളിൽ ബഹു. വൈദികർക്കുവേണ്ടി തീക്ഷ്ണമായി നിങ്ങൾ പ്രാർത്ഥിക്കുമല്ലോ.

തലശ്ശേരി അതിരൂപത പ്ലാറ്റിനം ജൂബിലിയിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുകയാണ്. കഴിഞ്ഞ ഏഴര പതിറ്റാണ്ടുകളിലൂടെ അത്ഭുതകരമായ വളർച്ചയാണ് ഈശോ നമ്മുടെ അതിരൂപതയ്ക്കു നല്കിയത്. ദൈവജനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച അനേകം വൈദികരെ നമ്മുടെ അതിരൂപതയ്ക്കു ലഭിച്ചു. ജനത്തിന്റെ ദുഃഖം സ്വന്തം ദുഃഖമായി കരുതി അവരോടൊപ്പം നടന്ന വിശുദ്ധരായ വൈദികരാണ് നമ്മുടെ അതിരൂപതയുടെ സമ്പത്തും ശക്തിയും. ദൈവജനവും വൈദികരും തമ്മിലുള്ള ആഴമായ ഹൃദയബന്ധം നമ്മുടെ ഇടവകകളെ വളർച്ചയിലേക്കു നയിച്ചു. പൗരോഹിത്യത്തെ ഇകഴ്ത്തിക്കാണിക്കുന്ന പ്രവണത സാമൂഹിക മാധ്യമങ്ങളിൽ ശക്തമായ ഈ കാലത്തും സഭയോടും വൈദികരോടും ചേർന്നു നില്ക്കുന്ന ദൈവജനത്തെ നല്കി ദൈവം നമ്മുടെ അതിരൂപതയെ അനുഗ്രഹിച്ചു. ഈശോയ്ക്കുവേണ്ടി ജീവിതം മാറ്റിവച്ച 389 വൈദികർ നമ്മുടെ അതിരൂപതയിലുണ്ട്. ധാരാളം ദൈവവിളികൾ നല്കി ഓരോ വർഷവും ഈശോ നമ്മുടെ അതിരൂപതയെ അനുഗ്രഹിക്കുന്നുണ്ട്. ഈ വർഷവും നമ്മുടെ മൈനർ സെമിനാരിയിൽ 33 മിടുക്കരായ കുട്ടികൾ വൈദിക പരിശീലനം ആരംഭിച്ചു. ഡിസംബർ – ജനുവരി മാസങ്ങളിലായി 15 ഡീക്കന്മാർ തിരുപ്പട്ടം സ്വീകരിച്ച് പൗരോഹിത്യ ശുശ്രൂഷ ആരംഭിക്കും. വൈദിക വിദ്യാർത്ഥികളുടെ

പരിശീലനത്തിനും ബഹു. വൈദികരുടെ ക്ഷേമത്തിനുമായി രൂപീകരിച്ച വിയാനി നിധിയിൽ ധാരാളം ആളുകൾ ഉപകാരികളായി സഹകരിക്കുുണ്ട്. നിങ്ങളുടെ സന്മനസ്സിന് ദൈവം പ്രതിഫലം നല്കും. പുരോഹിതന്റെ വിശുദ്ധീകരണം ദൈവജനത്തിന്റെ വിശുദ്ധീകരണത്തിന് കാരണമാകും. നിത്യപുരോഹിതനായ ഈശോയെ അങ്ങേ ദാസന്മാരായ വൈദികരെ അനുഗ്രഹിക്കണമേ എന്ന പ്രാർത്ഥന ബഹു. വൈദികരുടെ വാർഷിക ധ്യാനദിനങ്ങളിൽ നിങ്ങളുടെ അധരങ്ങളിൽ ഉണ്ടായിരിക്കട്ടെ. **നിങ്ങൾ ഓരോരുത്തരെയും പിതാവിന്റെയും ✝പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവദിക്കുന്നു.**

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ജൂലൈ 28 ന് വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 ആഗസ്റ്റ് 02-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

## ബഹു. വൈദികരുടെ വാർഷിക ധ്യാനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

1. അതിരൂപതയിൽ സേവനംചെയ്യുന്ന എല്ലാ വൈദികരും വാർഷികധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഏതെങ്കിലും ഗൗരവതരമായ കാരണത്താൽ ധ്യാനത്തിൽ പങ്കെടുക്കുവാൻ പറ്റുന്നില്ലെങ്കിൽ അഭിവന്ദ്യ പിതാവിൽനിന്നും നേരിട്ട് അനുവാദം വാങ്ങേണ്ടതാണ്.
2. രണ്ട് ബാച്ചുകളിലും ധ്യാനം ഞായറാഴ്ച വൈകിട്ട് 7 മണിക്ക് ജപമാലയോടെ ആരംഭിച്ച് വെള്ളിയാഴ്ച ഉച്ചഭക്ഷണത്തോടെയാണ് അവസാനിക്കുന്നത്.
3. ബഹു. വൈദികർ തങ്ങളുടെ കൈവശമുള്ള കുമ്പസാര പത്തേന്തികൾ ധ്യാനത്തിനു വരുമ്പോൾ കൊണ്ടുവന്ന് പുതുക്കേണ്ടതാണ്.
4. ബഹു. വികാരിയച്ചൻ ധ്യാനത്തിലായിരിക്കുന്ന ദിവസങ്ങളിൽ ഇടവകയുടെ അടിയന്തര അജപാലന കാര്യങ്ങൾക്ക് അടുത്ത പ്രദേശത്തുള്ള ബഹു. വൈദികരെ ചുമതലപ്പെടുത്തുകയും പ്രസ്തുത വിവരം പള്ളിയിൽ അറിയിക്കുകയും ചെയ്യണം.
5. ധ്യാനത്തിനു വരുമ്പോൾ കൊത്തീന, സൂനാറ, ഊറാറ, കുർബ്ബാന കണക്ക് ബുക്ക്, കുമ്പസാര പത്തേന്തി, ബൈബിൾ, ഒരു ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവന്നുപയോഗിക്കേണ്ടതാണ്.
6. ധ്യാനത്തിനു വരുമ്പോൾ ബഹു. വൈദികർ പി.പി.എഫിൽ അടയ്ക്കാനുള്ള വ്യക്തിവിഹിതവും ഇടവകാ വിഹിതവും കൊണ്ടുവരേണ്ടതാണ്.
7. മറ്റ് ധ്യാനകേന്ദ്രങ്ങളിൽ ധ്യാനിച്ചവരും ഈ ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**മോൺ. ആന്റണി മുതുകുന്നേൽ**
*പ്രോട്ടോ സിഞ്ചെല്ലൂസ്*

No: 4228/K-5/KCBC/OL/DS 11.07.2026

# തടവറ പ്രേഷിത ഞായർ
# 9 ഓഗസ്റ്റ് 2026

*രോദനം കേൾക്കുക, മുറിവ് ഉണക്കുക, പ്രത്യാശ പുനരുജ്ജീവിപ്പിക്കുക*

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും. തടവറ പ്രേഷിത ഞായറാഴ്ചയായി ആചരിക്കുന്ന ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച, അഴികൾക്കു പിന്നിൽ കഴിയുന്ന നമ്മുടെ സഹോദരീസഹോദരന്മാരിലേക്ക് നമ്മുടെ ഹൃദയങ്ങൾ തിരിക്കാൻ സഭ നമ്മെ ക്ഷണിക്കുന്നു. നമ്മൾ കരുതുന്നതുപോലെ തടവറയിൽ കഴിയുന്നവരെല്ലാവരും കൊടുംകുറ്റവാളികളല്ല. ഒരു ദുർബലനിമിഷത്തിൽ തെറ്റിൽ അകപ്പെട്ടുപോയവർ ഇവിടെയുണ്ട്. സാമ്പത്തിക തകർച്ചമൂലം ജയിലറകളിലേക്ക് എത്തപ്പെട്ടവരുണ്ട്. ആസൂത്രിതമായ ദുരാരോപണങ്ങൾ നിമിത്തം തടവറകളിലേക്ക് എറിയപ്പെട്ട, തികച്ചും നിഷ്കളങ്കരായ, തീർത്തും നിസ്സഹായരായ നിരപരാധികളും തടവറയിലുണ്ട്. "തടവുകാരുടെ ഞരക്കം കേൾക്കാനും മരണത്തിനു വിധിക്കപ്പെട്ടവരെ സ്വതന്ത്രരാക്കാനുംവേണ്ടി" എന്ന സങ്കീർത്തകന്റെ വാക്കുകളിൽനിന്നു (102:20) പ്രചോദനം ഉൾക്കൊണ്ട്, ഈ വർഷത്തെ പ്രമേയത്തെക്കുറിച്ചു നമുക്കു വിചിന്തനം ചെയ്യാം: രോദനം കേൾക്കുവിൻ, മുറിവ് ഉണക്കുവിൻ, പ്രത്യാശ പുനരുജ്ജീപ്പിക്കുവിൻ. ഈ വിഷയം വെറുമൊരു മുദ്രാവാക്യമല്ല; മറിച്ച് സുവിശേഷ കല്പനയാണ്. "ബന്ധിതർക്കു മോചനവും" (ലൂക്കാ 4:18) ഹൃദയം തകർന്നവർക്ക് സൗഖ്യവുമേകുവാൻ വന്ന യേശുവിന്റെ ദൗത്യത്തെ അത് പ്രതിധ്വനിപ്പിക്കുന്നു.

**രോദനം കേൾക്കുക**

തടവറ മതിലുകൾക്കും പൂട്ടിയ കവാടങ്ങൾക്കും ഇരുമ്പഴികൾക്കും പിന്നിലുള്ളത് മനുഷ്യരാണ്; പലപ്പോഴും അവരുടെ രോദനം കേൾക്കപ്പെടാതെ പോകുന്നു. പല തടവുകാരും അവരുടെ മുൻകാല പ്രവർത്തനങ്ങളെക്കുറിച്ചുള്ള കുറ്റബോധത്തോടെയും തകർന്ന ബന്ധങ്ങളുടെ വേദനാജനകമായ ഓർമ്മകളോടെയും കഴിയുന്നു. ചിലർ സ്വന്തം വീട്ടുകാരാലും സുഹൃത്തുക്കളാലും ഉപേക്ഷിക്കപ്പെട്ടവരാണ്.

മറ്റുള്ളവർ വിഷാദം, ഉത്കണ്ഠ, മാനസികാഘാതം, ആസക്തി അല്ലെങ്കിൽ മാനസികരോഗങ്ങൾ എന്നിവയുമായി പോരാടുന്നു. ഒറ്റപ്പെടലിന്റെ വേദനയും സമൂഹം മറന്നുവെന്ന തോന്നലും പലരെയും വേട്ടയാടുന്നു. അതിനാൽ തടവുപുള്ളിയുടെ രോദനം മോചനത്തിനായുള്ള ഒരു അപേക്ഷയേക്കാൾ വളരെ ശക്തമാണ്. "ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുത്തുവന്നു" (മത്താ 25:36) എന്നു പറയുമ്പോൾ യേശു തടവുകാരുമായി താദാത്മ്യം പ്രാപിക്കുകയാണ്. തടവുകാരുടെ നിലവിളി നാം കേൾക്കുമ്പോൾ, ക്രിസ്തുവിന്റെതന്നെ നിലവിളിയാണു നാം കേൾക്കുന്നത്. നമ്മുടെ ദൈവം ശ്രവിക്കുന്ന ദൈവമാണ്. വിസ്മരിക്കപ്പെട്ടവരുടെയും തിരസ്കരിക്കപ്പെട്ടവരുടെയും തടവിലാക്കപ്പെട്ടവരുടെയും നിലവിളികൾക്ക് അവൻ ചെവികൊടുക്കുന്നു. ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ സഭയും അതുതന്നെ ചെയ്യണം.

### ശ്രവണ ശുശ്രൂഷ

വിമോചനം പലപ്പോഴും ശ്രവണത്തിലൂടെ ആരംഭിക്കുന്നു. തടവുകാരെ ഒരിക്കലും അവരുടെ കുറ്റകൃത്യങ്ങളിലൂടെ മാത്രം ചുരുക്കികാണരുതെന്നും എന്നാൽ ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും നവീകരിക്കാൻ കഴിവുള്ളവരുമായി എപ്പോഴും അംഗീകരിക്കപ്പെടണമെന്നും ഫ്രാൻസിസ് പാപ്പാ നമ്മെ ആവർത്തിച്ച് ഓർമ്മിപ്പിക്കുകയുണ്ടായി. അതിനാൽ, അനുകമ്പയോടെ ശ്രവിക്കുക എന്നത് ഒരു വിശുദ്ധ ശുശ്രൂഷയാണ്. ശ്രദ്ധയോടെ കേൾക്കുന്നതിലൂടെ, തടവുകാരെ അവരുടെ മാഹാത്മ്യവും മാനവികതയും പ്രത്യാശയും വീണ്ടും കണ്ടെത്താൻ നാം സഹായിക്കുന്നു.

### മുറിവ് ഉണക്കുക

ഓരോ തടവുപുള്ളിയും മുറിവുകൾ വഹിക്കുന്നവരാണ്. തടവറകളിലുള്ള സഭയുടെ സാന്നിദ്ധ്യം അടിസ്ഥാനപരമായി ഒരു സൗഖ്യശുശ്രൂഷയാണ്. സമർപ്പിത സഹോദരിമാരും വൈദികരും സന്നദ്ധ പ്രവർത്തകരും കൗൺസിലർമാരും തടവറ പ്രേഷിതരും അഴികൾക്കു പിന്നിലുള്ളവർക്കുവേണ്ടി ക്രിസ്തുവിന്റെ സൗഖ്യദായക ശുശ്രൂഷ തുടരുന്നു. പലപ്പോഴും രോഗശാന്തി ആരംഭിക്കുന്നത് ലളിതമായ ഭാവപ്രകടനങ്ങളിലൂടെയാണ്: ശ്രവിക്കാനുള്ള സന്നദ്ധത, പ്രാർഥന, സന്ദർശനം, ഒരു കത്ത്, ഒരു പ്രോത്സാഹനവാക്ക് അല്ലെങ്കിൽ ദയയുടെ ഒരു പ്രവൃത്തി തുടങ്ങിയവയിലൂടെ ദൈവം തന്റെ രോഗശാന്തി ശുശ്രൂഷ തുടരുന്നു.

**സഹാനുഭൂതി (empathy): തടവറ ശുശ്രൂഷയുടെ കാതൽ**

സഹാനുഭൂതി എന്നത് മറ്റൊരു വ്യക്തിയുടെ സഹനത്തിലേക്കു പ്രവേശിക്കാനുള്ള കഴിവാണ്. യേശു തന്റെ ശുശ്രൂഷയിലുടനീളം അഗാധമായ സഹാനുഭൂതി പ്രകടിപ്പിച്ചു. അവിടുന്നു കുഷ്ഠരോഗികളെ സ്പർശിച്ചു, പാപികൾക്കു മാപ്പുകൊടുത്തു കുരിശിലെ സഹന വേളയിലും, അനുതപിച്ച കള്ളനോട് അവിടന്നു കരുണയുടെ വാക്കുകൾ അരുൾചെയ്തു: ഇത് ഓരോ തടവറ ശുശ്രൂഷിക്കും പ്രചോദനമാകണം. മുൻവിധികളില്ലാതെ ശ്രവിക്കാനും, മുറിവുകൾ മനസ്സിലാക്കാനും, അനുരഞ്ജനവും ബന്ധങ്ങളുടെ പുനഃസ്ഥാപനവും പ്രോത്സാഹിപ്പിക്കാനും സഹാനുഭൂതി നമ്മെ പ്രാപ്തരാക്കുന്നു. സഹാനുഭൂതിയിലൂടെ, സന്നദ്ധപ്രവർത്തകർ ക്രിസ്തുവിന്റെ അനുകമ്പാർദ്ര സ്നേഹത്തിന്റെ സജീവ അടയാളങ്ങളായി മാറുന്നു.

**പ്രത്യാശ പുനരുജ്ജീവിപ്പിക്കുക**

ഒരുപക്ഷേ തടവറയിലെ മതിലുകൾക്കുള്ളിൽ സംഭവിക്കുന്ന ഏറ്റവും വലിയ ദുരന്തം പ്രത്യാശ നഷ്ടപ്പെടുക എന്നതാണ്. പ്രത്യാശയില്ലെങ്കിൽ പുനരധിവാസം ദുഷ്കരമാകും. പ്രത്യാശ ഇല്ലാതാകുമ്പോൾ മാനസാന്തരം സാധ്യമാണെന്ന ആളുകളുടെ വിശ്വാസവും ഇല്ലാതാകും. എന്നാൽ, സുവിശേഷം അടിസ്ഥാനപരമായി പ്രത്യാശയുടെ സന്ദേശമാണ്. തന്റെ ശുശ്രൂഷയിലുടനീളം, സമൂഹം തിരസ്കരിച്ചവരിൽ യേശു പ്രത്യാശ പുനരുദ്ധരിച്ചു. പ്രത്യാശ പുനരുജ്ജീവിപ്പിക്കുക എന്നാൽ തടവുകാരെ സമൂഹത്തിലേക്കു വീണ്ടും സംയോജിപ്പിക്കാൻ സഹായിക്കുകയെന്നതാണ്; അവരുടെ കുടുംബത്തെ പിന്തുണയ്ക്കുക എന്നതാണ്. തടവുകാരുടെ കുട്ടികൾ അവരുടേതല്ലാത്ത കാരണത്താൽ കഷ്ടപ്പെടാൻ ഇടയാകരുത്.

**വധശിക്ഷ നിർത്തലാക്കൽ**

കത്തോലിക്കാ സഭ ഓരോ മനുഷ്യജീവന്റെയും പവിത്രമായ മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്നു. അതിനാൽ സഭ വധശിക്ഷയെ എതിർക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ഇങ്ങനെ പഠിപ്പിക്കുന്നു: വധശിക്ഷ വ്യക്തിയുടെ അലംഘനീയതയ്ക്കും മാഹാത്മ്യത്തിനുമെതിരായ ആക്രമണമാണ്; ലോകമെമ്പാടും അത് നിർത്തലാക്കുന്നതിന് സഭ ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുന്നു (CCC 2267). ഈ പ്രബോധനം കുറ്റകൃത്യത്തിന്റെ ഗൗരവത്തെയോ നീതിയുടെ ആവശ്യകതയെയോ നിഷേധിക്കുന്നില്ല. പകരം, ഒരു വ്യക്തിക്കും തനിക്കു ദൈവം നല്കിയ മാഹാത്മ്യം നഷ്ടപ്പെടു

ന്നില്ലെന്ന് ഉറപ്പിച്ചുപറയുന്നു. വിശുദ്ധ പൗലോസ് പീഡകനിൽനിന്ന് അപ്പസ്തോലനായി രൂപാന്തരപ്പെട്ടു. ധൂർത്തപുത്രൻ വീട്ടിലേക്കു സ്വാഗതം ചെയ്യപ്പെട്ടു. നല്ല കള്ളൻ പറുദീസയിൽ പ്രവേശിച്ചു. ദൈവം ഒരിക്കലും പാപിയെ കൈവിടുന്നില്ല. മാനസാന്തരത്തിനുള്ള സാധ്യത ആർക്കും നിഷേധിക്കപ്പെടരുത്.

**മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ അനുഗമനം ചെയ്യുന്നത്**

ഐക്യരാഷ്ട്ര സഭയുടെ ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈം നല്കുന്ന കണക്കനുസരിച്ച്, ലോകമെമ്പാടും ഏകദേശം 11.5 ദശലക്ഷം തടവുകാരുണ്ട്. 23 ദശലക്ഷത്തിലധികം കുട്ടികളാണ് മാതാപിതാക്കൾ തടവറയിൽ ആയിരിക്കുന്നതിനാൽ കഷ്ടതയിലായിരിക്കുന്നത്. ആംനസ്റ്റി ഇന്റർനാഷണൽ റിപ്പോർട്ട് അനുസരിച്ച് 2025-ന്റെ അവസാന ത്തോടെ 113 രാജ്യങ്ങൾ വധശിക്ഷ പൂർണമായും നിർത്തലാക്കി. അതേസമയം, ലോകമെമ്പാടും 25,508 പേരെങ്കിലും വധശിക്ഷ കാത്തിരിക്കുകയുമാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ, പ്രാർഥന, ആത്മീയ പരിചരണം, കൗദാശിക ശുശ്രൂഷ, നിയമസഹായം എന്നിവ യിലൂടെ ഈ സഹോദരീസഹോദരന്മാരെ അനുധാവനം ചെയ്യാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

**നമ്മുടെ രൂപതയോടുള്ള ആഹ്വാനം**

തടവറ ശുശ്രൂഷയുടെ ദൗത്യത്തിൽ സജീവമായി പങ്കുചേരാൻ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളെയും, സന്യാസസമൂഹ ങ്ങളെയും, സ്ഥാപനങ്ങളെയും, ഭക്തസംഘടനകളെയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. തടവുകാർക്കും അവരുടെ കുടുംബ ങ്ങൾക്കുംവേണ്ടി നമുക്ക് പ്രാർഥിക്കാം. തടവറ ശുശ്രൂഷയിലെ എല്ലാ സന്നദ്ധപ്രവർത്തകരെയും നമുക്ക് പിന്തുണയ്ക്കാം. പുനരധിവാസവും നീതി പുനഃസ്ഥാപന പരിപാടികളും നമുക്ക് പ്രോത്സാഹിപ്പിക്കാം. പുതിയ തുടക്കം ആഗ്രഹിക്കുന്ന തടവുകാരെ നമുക്ക് സ്വാഗതം ചെയ്യാം. കാരുണ്യത്തിന്റെ സംസ്കാരം നമുക്ക് പ്രോത്സാഹിപ്പിക്കാം. വിസ്മൃതിയിലായവരെ ശ്രവിക്കുന്ന, മുറിവേറ്റവരെ സുഖപ്പെടുത്തുന്ന, നിരാശരായവർക്കു പ്രത്യാശ നല്കുന്ന ഒരു സഭയായി നമുക്ക് മാറാം.

**നന്ദിയും ആശീർവാദവും**

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ഓരോ ജയിൽ നമ്പറിനു പിന്നിലും ഒരു മനുഷ്യ മുഖമുണ്ട്. ഓരോ ശിക്ഷാവിധിക്കു പിന്നിലും ഒരു കഥയുണ്ട്. ഓരോ ജയിൽ മതിലിനു പിന്നിലും കേൾക്കപ്പെടാനും സുഖപ്പെടുത്തപ്പെടാനും നവീകരിക്കപ്പെടാനും കൊതിക്കുന്ന ഒരു

ഹൃദയമുണ്ട്. ഈ തടവറ പ്രേഷിത ഞായറാഴ്ച (Prison Ministry Sunday), ക്രിസ്തുവിന്റെ കരുണാർദ്രമായ ഹൃദയം നമ്മിൽ നവീകരിക്കപ്പെടട്ടെ. തടവുപുള്ളിയുടെ നിലവിളി നമുക്ക് കേൾക്കാം. തകർന്ന ജീവിതത്തിന്റെ മുറിവുണക്കാൻ നമുക്ക് സഹായിക്കാം. തടവറ പ്രേഷിത ശുശ്രൂഷയുടെ മധ്യസ്ഥരായ വിശുദ്ധ മാക്സിമില്യൻ കോൾബെയും ധന്യനായ വാൻ തുവനും ഈ ശുശ്രൂഷയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാവർക്കുംവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ. കരുണയുടെ മാതാവായ പരിശുദ്ധ കന്യകമറിയം എല്ലാ തടവുകാരെയും അവരുടെ കുടുംബങ്ങളെയും ജയിൽ ജീവനക്കാരെയും സന്നദ്ധപ്രവർത്തകരെയും അനുഗമനം ചെയ്യട്ടെ.

പ്രാർഥനയിലൂടെയും സേവനത്തിലൂടെയും ഉദാരമനസ്കതയിലൂടെയും തടവറ പ്രേഷിത ശുശ്രൂഷയെ പിന്തുണയ്ക്കുന്ന എല്ലാ രൂപതകളോടും സമർപ്പിതസമൂഹങ്ങളോടും അഭ്യുദയകാംക്ഷികളോടും വിശ്വാസികളോടും എന്റെ സഹോദരമെത്രാന്മാർക്കൊപ്പം ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. യേശു സാഹോദര്യകൂട്ടായ്മയുടെ അർപ്പണബോധമുള്ള സന്നദ്ധപ്രവർത്തകരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

പ്രാർഥനാപൂർവകമായ ആശീർവാദങ്ങളോടെ, ബന്ധിതരെ മോചിപ്പിക്കുന്ന ക്രിസ്തുവിൽ,

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുളിക്കൽ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

---

NB: 2026 ആഗസ്റ്റ് 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# കച്ചേരിക്കാര്യം
## ഓഗസ്റ്റ് 2026

**1. ആഗസ്റ്റ് 4 വിയാനി ഡേ**

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിന്റെ മംഗളങ്ങൾ വൈദിക സഹോദരങ്ങൾക്ക് ആശംസിക്കുന്നു. ആഗസ്റ്റ് 4 ന് ദൈവാലയങ്ങളിൽ വിയാനി പുണ്യാളനെക്കുറിച്ച് അനുസ്മരണം നടത്തുകയും വിശുദ്ധന്റെ മാധ്യസ്ഥം തേടി വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുമല്ലോ.

**2. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മവാർഷികം**

തലശ്ശേരി അതിരൂപതയുടെ പ്രഥമ അധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 115-ാം ജന്മദിനമാണ് ആഗസ്റ്റ് 4 ന്. അന്നേ ദിവസം വന്ദ്യപിതാവിനെ പ്രത്യേകം നമുക്ക് അനുസ്മരിക്കാം.

**3. അഭിനന്ദനങ്ങൾ**

**1. റവ. ഫാ. ജോസഫ് കോയിപ്പുറം (എഡ്വിൻ) -** കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ജേർണലിസത്തിൽ A ഗ്രേഡോടെ എം.എ. പഠനം പൂർത്തിയാക്കിയ ബഹു. എഡ്വിൻ കോയിപ്പുറം അച്ചന് അഭിനന്ദങ്ങളും ആശംസകളും നേരുന്നു.

**2. റവ. ഫാ. മാത്യു വെട്ടുവയലിൽ -** തൃശൂർ ചേതന മ്യൂസിക് കോളേജിൽ നിന്ന് പിയാനോയിൽ (ലണ്ടൻ ട്രിനിറ്റി കോളേജ് ഓഫ് മ്യൂസിക്) $8^{th}$ ഗ്രേഡ് പൂർത്തിയാക്കിയ ബഹു. മാത്യു വെട്ടുവയലിൽ അച്ചന് അനുമോദനങ്ങളും ആശംസകളും നേരുന്നു.

**4. P.P.F അംഗങ്ങൾളുടെ ശ്രദ്ധയ്ക്ക്**

തലശ്ശേരി അതിരൂപത വൈദിക കൂട്ടായ്മയിൽനിന്ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. തോമസ് പതിക്കലച്ചന്റെ ആത്മശാന്തിക്കായി ഒരു വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

**5. പാസ്റ്ററൽ കൗൺസിൽ യോഗം**

തലശ്ശേരി അതിരൂപതയുടെ 20-ാമത് പാസ്റ്ററൽ കൗൺസിൽ പ്രഥമയോഗം ആഗസ്റ്റ് 29 ശനിയാഴ്ച ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1:30 വരെ നടക്കുന്നതാണ്. പുതിയതായി രൂപപ്പെടുത്തിയ പാസ്റ്ററൽ കൗൺസിലിൽ മുഴുവൻ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**6. ബഹു. വൈദികരുടെ കുടുംബാംഗങ്ങളുടെ സംഗമം**

തലശ്ശേരി അതിരൂപതാംഗങ്ങളായ ബഹു. വൈദികരുടെ കുടുംബാംഗങ്ങളുടെ സംഗമം 2026 സെപ്റ്റംബർ 26 ശനിയാഴ്ച ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിൽ വച്ച് സംഘടിപ്പിക്കുകയാണ്. രാവിലെ 10 മണിക്ക് വി. കുർബാനയോടെ ആരംഭിക്കുന്ന സംഗമം ഉച്ചകഴിഞ്ഞ് 3.30 നാണ് അവസാനിക്കുന്നത്. കൂടുതൽ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**7. ബഹു. വൈദികരുടെ വാർഷിക ധ്യാനം**

തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ വാർഷികധ്യാനം രണ്ട് ബാച്ചുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. 2026 ആഗസ്റ്റ് 9 ന് ഞായറാഴ്ച രാത്രി 7 മണി മുതൽ 14 ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1 മണി വരെ ഒന്നാം ബാച്ചിന്റെയും സെപ്റ്റംബർ 20 ഞായറാഴ്ച രാത്രി 7 മണി മുതൽ 25 ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1 മണി വരെ രണ്ടാമത്തെ ബാച്ചിന്റെയും ധ്യാനം നടക്കും. പരിയാരം മദർ ഹോമിൽ വച്ചാണ് രണ്ട് ബാച്ചിന്റെയും ധ്യാനങ്ങൾ നടക്കുന്നത്. പാലക്കാട് രൂപതാംഗമായ ബഹു. മാത്യു ഇല്ലത്തുപറമ്പിലച്ചനാണ് ധ്യാനം നയിക്കുന്നത്. ഓരോ ബാച്ചിലും ധ്യാനത്തിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ജൂലൈ മാസത്തെ ഗിരിദീപത്തിൽ നല്കിയിട്ടുണ്ട്.

**8. ആദരാഞ്ജലികൾ**

**ശ്രീമതി അന്നക്കുട്ടി കോടിമറ്റം (90):** ബഹു. ജോർജ് കോടിമറ്റം അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി അന്നക്കുട്ടി കോടിമറ്റം 2026 ജൂലൈ 22 ന് നിര്യാതയായി. മൃതസംസ്കാരശുശ്രൂഷകൾ 2026 ജൂലൈ 23 ന് വ്യാഴാഴ്ച അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ കാഞ്ഞങ്ങാട് ഉണ്ണിമിശിഹാ ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോർജ് അച്ചനും കുടുംബാംഗങ്ങൾക്കും തല

ശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**9. സ്നേഹസ്മൃതി**

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. | - 02-08-1992 |
| 2. | റവ. ഫാ. ജോസഫ് മണിയങ്ങാട്ട് | - 02-08-2010 |
| 3. | റവ. ഫാ. ജോസഫ് വീട്ടിയാങ്കൽ | - 02-08-2024 |
| 4. | റവ. ഫാ. ജോസഫ് ഇടക്കര | - 03-08-1973 |
| 5. | റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. | - 06-08-1958 |
| 6. | റവ. ഫാ. ജോസഫ് വലിയകണ്ടം | - 08-08-2022 |
| 7. | റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. | - 08-08-1993 |
| 8. | റവ. ഫാ. ജോസഫ് അറക്കപ്പറമ്പിൽ | - 09-08-2011 |
| 9. | റവ. ഫാ. തോമസ് മാമ്പുഴക്കൽ | - 13-08-1994 |
| 10. | റവ. ഫാ. വർക്കി കുന്നപ്പള്ളി | - 15-08-2012 |
| 11. | റവ. ഫാ. മാത്യു കുടിലിൽ | - 15-08-2024 |
| 12. | റവ. ഫാ. ജോൺ കച്ചിറമറ്റം | - 18-08-2007 |
| 13. | റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം | - 19-08-2007 |
| 14. | റവ. ഫാ. ജോർജ് അരീക്കുന്നേൽ | - 20-08-2025 |
| 15. | റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം | - 22-08-2005 |
| 16. | റവ. ഫാ. ജോസഫ് കോഴികോട്ട് | - 25-08-2010 |
| 17. | റവ. ഫാ. ആന്റണി കുര്യാളശ്ശേരി | - 26-08-2001 |
| 18. | റവ. ഫാ. ജോർജ് വട്ടുകളം | - 28-08-1970 |
| 19. | റവ. ഫാ. സഖറിയാസ് തണ്ണിപ്പാറ | - 30-08-1984 |
| 20. | റവ. ഫാ. പീറ്റർ കൂട്ടിയാനി | - 31-08-2014 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



# അനുസ്മരണം

## റവ. ഫാ. തോമസ് പതിക്കൽ (73)

*"സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്ന് ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും" (യോഹ 6, 51).*

തലശ്ശേരി അതിരൂപതാംഗമായ ബഹു. തോമസ് പതിക്കൽ അച്ചൻ 2026 ജൂലൈ 21 ന് രാവിലെ 6.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കഴിഞ്ഞ ഏതാനും വർഷങ്ങളായി രോഗാവസ്ഥയിലായിരുന്ന അച്ചൻ 2026 മെയ് 9 ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലേക്ക് വിശ്രമത്തിനായി എത്തിയിരുന്നു. കരുവഞ്ചാൽ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയവേയാണ് വിയോഗം സംഭവിച്ചത്. ഈശോയുടെ തിരുമുഖം പതിഞ്ഞ തിരുവോസ്തി ആദ്യമായി കരങ്ങളിലെടുക്കുവാൻ ഭാഗ്യം ലഭിച്ച വിശുദ്ധനായ പുരോഹിതനാണ് നിത്യജീവന്റെ അപ്പമായി തീർന്നവന്റെ പക്കലേക്ക് യാത്രയായത്.

പാലാ രൂപതയിലെ കൊഴുവനാൽ ഇടവകയിൽ പരേതരായ പതിക്കൽ ജോൺ - അന്നമ്മ ദമ്പതികളുടെ മകനായി 1953 ഏപ്രിൽ 16 നാണ് അച്ചൻ ജനിച്ചത്. പരേതയായ എലിസബത്ത്, പരേതനായ സെബാസ്റ്റ്യൻ, പരേതയായ മറിയം, പരേതനായ ജോസഫ്, പരേതയായ അന്നമ്മ, ത്രേസ്യാമ്മ പള്ളിപ്പുറത്ത്, ജോൺ, ആന്റണി എന്നിവരാണ് അച്ചന്റെ സഹോദരങ്ങൾ. തലശ്ശേരി അതിരൂപതയിലെ കിളിയന്തറ ഇടവകയിലാണ് അച്ചന്റെ മാതാപിതാക്കൾ കുടിയേറ്റക്കാരായി എത്തിയത്. കിളിയന്തറയിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1968 ൽ വൈദിക പരിശീലനത്തിനായി തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ പ്രവേശിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് തത്വശാസ്ത്ര പഠനവും ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി 1978 മാർച്ച് 14 ന് കിളിയന്തറ സെന്റ് മേരീസ് ദൈവാലയത്തിൽവച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

പേരാവൂർ സെന്റ് ജോസഫ്സ് ഫൊറോനാ പള്ളിയിൽ അസി. വികാരിയായി 1978 മാർച്ച് 30 ന് ബഹു. പതിക്കലച്ചൻ തന്റെ അജപാലന ശുശ്രൂഷ ആരംഭിച്ചു. കൂരാച്ചുണ്ട്, ചെമ്പന്തൊട്ടി ഇടവകകളിലും അച്ചൻ അസ്തേന്തിയായി സേവനം ചെയ്തിട്ടുണ്ട്. താമരശ്ശേരി രൂപതയിലെ ഊരകം ഇടവകയിൽ വികാരിയായി 1981 മെയ് 5 മുതൽ 1984 മെയ് 12 വരെ ശുശ്രൂഷ ചെയ്തു. തുടർന്ന് കൊട്ടോടി, പൊൻമല, ചെടിക്കുളം, പെരുമ്പുന്ന, മാട്ടറ, വിളക്കന്നൂർ, നെടുംപുറംചാൽ, ഓടംതോട് എന്നീ ഇടവകകളിലും വികാരിയായി സേവനം ചെയ്തു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ക്യാൻസർ രോഗബാധിതനായിരുന്ന അച്ചൻ 2026 മെയ് 09 നാണ് ഓടംതോട് ഇടവകയിൽനിന്ന് തന്റെ അജപാലന ശുശ്രൂഷകൾ പൂർത്തിയാക്കി കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ എത്തിയത്.

തലശ്ശേരി അതിരൂപയുടെ വളർച്ചയിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച ഊർജ്ജസ്വലനായ അജപാലകനായിരുന്നു ബഹു. പതിക്കലച്ചൻ. ചെടിക്കുളത്തെ ദൈവാലയവും വൈദിക മന്ദിരവും അച്ചന്റെ നേതൃത്വത്തിലാണ് നിർമ്മിച്ചത്. പെരുമ്പുന്ന പള്ളിയിൽ വികാരിയായിരുന്നപ്പോഴാണ് ഇപ്പോഴുള്ള പള്ളിയുടെയും സെമിത്തേരിയുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. മാട്ടറയിലെ ദൈവാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കും അച്ചൻ നേതൃത്വം നല്കി. വിളക്കന്നൂർ ഇടവകയിൽ വികാരിയായിരിക്കുമ്പോഴാണ് സ്കൂൾ കെട്ടിടത്തിന്റെ ആദ്യ നിലയുടെ പണി അച്ചൻ പൂർത്തിയാക്കിയത്. വി. ഗ്രന്ഥത്തെക്കുറിച്ച് 'പഞ്ചഗ്രന്ഥത്തിന് ഒരാമുഖം' എന്ന പേരിൽ ഒരു പുസ്തകവും അച്ചൻ രചിച്ചിട്ടുണ്ട്.

കർത്താവിന്റെ തിരുമുഖം പതിഞ്ഞ തിരുവോസ്തി ആദ്യമായി കൈകളിലെടുക്കുവാൻ ഭാഗ്യം ലഭിച്ച പുരോഹിതനായിരുന്നു ബഹു. പതിക്കലച്ചൻ. വിളക്കന്നൂരിൽ അച്ചൻ വികാരിയായി ശുശ്രൂഷ ചെയ്യുമ്പോഴാണ് തിരുവോസ്തിയിൽ തിരുമുഖം തെളിഞ്ഞ ദിവ്യകാരുണ്യ അടയാളം സംഭവിച്ചത്. 2013 നവംബർ 13 ന് അച്ചൻ പ്രഭാതത്തിൽ അർപ്പിച്ച ദിവ്യബലിയിലാണ് തിരുവോസ്തിയിൽ തിരുമുഖം തെളിഞ്ഞ സംഭവം ഉണ്ടായത്. ഓരോ വി. കുർബാനയിലും എടുത്തുയർത്തപ്പെടുന്ന ഓസ്തി നമ്മുടെ കർത്താവിന്റെ ശരീരമാണെന്ന സത്യത്തെ ഈ കാലഘട്ടത്തിലെ മനുഷ്യർക്കുമുമ്പിൽ അടയാളത്തിലൂടെ സ്ഥിരീകരിക്കുവാൻ ഈശോ തെരഞ്ഞെടുത്തത് ബഹു. തോമസ് പതിക്കലച്ചനെയായിരുന്നു. ഈ ലോകത്തിൽ ഏറ്റവും ഭാഗ്യവാന്മാ

രായ വൈദികരിൽ ഒരാളെന്ന് പതിക്കലച്ചനെക്കുറിച്ച് പറയേണ്ടിയിരിക്കുന്നു. അങ്ങേ പരിശുദ്ധമായ ശരീരത്തെ ദിവസംതോറും എടുക്കുന്ന അഭിഷിക്ത കരങ്ങളെ നിർമ്മലമായി കാത്തുകൊള്ളണമേ എന്ന പുരോഹിതർക്കുവേണ്ടിയുള്ള പ്രാർത്ഥന നമ്മുടെ ഹൃദയത്തെ സ്പർശിക്കാറുണ്ട്. പതിക്കലച്ചന്റെ നിർമ്മലമായ അഭിഷിക്ത കരങ്ങൾക്കാണ് തിരുമുഖം പതിഞ്ഞ തിരുവോസ്തിയെ ആദ്യമായി സ്പർശിക്കാനായത്.

ആഴമായ ആത്മീയതയുടെ മനുഷ്യനായിരുന്നു പതിക്കലച്ചൻ. പുറമേ കാണുന്ന ആഴവും പരപ്പുമല്ല അച്ചന്റെ ജീവിതത്തിനെന്ന് നമ്മൾ മനസ്സിലാക്കി. ദിവ്യകാരുണ്യ അടയാളം സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചപ്പോഴും ഈശോയുടെ സ്നേഹം ഓർത്ത് കണ്ണു നിറയുന്ന അച്ചനെയാണ് നമ്മൾ കണ്ടത്. രോഗങ്ങൾ കീഴടക്കിയപ്പോഴും സന്തോഷത്തോടെ ദിവ്യകാരുണ്യ ഈശോയെക്കുറിച്ച് അച്ചൻ വാചാലനായി. വി. കുർബാനയെ ആഴത്തിൽ സ്നേഹിച്ച വിശുദ്ധനായ പതിക്കലച്ചന്റെ ജീവിതം നമ്മുടെ അതിരൂപതയ്ക്ക് അനുഗ്രഹത്തിന്റെ ഉറവിടമായി. വൈദികരോട് ആഴമായ സൗഹൃദം പുലർത്തിയ വ്യക്തിയായിരുന്നു ബഹു. പതിക്കലച്ചൻ. ദിവ്യകാരുണ്യനാഥന്റെ തിരുസാന്നിധ്യം കൊണ്ട് സവിശേഷമായി അനുഗ്രഹിക്കപ്പെട്ട വിളക്കന്നൂരിന്റെ മണ്ണിലാണ് അച്ചന്റെ അന്ത്യവിശ്രമം ഒരുക്കിയിരിക്കുന്നത്.

ഈ അപ്പം ഭക്ഷിക്കുന്നവർ ഒരിക്കലും മരിക്കുകയില്ല എന്ന ഈശോയുടെ വാഗ്ദാനം നമുക്ക് ഓർമ്മിക്കാം. പ്രിയപ്പെട്ട പതിക്കലച്ചാ, അങ്ങയുടെ വിശുദ്ധമായ ജീവിതത്തെ ഓർത്ത് ഞങ്ങൾ അഭിമാനിക്കുന്നു. നിത്യപുരോഹിതനായ ഈശോ അങ്ങയുടെ കരം പിടിച്ച് നിത്യഭാഗ്യത്തിലേക്ക് പ്രവേശിപ്പിക്കട്ടെ. അങ്ങയുടെ ദീപ്തമായ ഓർമ്മകൾക്കു മുമ്പിൽ ബാഷ്പാഞ്ജലികൾ...

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ്

ഈ വർഷത്തെ ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ് 2026 ജൂലൈ 8-10, 15-17 തീയതികളിൽ രണ്ട് ബാച്ചുകളിലായി തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ടു. ബുധനാഴ്ച രാവിലെ 10:30 മുതൽ വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1:30 വരെയായിരുന്നു രണ്ട് ബാച്ചുകളുടെയും റിഫ്രഷർ കോഴ്സ്. ബഹു. വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായുള്ള റിഫ്രഷർ കോഴ്സിൽ രണ്ട് ബാച്ചുകളിലായി 220 വൈദികർ പങ്കെടുത്തു. ഉദ്ഘാടന സമ്മേളനത്തിൽ അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചൻ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് രണ്ട് ബാച്ചുകളുടെയും റിഫ്രഷർ കോഴ്സ് ഉദ്ഘാടനം ചെയ്തു. ജീവിതത്തിലെ ഏറ്റവും വലിയ ധനം ബന്ധങ്ങളാണെന്നും പൗരോഹിത്യം ബന്ധങ്ങളുടെയും കൂട്ടായ്മയുടെയും ശുശ്രൂഷയാണെന്നും പുതിയ കാര്യങ്ങൾ അറിയുവാനും വൈദികർ തമ്മിലുള്ള കൂട്ടായ്മ വർദ്ധിപ്പിക്കുവാനും റിഫ്രഷർ കോഴ്സ് ഇടയാകട്ടെ എന്നും അഭിവന്ദ്യ പിതാവ് ഉദ്ഘാടന പ്രസംഗത്തിൽ പ്രസ്താവിച്ചു. വികാരി ജനറാൾമാരായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, സന്ദേശഭവൻ ഡയറക്ടർ റവ. ഫാ. ജോർജ് കോവാട്ട് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ബഹു. മാത്യു (അഖിൽ) മുക്കുഴിയച്ചനും ബഹു. ജോസഫ് വയലുങ്കൽ അച്ചനും പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി.

പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പായുടെ *'Magnifica Humanitus'* എന്ന ചാക്രിക ലേഖനത്തെക്കുറിച്ചും *Artificial Intelligence* ന്റെ ഏറ്റവും പുതിയ അപ്ഡേഷൻസിനെക്കുറിച്ചും തേവര സേക്രട്ട്ഹാർട്ട് കോളേജിലെ അധ്യാപകനും തലശ്ശേരി അതിരൂപതാംഗവുമായ ബഹു. ജോസഫ് കുമ്പുക്കൽ അച്ചൻ ക്ലാസ്സ് നയിച്ചു. ബഹു. കുമ്പുക്കലച്ചന്റെ മനോഹരമായ ക്ലാസ്സിൽ ബഹു. വൈദികർ വളരെ താല്പര്യത്തോടെയാണ് പങ്കെടുത്തത്. ഡിജിറ്റൽ ഷെപ്പേർഡിംഗിനെക്കുറിച്ചും സൈബർ സെക്യൂരിറ്റിയെക്കുറിച്ചുമുള്ള ക്ലാസ്സുകൾക്ക് അഡ്വ. ജിജിൽ കിഴക്കരക്കാട്ട് നേതൃത്വം നൽകി. ജസ്റ്റീസ് കോശി കമ്മീഷൻ സർക്കാരിന് മുമ്പിൽ സമർപ്പിച്ച സീറോ മലബാർ കമ്മ്യൂണിറ്റിയുടെ പിന്നോക്കാവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ടിന്റെ വിശകലനത്തെക്കുറിച്ചുള്ള ക്ലാസ്സ് താമരശ്ശേരി രൂപതാംഗമായ ബഹു.

സബിൻ തൂമുള്ളിൽ അച്ചൻ നയിച്ചു. ക്ലാസ്സുകളോട് അനുബന്ധിച്ച് നടന്ന ചർച്ചകളിലും ബഹു. വൈദികരുടെ സജീവമായ പങ്കാളിത്തമുണ്ടായിരുന്നു.

രണ്ട് ബാച്ചുകളുടെയും റിഫ്രഷർ കോഴ്സിന്റെ ആദ്യദിനം അഭിവന്ദ്യ പിതാവിന്റെ വചന സന്ദേശവും വി. കുമ്പസാരത്തിനുള്ള സൗകര്യവും ക്രമീകരിച്ചിരുന്നു. ബഹു. ജോർജ് അച്ചാണ്ടിയിൽ അച്ചനും ബഹു. പോൾ മുണ്ടക്കലച്ചനും ദിവ്യകാരുണ്യ ആരാധനയ്ക്കു നേതൃത്വം നല്കി. ആഘോഷമായ റംശാപ്രാർത്ഥനയ്ക്ക് ബഹു. തോമസ് മേനപ്പാട്ടുപടിക്കലച്ചൻ നേതൃത്വം നല്കി. രണ്ട് ബാച്ചുകളിലും ആഘോഷമായ അത്താഴവും ബഹു. വൈദികരുടെ കലാപരിപാടികളും സംഘടിപ്പിച്ചിരുന്നു. രണ്ടാമത്തെ ബാച്ചിന്റെ റിഫ്രഷർ കോഴ്സിന്റെ അവസരത്തിൽ കാഞ്ഞിരപ്പള്ളി അമല തിയേറ്റേഴ്സിന്റെ 'തച്ചൻ' എന്ന നാടകത്തിന്റെ പ്രദർശനവും ഉണ്ടായിരുന്നു.

വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് ബഹു. ജോർജ് കോവാട്ട്, ബഹു. ആന്റണി കിടാരത്തിൽ, ബഹു. മാത്യു മുക്കുഴി, ബഹു. ജോസഫ് വയലുങ്കൽ, ബഹു. കുര്യാക്കോസ് കോലക്കുന്നേൽ, ബഹു. സ്കറിയ വരമ്പകത്ത്, എന്നീ വൈദികർ സംസാരിച്ചു. അപ്പൊസ്റ്റൊലേറ്റുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ ബഹു. വൈദികർ ക്രിയാത്മകമായ അഭിപ്രായങ്ങൾ പറഞ്ഞു. ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹു. സ്കറിയ നിരപ്പേലച്ചൻ സംസാരിച്ചു. ബയോ മൗണ്ടൻ ഉല്പന്നങ്ങൾ പരമാവധി ആളുകളിലേക്ക് എത്തിക്കുവാൻ ബഹു. വൈദികരുടെ സഹകരണം അഭ്യർത്ഥിച്ചു.

രണ്ടു ബാച്ചുകളുടെയും അവസാനദിവസത്തെ രണ്ട് സെഷനുകളും അതിരൂപതയിലെ അജപാലനപ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചയായിരുന്നു. അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുചർച്ച വളരെ ഹൃദ്യമായിരുന്നു. ബഹു. വൈദികർ ഹൃദയം തുറന്ന് അഭിപ്രായങ്ങൾ പറഞ്ഞതും നമ്മുടെ അതിരൂപതയുടെ അജപാലന കാര്യങ്ങളിലുള്ള ദർശങ്ങൾ അഭിവന്ദ്യ പിതാവ് പങ്കുവച്ചതും മനോഹരമായ അനുഭവമായി മാറി. രണ്ടു ബാച്ചുകളിലും നടന്ന പൊതു ചർച്ചയുടെ വെളിച്ചത്തിൽ എടുത്ത തീരുമാനങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു:

1. ഇടവകാ പൊതുയോഗത്തിൽ സ്ത്രീകൾക്കും വോട്ടവകാശ ത്തോടെ പങ്കെടുക്കുവാൻ തക്കവിധത്തിൽ പള്ളിയോഗ നടപടി ക്രമം പരിഷ്കരിക്കുകയാണ്. 2027 ജനുവരി 1 മുതൽ ഈ ക്രമം നിലവിൽ വരുന്നതാണ്.

2. വി. കുർബാന കൊടുക്കുവാൻ സഹായിക്കുന്ന ബഹു. സിസ്റ്റേഴ്സിന് അൾത്താരയിൽ പ്രവേശിച്ച് ബഹു. വൈദികരുടെ കൈകളിൽനിന്ന് കുസ്തോതി വാങ്ങുവാനും വി. കുർബാന കൊടു ത്തുകഴിഞ്ഞ് അൾത്താരയിൽ പ്രവേശിച്ച് ബലിപീഠത്തിൽ കുസ്തോതി തിരികെ വയ്ക്കുവാനും അനുവാദമുണ്ടായിരിക്കും. വി. കുർബാന കൊടുക്കുമ്പോൾ സിസ്റ്റേഴ്സ് നിർദ്ദിഷ്ട മേലങ്കി ധരിക്കേണ്ടതാണ്.

3. മഠങ്ങളിലെ പ്രാർത്ഥനകൾ പരിഗണിച്ച്, പള്ളികളിൽ പ്രഭാതത്തിൽ 5.30 ന് ആരംഭിക്കുന്ന ആരാധനയിൽ ബഹു. സിസ്റ്റേഴ്സിന്റെ സാന്നിധ്യം പ്രതീക്ഷിക്കേണ്ടതില്ല. സപ്രാ പ്രാർത്ഥന മുതൽ സിസ്റ്റേഴ്സിന്റെ സാന്നിധ്യം ഉണ്ടായാൽ മതി. രാത്രി 8.00 മണിക്ക് മുമ്പായി ബഹു. സിസ്റ്റേഴ്സിന് മഠങ്ങളിൽ തിരിച്ചെത്തുവാൻ കഴി യുന്ന വിധത്തിൽ ഇടവകയിലെ കുടുംബ കൂട്ടായ്മകൾ ക്രമീകരി ക്കണമെന്ന് അഭിവന്ദ്യ പിതാവ് വൈദികരെ അറിയിച്ചു.

4. മഠങ്ങളിലെ വി. കുർബാനയർപ്പണം കപ്ലോനച്ചനോ അച്ചന്റെ അനു വാദത്തോടെ മറ്റു വൈദികരോ നടത്തേണ്ടതാണ്. എന്നാൽ ബഹു. സിസ്റ്റേഴ്സിന്റെ കുമ്പസാരത്തിനായി മഠങ്ങളിലേക്ക് മറ്റ് വൈദി കരെ വിളിക്കുന്നതിന് ബഹു. വികാരിയച്ചന്മാരുടെ അനുവാദം ആവശ്യമില്ല.

5. ദൈവാലയ ശുശ്രൂഷികൾക്ക് ഫെസ്റ്റീവ് അലവൻസും സെമി ത്തേരി ഒപ്പീസിനുള്ള നിർദ്ദിഷ്ട വിഹിതവും കൃത്യമായി നല്കു വാനും ഇടവകയിൽ വിവാഹങ്ങളോ മറ്റെന്തെങ്കിലും ചടങ്ങുകളോ സാധാരണ കുർബാനയുടെ സമയത്തല്ലാതെ നടക്കുമ്പോൾ ഇതു മായി ബന്ധപ്പെട്ട ആളുകളിൽനിന്ന് 1000/- രൂപയെങ്കിലും ദൈവാ ലയ ശുശ്രൂഷികൾക്ക് നല്കുവാനും ദൈവജനത്തിന് നിർദ്ദേശം നല്കണം.

6. ദൈവാലയ ശുശ്രൂഷികളുടെ പതിമൂന്നാം മാസത്തെ ശമ്പളം ബഹു. വികാരിയച്ചന്റെയും ദൈവാലയ ശുശ്രൂഷിയുടെയും പേരിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

7. പൊതുവായ ഭവന വെഞ്ചിരിപ്പുകൾ നടക്കുമ്പോൾ ദൈവാലയ ശുശ്രൂഷികളെകൂടി കൊണ്ടുപോകുന്നതും വീടുകളിൽനിന്ന് അവർക്ക് ലഭിക്കുന്ന തുക ലഭ്യമാക്കുതിനുമുള്ള അവസരം ഉണ്ടാക്കുന്നതും നല്ലതാണ്. വെഞ്ചരിപ്പ് കഴിഞ്ഞ് കുടുംബാംഗങ്ങളുമായി സംസാരിക്കുന്ന സമയത്ത് ദൈവാലയ ശുശ്രൂഷിയുടെ സാന്നിധ്യം ഒഴിവാക്കിയാൽ മതിയാകും എന്ന നിർദ്ദേശവും നല്കി.

8. ബഹു. വൈദികർ പള്ളിയുമായി ബന്ധപ്പെട്ട് നടത്തുന്ന എല്ലാ സാമ്പത്തിക ഇടപാടുകളും വിശുദ്ധ കുർബാനധർമ്മം ഉൾപ്പെടെ പള്ളിയുടെ ബാങ്ക് അക്കൗണ്ടുവഴി മാത്രമേ പാടുള്ളൂ എന്നും ഓഡിറ്റേഴ്സിന്റെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും അഭിവന്ദ്യ പിതാവ് ബഹു. വൈദികരെ അറിയിച്ചു.

9. ഇടവക കോർഡിനേറ്റർമാരെയും കൈക്കാരന്മാരെയും പള്ളി സംബന്ധമായ കാര്യങ്ങൾക്കോ പൊതു മീറ്റിംഗുകൾക്കോ അയയ്ക്കുമ്പോൾ പള്ളിയിൽനിന്നും യാത്രാച്ചെലവ് നല്കേണ്ടതാണ്.

10. വൈദികക്ഷേമത്തിനുള്ള കമ്മറ്റി കൂടുതൽ സജീവമാക്കണമെന്നും ബഹു. വൈദികരും അവരുടെ കുടുംബാംഗങ്ങളും രോഗികളാകുന്ന സാഹചര്യത്തിൽ അവരുടെ ക്ഷേമം അന്വേഷിക്കുവാൻ ഈ കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചു.

11. ബഹു. വൈദികരുടെ മാതാപിതാക്കൾ രോഗികളാകുന്ന സാഹചര്യത്തിൽ അഭിവന്ദ്യ പിതാവ് ഭവനങ്ങളിൽ വച്ച് അവരെ സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നതിനാൽ ഇക്കാര്യം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

12. ബഹു. വൈദികരുടെ കുടുംബാംഗങ്ങളുടെ സംഗമം സെപ്റ്റംബർ 26 ന് ശനിയാഴ്ച ചെമ്പേരി ലൂർദ്ദ്മാതാ ബസിലിക്കയിൽ രാവിലെ 10. 00 മണി മുതൽ ഉച്ചകഴിഞ്ഞ് 3. 30 വരെ നടത്തുവാൻ തീരുമാനിച്ചു. മറ്റ് വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

13. വിയാനി നിധിയോട് ഇനിയും സഹകരിക്കുവാനുള്ള വൈദികർ ഉപകാരികളെ കണ്ടെത്താൻ സഹായിക്കണം.

14. വിയാനി നിധിയിലെ ഉപകാരികളുടെ ഇടവക തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണെന്ന് അറിയിച്ചു.

15. പി. ഒ. സി. ബൈബിളിന്റെ പുതിയ പരിഭാഷയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ദൈവജനത്തിന്റെ സംശയങ്ങൾ പരിഹരിക്കും വിധത്തിൽ ഒരു സർക്കുലർ എഴുതുവാൻ നിർദ്ദേശമുണ്ടായി.

16. ഇടവകകളിലെ കുടുംബ കൂട്ടായ്മകളുടെ റിപ്പോർട്ട് ഫോമുകൾ ഇടവകാ കോർഡിനേറ്റർമാരാണ് പൂരിപ്പിക്കേണ്ടത്.

17. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ കുട്ടികൾക്കും പി. ടി. എ. അംഗങ്ങൾക്കും കരിയർ ഗൈഡൻസിനെ സംബന്ധിച്ചുള്ള ക്ലാസ്സുകളും എഞ്ചിനീയറിംഗ് പോലുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാനാവശ്യമായ പ്രവേശന പരീക്ഷകളെക്കുറിച്ചുള്ള ബോധവത്ക്കരണവും നടത്തണം.

18. എഡ്യൂസ്പാർക്കിന്റെ പ്രവർത്തനങ്ങൾ മിഷൻലീഗിന്റെ ഡയറക്ടറച്ചന്റെ നേതൃത്വത്തിലായിരിക്കുമെന്നും മിഷൻലീഗിന്റെ ഫൊറോനാ ഡയറക്ടർമാരായിരിക്കും എഡ്യൂസ്പാർക്കിന്റെ ഫൊറോനാതല ഡയറക്ടർമാരെന്നും അറിയിച്ചു.

19. ഇടവകകളിൽ വിവിധ വിഷയങ്ങൾക്ക് ക്ലാസ്സുകൾ നല്കുവാൻ ബഹു. വൈദികരുടെ റിസോഴ്സ് ടീമിനെ രൂപപ്പെടുത്തുവാൻ തീരുമാനിച്ചു. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുലേച്ചന്റെ നേതൃത്വത്തിലായിരിക്കും റിസോഴ്സ് ടീമിനെ രൂപപ്പെടുത്തുക. റിസോഴ്സ് ടീമിൽ അംഗമാകുവാൻ ആഗ്രഹിക്കുന്ന വൈദികർ, പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചന്റെ പക്കൽ പേര് നല്കേണ്ടതാണ്.

20. പുതുതായി രൂപപ്പെടുത്തുന്ന പാസ്റ്ററൽ കൗസിലിലേക്ക് നോമിനേറ്റ് ചെയ്യപ്പെടാൻ യോഗ്യതയുള്ള ആളുകൾ ഇടവകയിൽ ഉണ്ടെങ്കിൽ കൂരിയായിൽ അറിയിക്കുവാൻ നിർദ്ദേശിച്ചു.

21. അജപാലന മേഖലയിൽ നമ്മൾ നേരിടുന്ന പുതിയ വെല്ലുവിളികളെ അതിജീവിക്കാനുള്ള പദ്ധതികൾ രൂപപ്പെടുത്തണം.

22. പാരിഷ് സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുവാൻ ഓരോ ഫൊറോനകളിലെയും ജൂനിയർ വൈദികരെ വിളിച്ചു ചേർത്ത് ട്രെയ്നിംഗ് നല്കണം. പാരിഷ് കൗസിൽ അംഗങ്ങളുടെ ഫൊറോനാതല മീറ്റീംഗിനുമുമ്പ് ഈ ട്രെയ്നിംഗ് പ്രോഗ്രാം നടത്തേണ്ടതാണ്.

23. കേരള ലേബർ മൂവ്മെന്റിൽ (KLM) ദൈവാലയ ശുശ്രൂഷികളെ ഉൾപ്പെടുത്തി ഏതെങ്കിലും ക്ഷേമപദ്ധതികളുടെ ആനുകൂല്യം ലഭിക്കുവാനുള്ള സാധ്യതയെക്കുറിച്ച് പഠിക്കുവാൻ സോഷ്യൽ സർവ്വീസ് ഡയറക്ടർ ഫാ. സ്കറിയ വരമ്പകത്തിനെ നിയോഗിച്ചു.

24. വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി എല്ലാ വർഷവും നടക്കുന്ന റിഫ്രെഷർ കോഴ്സിൽ ബഹു. വൈദികർ ആദ്യാവസാനം പങ്കെടുക്കണം. ഈ വർഷത്തെ റിഫ്രെഷർ കോഴ്സിൽ പങ്കെടുക്കാത്ത വൈദികർ അഭിവന്ദ്യ പിതാവിന്റെ പക്കൽ വിശദീകരണം നല്കണം.

25. ബഹു. വൈദികരുടെ മാതാപിതാക്കൾക്ക് കരുവഞ്ചാൽ ഹോസ്പിറ്റലിൽ ചികിത്സാ ചെലവുകൾക്ക് പ്രത്യേക ഇളവ് നല്കുന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കാം എന്ന് ബഹു. വൈദികരെ അറിയിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## സംരംഭകരുടെ സംഗമം – 2026 ജൂലൈ 18

തലശ്ശേരി അതിരൂപതാംഗങ്ങളായ സംരംഭകരുടെ ഈ വർഷത്തെ സംഗമം കുന്നോത്തുള്ള ഹരിത ഇൻഡസ്ട്രിയൽ പാർക്കിൽ 2026 ജൂലൈ 18 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെ നടന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. വളർന്നവർ മറ്റുള്ളവരെ വളർത്തണമെന്നും മുന്നിൽ നിന്ന് നയിക്കണമെന്നും കഠിനാധ്വാനത്തിലൂടെയും ദൈവാശ്രയത്വത്തിലൂടെയും ബിസിനസ്സ് രംഗങ്ങളിൽ നേട്ടം കൈവരിച്ചവർ തലശ്ശേരി അതിരൂപതയുടെയും മലയോര മേഖലയുടെയും വളർച്ചയിൽ പങ്കുവഹിക്കുന്നവരുമാണെന്ന് അഭിവന്ദ്യ പിതാവ് ഉദ്ഘാടന പ്രസംഗത്തിൽ പ്രസ്താവിച്ചു. അതിരൂപതാ പ്രൊക്യൂറേറ്റർ റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ സ്വാഗതം ആശംസിച്ചു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, എ.കെ.സി.സി. ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിൽ, ഫാ. ബെന്നി നിരപ്പേൽ, മി. ജോർജ് തയ്യിൽ എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി. സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലുമായി വിവിധ സംരംഭങ്ങൾ നടത്തുന്ന 80 തിലെറെ അതിരൂപതാംഗങ്ങളായ സംരംഭകർ സംഗമത്തിൽ പങ്കെടുത്തു. വിജയാനുഭവങ്ങളും തുടക്കകാലത്തെ പ്രതിസന്ധികളും പങ്കുവെച്ച സംരംഭകർ കർഷകർക്ക് പ്രയോജനകരമാകുന്ന പുതിയ സംരംഭങ്ങളെക്കുറിച്ച് സംസാരിച്ചു.

വിവിധ ഫലങ്ങളുടെ ശേഖരണവും സംസ്ക്കരണവും, ക്ലസ്റ്റർ ഫാമിങ് പ്രൊജക്ട് എന്നീ വിഷയത്തിൽ വ്യവസായി ശ്രീ. സിബി പൈകടയും കോർപ്പറേറ്റ് ഫണ്ട് സ്വരൂപിക്കൽ, പുതുതായ സംരംഭകരെ പ്രോത്സാഹിപ്പിക്കൽ, സംരംഭക കൂട്ടായ്മ എന്നീ വിഷയങ്ങളെക്കുറിച്ച് വ്യവസായി ശ്രീ. സണ്ണി മണിമലത്തറപ്പേലും കോൾഡ് സ്റ്റോറേജ് പ്രൊജക്ട് എന്ന വിഷയത്തിൽ വ്യവസായി ശ്രീ. ജേക്കബ് സ്കറിയ അമ്പലത്തൊട്ടിയിലും ബയോ മൗണ്ടൻ വിഭാവനം ചെയ്യുന്ന പുതിയ പ്രൊജക്ടുകളെക്കുറിച്ച് മാനേജിംഗ് ഡയറക്ടർ ബഹു. ബെന്നി നിരപ്പേലച്ചനും ഹാപ്പി വില്ലേജ് പദ്ധതിയെക്കുറിച്ച് ആർക്കിടെക്റ്റ് ശ്രീ. ജാക്സൺ തോലാനിയും വിഷയാവതരണങ്ങൾ നടത്തി. വളരെ ക്രിയാത്മകമായ അഭിപ്രായങ്ങളും ചർച്ചകളും വ്യവസായികളുടെ ഭാഗത്തു നിന്നുണ്ടായി.

നമ്മുടെ അതിരൂപതയുടെ നേതൃത്വത്തിലുള്ള വ്യവസായ പാർക്കിൽ സംരംഭകരുടെ സഹകരണത്തോടെ പുതിയ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഈ വർഷത്തെ

സംഗമം നടത്തിയത്. വ്യവസായ പാർക്കിന്റെ വികസനവും ബയോ മൗണ്ടൻ ഫാക്ടറികളും വ്യവസായികൾ നേരിട്ട് സന്ദർശിക്കുവാൻ ഇടയായത് പുതിയ സംരംഭങ്ങൾ തുടങ്ങുവാൻ അവർക്ക് പ്രേരണ നല്കി. ചക്ക സംസ്ക്കരണത്തിനുള്ള പദ്ധതിയും കർഷകർ ഉത്പാദിപ്പിക്കുന്ന മരച്ചീനി, പഴവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ളവ സൂക്ഷിച്ചുവയ്ക്കുന്നതിനും വില ഉയരുന്ന അവസരത്തിൽ അവ മാർക്കറ്റിൽ എത്തിക്കുവാൻ കഴിയും വിധത്തിലുള്ള വലിയ ശീതീകരണ സംവിധാനം ഉണ്ടാക്കുവാനും തീരുമാനമെടുത്തു. ഇതിന്റെ നിക്ഷേപത്തിനു തയ്യാറായി സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ട്.

വ്യവസായ മേഖലകളിലെ അതിരൂപതാംഗങ്ങളായ സഹോദരങ്ങളെ ഒരുമിപ്പിച്ച് മലയോര കർഷകർക്കു സഹായകമാകുന്ന വിധത്തിൽ പുതിയ സംരംഭങ്ങൾ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയോട് അനുബന്ധിച്ച് കുന്നേത്തുള്ള ഹരിത ഇൻഡസ്ട്രിയൽ പാർക്കിൽ തുടങ്ങുവാനാണ് സംരംഭകരുടെ സംഗമത്തിലൂടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. നമ്മുടെ അതിരൂപതാംഗങ്ങളായ സംരംഭകരെ ഒരുമിച്ച് ചേർത്ത് നമ്മുടെ നാടിനും സമുദായത്തിനും സഹായകമാകുന്ന പദ്ധതികളിലേക്ക് അവരെ പ്രചോദിപ്പിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ദീർഘവീക്ഷണമാണ് സംരംഭകരുടെ കൂട്ടായ്മ രൂപപ്പെടുവാൻ ഇടയായത്. ബഹു. ജനറാളച്ചന്മാരുടെയും പ്രൊക്യൂറേറ്റർ ബഹു. ജോജിയച്ചന്റെയും സഹകരണത്തെ നന്ദിയോടെ ഓർമ്മിക്കുന്നു. വ്യവസായ പാർക്കിൽ വച്ച് നടന്ന സംരംഭ സംഗമത്തിന് എല്ലാ സഹായങ്ങളും ചെയ്ത ബയോ മൗണ്ടൻ കമ്പനി ഡയറക്ടർ ബഹു. ബെന്നി നിരപ്പേലച്ചനും മാർക്കറ്റിംഗ് ഡയറക്ടർ ബഹു. ജെയ്സ് കുരിശുംമൂട്ടിലച്ചനും ഹൃദയം നിറഞ്ഞ നന്ദി. കഠിനാധ്വാനത്തിലൂടെ ബിസിനസ്സ് മേഖലയിൽ വളർച്ച കൈവരിച്ച് സഭയോടും സമുദായത്തോടും ചേർന്നു നില്ക്കുന്ന സംരംഭകരായ സഹോദരങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു.

അതിരൂപതാ ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേലച്ചൻ ഏവർക്കും നന്ദി പറഞ്ഞു. ബയോ മൗണ്ടൻ ഉല്പന്നങ്ങൾ അടങ്ങിയ കിറ്റ് എല്ലാ സംരംഭകർക്കും സമ്മാനമായി നല്കി. ഉച്ചഭക്ഷണത്തിനു ശേഷം 2 മണിയോടെ സംഗമം അവസാനിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# മേജർ സുപ്പീരിയേഴ്സ് മീറ്റ്

തലശ്ശേരി അതിരൂപതയിൽ ശുശ്രൂഷ നിർവഹിക്കുന്ന സന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെയും പ്രൊവിൻസോ റീജിയണോ ഇല്ലാത്ത സന്യാസസമൂഹങ്ങളുടെ പ്രതിനിധികളുടെയും യോഗം 2026 ജൂലൈ 14 ന് ചൊവ്വാഴ്ച തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. റവ. സി. ടെസ്സിൻ ആൻഡ്രൂസ് എം.എസ്.എം.ഐ നേതൃത്വം നൽകിയ പ്രാർഥനയോടെയാണ് യോഗം ആരംഭിച്ചത്. തലശ്ശേരി അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. വികാരിജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, കപ്പൂച്ചിൻ പാവാനാത്മ പ്രൊവിൻസ് പ്രൊവിൻഷ്യാൾ റവ. ഫാ. വിനോദ് മങ്ങാട്ടിൽ OFM cap, സ്നേഹഗിരി സിസ്റ്റേഴ്സ് സെന്റ് ജോസഫ്സ് പ്രൊവിൻസ് പ്രൊവിൻഷ്യൽ റവ. സി. ടെസ് മാത്യു എസ്.എം.എസ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

കൂട്ടായ്മയുടെ ശുശ്രൂഷയാണ് നമ്മൾ ചെയ്യുന്നതെന്നും സിനഡൽ ചർച്ച് എന്ന സഭാ കാഴ്ചപ്പാടിൽ സന്യസ്തർക്ക് വലിയ റോൾ ഉണ്ടെന്നും അതിരൂപതയിലെ അജപാലന പദ്ധതികളോട് സഹകരിക്കാതെ സന്യാസസമൂഹങ്ങൾക്ക് അവരുടെ കാരിസം പ്രായോഗികമാക്കുവാൻ എളുപ്പമല്ലെന്നും അതിരൂപതയും സന്യാസസമൂഹങ്ങളും ഒരുമിച്ചാണ് ദൈവരാജ്യം പടുതുയർത്തുന്നതെന്നും അഭിവന്ദ്യ പിതാവ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഈ ലോകത്തിൽ സുവിശേഷം പ്രായോഗികമായി ജീവിക്കുവാൻ സാധിക്കുമെന്ന് ലോകത്തെ ബോധ്യപ്പെടുത്തുന്നത് സന്യാസ്തരാണ്. സന്യാസ സമൂഹങ്ങൾ നിഷ്കർഷിക്കുന്ന സന്യസ്ത ജീവിതത്തിന്റെ കടമകൾ സമർപ്പിതർ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് മേജർ സുപ്പീരിയേഴ്സിന്റെ കടമയാണെന്നും അഭിവന്ദ്യ പിതാവ് പ്രസ്താവിച്ചു.

പാസ്റ്ററൽ കൗൺസിലേക്കുള്ള സന്യസ്ത സമൂഹങ്ങളുടെ പ്രതിനിധിയായി റവ. ഫാ. ലിൻസൻ സി.എസ്.റ്റി, റവ. ഫാ. മാത്യു കുളപ്പുറം സി.എം.ഐ, റവ. ബ്രദർ മാനുവൽ പൈകട എം.എം.ബി, റവ. ബ്രദർ ജോണി ജോസഫ് സി.എസ്.റ്റി, റവ. സി. ആൻസി, റവ. സി. ലിജി ഡി.എസ്.റ്റി, റവ. സി. സജീവ എം.എസ്.ജെ എന്നിവരെ യോഗം തിരഞ്ഞെടുത്തു. തുടർന്ന് വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ നടന്നു. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പി

ക്കുന്ന പെൺകുട്ടികളെ ഏഴാം ക്ലാസ്സുമുതൽ അനുധാവനം ചെയ്യണ മെന്നും അവരെ മഠങ്ങളിലേക്ക് ക്ഷണിച്ച് മഠത്തിന്റെ അന്തരീക്ഷം പരിചയപ്പെടുത്തുന്നതും അൾത്താര ബാലികമാരെ സംഘടിപ്പിച്ച് ദൈവവിളിയെക്കുറിച്ച് അവരോട് സംസാരിക്കുന്നതും ദൈവവിളി പ്രോത്സാഹനത്തിന് സഹായകമാകുമെന്ന അഭിപ്രായം യോഗത്തിലു ണ്ടായി. ബഹു. സിസ്റ്റേഴ്സിന്റെ പ്രായമായ മാതാപിതാക്കളെ സംര ക്ഷിക്കുവാൻ പൊതുവായ സംവിധാനമുണ്ടാക്കുവാനുള്ള സാധ്യത കളെക്കുറിച്ച് ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർമാർ ഒരുമിച്ച് യോഗം ചേർന്ന് ചർച്ച ചെയ്തു റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദേശിച്ചു.

അജപാലന പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുന്ന സിസ്റ്റേഴ്സിന്റെ സേവനം തലശ്ശേരി അതിരൂപതയുടെ വളർച്ചയ്ക്കു കാരണമാകുന്നുവെന്ന് അഭിവന്ദ്യ പിതാവ് സിസ്റ്റേഴ്സിനെ അനുമോ ദിച്ചുകൊണ്ട് പ്രസ്താവിച്ചു. വിദ്യാഭ്യാസ മേഖലയിൽ നമ്മൾ നേരി ടുന്ന പ്രതിസന്ധികളെക്കുറിച്ച് കോർപ്പറേറ്റ് മാനേജർ ബഹു. സ്കറിയ വടശ്ശേരിൽ അച്ചൻ സംസാരിച്ചു. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അനാ വശ്യമായ മത്സരങ്ങൾ ഒഴിവാക്കണമെന്നും മറ്റ് സ്കൂളുകളുടെ നില നിൽപ്പിനെ ബാധിക്കാത്ത തലത്തിലുള്ള പ്രവർത്തനങ്ങളേ പാടുള്ളൂ എന്നും യോഗത്തിൽ അഭിപ്രായമുണ്ടായി. അന്യസംസ്ഥാനക്കാരായ തൊഴിലാളികളുടെ അജപാലന കാര്യങ്ങൾക്കായി ഹിന്ദി അറിയാവുന്ന സമർപ്പിതരുടെ സേവനം അഭ്യർത്ഥിച്ചു. ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ സന്യസ്ത ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കണമെന്നും ബയോ മൗണ്ടൻ പ്രവർത്തനങ്ങളുടെ വളർച്ചയ്ക്ക് സന്യാസസമൂഹ ങ്ങൾ സഹകരിക്കണമെന്നും മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ അഭ്യർത്ഥിച്ചു. ദീപിക ദിനപത്രത്തിന്റെ നിലനിൽപ്പിന് സന്യാസസമൂ ഹങ്ങളുടെ സഹകരണം ഒഴിച്ചുകൂടാനാവാത്തതാണെന്നും സാമ്പത്തി കമായ സഹകരണങ്ങൾ നൽകണമെന്നും അഭിവന്ദ്യ പിതാവ് അഭ്യർത്ഥിച്ചു. ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ അടങ്ങിയ കിറ്റ് എല്ലാ വർക്കും സമ്മാനമായി നൽകി. എഫ്.സി.സി തലശ്ശേരി പ്രൊവിൻഷ്യൽ റവ. സി. അഞ്ജലി ഏവർക്കും നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തിനു ശേഷം രണ്ട് മണിയോടെ യോഗം അവസാനിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# ഫൊറോനാതല പാരീഷ് കൗൺസിൽ സംഗമം

2026-2029 വർഷങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പാരീഷ് കൗൺസിൽ അംഗങ്ങളുടെ ഫൊറോനാതല സംഗമം താഴെ നൽകിയിരിക്കുന്ന തീയതികളിൽ അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ നടക്കുന്നതാണ്. പ്രസ്തുത സംഗമത്തിൽ അതാത് ഫൊറോനാകളിലെ എല്ലാ ഇടവകാവികാരിമാരും മദർ സുപ്പീരിയേഴ്സും പാരീഷ് കൗൺസിൽ അംഗങ്ങളും ഫൊറോനാ വികാരി നിശ്ചയിക്കുന്ന സ്ഥലത്ത് കൃത്യസമയത്ത് തന്നെ എത്തിച്ചേർന്ന് പങ്കെടുക്കുമല്ലോ.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. എല്ലാ അംഗങ്ങളേയും പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുക.
2. പങ്കെടുക്കുന്ന എല്ലാവർക്കും ഭക്ഷണം അതാത് ഫൊറോനായുടെ ഉത്തരവാദിത്വത്തിൽ നൽകുക.
3. എല്ലാ സംഗമങ്ങൾക്കും പ്രൊജക്ടർ, കോഡ്ലെസ്സ് മൈക്ക്, നിലവിളക്ക്, എന്നിവ നിർബന്ധമായും കരുതുക.
4. സംഗമ വിവരങ്ങൾ :

| തീയതി | ദിവസം | ഫൊറോന | സമയം |
|---|---|---|---|
| 31-08-2026 | തിങ്കൾ | പേരാവൂർ | 10.00 am |
| 31-08-2026 | തിങ്കൾ | എടൂർ | 2.30 pm |
| 28-09-2026 | തിങ്കൾ | മണിക്കടവ് | 10.00 am |
| 28-09-2026 | തിങ്കൾ | നെല്ലിക്കാംപൊയിൽ | 2.30 pm |
| 09-10-2026 | വെള്ളി | പനത്തടി | 10.00 am |
| 09-10-2026 | വെള്ളി | കാഞ്ഞങ്ങാട്, കാസർഗോഡ് | 2.30 pm |
| 12-10-2026 | തിങ്കൾ | ചെമ്പേരി | 2.30 pm |
| 15-10-2026 | വ്യാഴം | പൈസക്കരി | 2.30 pm |
| 16-10-2026 | വെള്ളി | ചെമ്പന്തൊട്ടി | 10.00 am |
| 16-10-2026 | വെള്ളി | തളിപ്പറമ്പ് | 2.30 pm |
| 23-10-2026 | വെള്ളി | മേരിഗിരി | 10.00 am |
| 23-10-2026 | വെള്ളി | വായാട്ടുപറമ്പ | 2.30 pm |
| 24-10-2026 | ശനി | ആലക്കോട് | 2.30 pm |
| 30-10-2026 | വെള്ളി | മാലോം | 10:00 am |
| 30-10-2026 | വെള്ളി | വെള്ളരിക്കുണ്ട് | 2.30 pm |
| 04-11-2026 | ബുധൻ | തോമാപുരം | 10:00 am |
| 04-11-2026 | ബുധൻ | ചെറുപുഴ | 2.30 pm |
| 13-11-2026 | വെള്ളി | കുന്നോത്ത് | 2.30 pm |

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. സോൾട്ട് 2026**

2026–2027 പ്രവർത്തനവർഷത്തിലെ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് **"സോൾട്ട്-2026"** ഓഗസ്റ്റ് 2, 23 തീയതികളിലായി ഫൊറോനാതലത്തിൽ നടത്തുന്നതാണ്. ഫൊറോനാ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രോഗ്രാം നടത്തേണ്ടത്.

| ഓഗസ്റ്റ് 2 | ഓഗസ്റ്റ് 23 |
|---|---|
| എടൂർ | നെല്ലിക്കാംപൊയിൽ |
| കുന്നോത്ത് | ആലക്കോട് |
| പേരാവൂർ | ചെമ്പന്തൊട്ടി |
| മണിക്കടവ് | മേരിഗിരി |
| തളിപ്പറമ്പ് | തോമാപുരം |
| വായാട്ടുപറമ്പ് | പനത്തടി |
| മാലോം | കാഞ്ഞങ്ങാട്+കാസർഗോഡ് |
| വെള്ളരിക്കുണ്ട് | ചെമ്പേരി |
| പൈസക്കരി | |

**2. ഓഗസ്റ്റ് 4 – വിയാനി ഡേ**

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസമായ ഓഗസ്റ്റ് 3-ാം തീയതി വിശ്വാസപരിശീലകരും കുട്ടികളും ബഹു. വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും വി. കുർബാനയ്ക്ക് ശേഷം മീറ്റിംഗ് കൂടി ബഹു. വികാരിയച്ചന് ആശംസകൾ നേരുകയും ചെയ്യണം.

**3. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനം**

തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനമാണ് ഓഗസ്റ്റ് 4. അന്നേ ദിവസം വി. കുർബാനയ്ക്കുശേഷം മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെ കുട്ടികൾക്ക് പരിചയപ്പെടുത്തുമല്ലോ.

**4. ജീവന്റെ ഉറവ് 2026 (Fons Vitae 2026)**

ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന നാലാം ക്ലാസ്സിലെ അധ്യാപകർക്കുള്ള "ജീവന്റെ ഉറവ് 2026" ഏകദിനസെമിനാർ **ഓഗസ്റ്റ് 12 ബുധനാഴ്ച** രാവിലെ 9.30–ന് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. ഈ ക്ലാസ്സിൽ പഠിപ്പിക്കുന്ന വിധമായിരിക്കും ഇനി മുതൽ നമ്മുടെ അതിരൂപതയിൽ കുട്ടികളെ ആദ്യകുർബാനയ്ക്ക് ഒരുക്കേണ്ടത്. ആയതിനാൽ ഈ സെമിനാറിന്റെ പ്രാധാന്യം കണക്കിലെടുത്ത് നാലാം ക്ലാസ്സിലെ എല്ലാ അധ്യാപകരും നിർബന്ധമായും ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. വിജയകരമായി ക്ലാസ്സ് പൂർത്തിയാക്കുന്നവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**5. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും നമ്മുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

**6. മതബോധന മണിക്കൂർ**

മതബോധന മണിക്കൂറിന്റെ ഭാഗമായി ഈ വർഷം കുട്ടികൾ തിരുവചനങ്ങൾ കൊണ്ട് വചന ആൽബം നിർമ്മിക്കുന്നു. അതിനായി മതബോധന മണിക്കൂറിൽ പഠിക്കാനായി നൽകുന്ന 3 ദൈവവചനങ്ങൾ 3 നിറങ്ങളിൽ നോട്ട്ബുക്കിന്റെ ഒരു പേജിൽ എഴുതുകയോ, വ്യത്യസ്ത നിറത്തിലുള്ള പേപ്പറുകളിൽ എഴുതി നോട്ട്ബുക്കിൽ ഒട്ടിക്കുകയോ ചെയ്യേണ്ടതാണ്. മതബോധന മണിക്കൂറിലെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഈ പേജിന്റെ അവസാനഭാഗത്ത് എഴുതുക. പേജിന്റെ ഏറ്റവും താഴെ മാതാപിതാക്കളിലൊരാൾ തീയതി എഴുതി ഒപ്പിട്ടു നൽകുക. ഈ വചന ആൽബം ഞായറാഴ്ചകളിൽ വേദപാഠ ക്ലാസ്സിൽ കൊണ്ടുവന്ന് അധ്യാപകരെ കാണിച്ച് മാർക്ക് എഴുതി ഒപ്പിട്ടു നൽകേണ്ടതാണ്. പടിപടിയായി നിർമ്മിക്കുന്ന ഈ വചന ആൽബത്തെ ആസ്പദമാക്കിയായിരിക്കും വാർഷികപരീക്ഷയ്ക്ക് മതബോധനമണിക്കൂർ മാർക്ക് നൽകുന്നത്. ഓണപരീക്ഷക്കും, ക്രിസ്തുമസ് പരീക്ഷക്കും 10 മാർക്ക് മതബോധന മണിക്കൂറിൽ നിന്നും ആയിരിക്കും. ഏറ്റവും മനോഹരമായി ഫാമിലി വചന ആൽബം നിർമ്മിക്കുന്ന കുടുംബത്തിന് വർഷാവസാനം ഇടവകാതലത്തിൽ സമ്മാനം ഉണ്ടായിരിക്കും. ഈ ആൽബനിർമ്മാണത്തിൽ മാതാപിതാക്കൾക്കും കുട്ടികളെ സഹായിക്കാം. ഉപയോഗ യോഗ്യമായ ഒരു നോട്ട്ബുക്ക് (പഴയതോ പുതിയതോ) ആൽബനിർമ്മാണത്തിന് ഉപയോഗിക്കാം.

**7. ഓണപരീക്ഷ – സെപ്റ്റംബർ 06**

ഓണപരീക്ഷ സെപ്റ്റംബർ 06-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെ കൊടുക്കുന്നു. ഉപപാഠപുസ്തകത്തിൽ നിന്നും ഓണപരീക്ഷക്ക് ചോദ്യങ്ങൾ ഉണ്ടാവില്ല. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. **പരീക്ഷയുടെ സമയത്തിൽ മാറ്റം വരുത്താൻ പാടില്ല.** 06-ാം തീയതി ഞായറാഴചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

**A. ജനറൽ ചോദ്യങ്ങൾ**

**4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** മതബോധനമണിക്കൂറിൽ നിന്നും വ്യത്യസ്ത ചോദ്യങ്ങൾ ഉണ്ടായിരിക്കും. മതബോധനമണിക്കൂറിൽ നിന്നുമുള്ള മോഡൽ ചോദ്യങ്ങളും നമസ്കാരങ്ങളും **ഓഗസ്റ്റ് 19-ന്** പ്രധാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകുന്നതാണ്. അധ്യാപകർ കുട്ടികൾക്ക് മതബോധനമണിക്കൂർ ചോദ്യങ്ങളും നമസ്കാരങ്ങളും കൊടുത്ത് ഒരുക്കേണ്ടതാണ്.

**B. മാർക്ക് വിഭജനം**

| | | | |
|---|---|---|---|
| പാഠപുസ്തകം | 60 | നമസ്ക്കാരം | 5 |
| ആഭ്യന്തര മൂല്യനിർണ്ണയം | 25 | മതബോധന മണിക്കൂർ | 10 |

**C. പാഠഭാഗങ്ങൾ**

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |

**8. അസൈൻമെന്റ് ക്ലാസ് XII**

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **"പാർശ്വവത്ക്കരിക്കപ്പെടുന്ന ക്രൈസ്തവർ – കാരണങ്ങളും പ്രതിവിധികളും"** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **ഒക്ടോബർ 31 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച്

അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

**റഫറൻസ് ഗ്രന്ഥം: "ക്രൈസ്തവരും കേരള നവോത്ഥാനവും"**

**അധ്യായം 1:** പാർശ്വവത്ക്കരിക്കപ്പെടുന്ന ക്രൈസ്തവർ

**അധ്യായം 2:** പ്രതിവിധികൾ

### 9. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 10. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 11. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2026-2027 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതാണ്. മറ്റു പൊതുപ്രോഗ്രാമുകൾ ഒഴിവാക്കി കുട്ടികളെ പൊതുവായും ക്ലാസ്സ് തലത്തിലും കാണുന്നതിന് ആവശ്യമായ സമയം നൽകേണ്ടതാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപത വിസിറ്റേഴ്സിന്റെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ചെമ്പന്തൊട്ടി | ഫിലിപ്പ് ജോൺ പുല്ലംപ്ലാവിൽ |
| ചെമ്പേരി | ബിജു തയ്യിൽ |
| ചെറുപുഴ | അഭിലാഷ് കുറ്റിയാനിക്കൽ |
| എടൂർ | തോമസ് ആലപ്പാട്ട് |
| കാഞ്ഞങ്ങാട് | സഞ്ജയ് കോയിപ്പുറം |
| കാസർഗോഡ് | ഫ്രാൻസിസ് കെ.സി കണ്ണംകുളം |
| കുന്നോത്ത് | ആന്റണി മേൽവെട്ടം |
| മാലോം | ആന്റണി തുരുത്തിപ്പള്ളിൽ |
| മണിക്കടവ് | ബാബു പതിപ്പള്ളിൽ |
| മേരിഗിരി | മനോജ് ജോസ് പുല്ലത്ത് |
| നെല്ലിക്കാംപൊയിൽ | സണ്ണി മുണ്ടോളിക്കൽ |
| പൈസക്കരി | സിബിച്ചൻ പള്ളിച്ചിറ |
| പനത്തടി | വർഗ്ഗീസ് എ.ജെ അന്തിക്കാട്ട് |
| പേരാവൂർ | ജോസഫ് മാടപ്പള്ളിക്കുന്നേൽ |
| തളിപ്പറമ്പ് | തോമസ് കുരിശുംമൂട്ടിൽ |
| തോമാപുരം | അമൽ ജോർജ് പള്ളത്ത് |
| വായാട്ടുപറമ്പ് | മാത്യു കാടൻകാവിൽ |
| വെള്ളരിക്കുണ്ട് | ജോയി പുളിക്കക്കുന്നേൽ |

**12. ഫൊറോന പ്രസിഡണ്ട് – നന്ദിയും സ്വാഗതവും**

സൺഡേസ്കൂൾ ഫൊറോന പ്രസിഡണ്ടായി സ്തുത്യർഹമായ സേവനം ചെയ്ത ശ്രീ. ബേബി കുന്നേൽ (ചെമ്പേരി) കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ സ്നേഹംനിറഞ്ഞ നന്ദി.

പുതിയ ഫൊറോന പ്രസിഡണ്ടായി നിയമിതനായിരിക്കുന്ന ശ്രീ. ലൈസൺ മാവുങ്കൽ (ചെമ്പേരി) ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

**13. വിസിറ്റേഴ്സ്: നന്ദിയും സ്വാഗതവും**

സൺഡേസ്കൂൾ ഫൊറോന വിസിറ്റർമാരായി സ്തുത്യർഹമായി സേവനം ചെയ്ത ശ്രീ. ടോമി എടാട്ടേൽ (ആലക്കോട്), ശ്രീ. സോയ് ജോസഫ് പുറവക്കാട്ട് (ചെമ്പന്തൊട്ടി), ശ്രീ. രാജു ജോസഫ് മുണ്ടോളിയ്ക്കൽ (ചെമ്പേരി), ശ്രീ. ജോണി ജോസഫ് കൈപ്പള്ളിപ്പാറയിൽ (ചെറുപുഴ), ശ്രീ. ബേബി മാടപ്പള്ളിൽ (കാഞ്ഞങ്ങാട്), ശ്രീ. ജോസ് പുഷ്പക്കുന്നേൽ (മണിക്കടവ്), ശ്രീമതി. സലോമി മാത്യു കല്ലുവേലിൽ (പനത്തടി), എന്നിവർക്ക് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ സൺഡേ സ്കൂൾ വിസിറ്റർമാരായി നിയമിതരായിരിക്കുന്ന (ആലക്കോട്), ശ്രീ. ഫിലിപ്പ് ജോൺ പുല്ലംപ്ലാവിൽ (ചെമ്പന്തൊട്ടി), ശ്രീ.

ബിജു തയ്യിൽ (ചെമ്പേരി), ശ്രീ. സഞ്ജയ് കോയിപ്പുറം (കാഞ്ഞങ്ങാട്), ശ്രീ. ബാബു പതിപ്പള്ളിൽ (മണിക്കടവ്), ശ്രീ. വർഗ്ഗീസ് എ.ജെ അന്തിക്കാട്ട് (പനത്തടി) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**14. ആമുഖസെമിനാർ... നന്ദി**

ജൂൺ 26 മുതൽ 28 വരെയുള്ള തീയതികളിലായി സന്ദേശഭവനിൽവച്ച് നടത്തിയ 77-ാമത് ആമുഖസെമിനാറിൽ 93 വിശ്വാസപരിശീലകർ പങ്കെടുത്തു. ആമുഖസെമിനാർ മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോബി കോവാട്ട് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ. ഡോ. ആന്റണി കിടാരത്തിൽ സ്വാഗതവും, റവ. ഡോ. മാത്യു കൊട്ടകാപ്പള്ളി ആശംസയും, റവ. ഫാ. ജോസഫ് വയലുങ്കൽ നന്ദിയും പറഞ്ഞു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി, റവ. ഡോ. ജോർജ് കരോട്ട്, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, റവ. ഡോ. ജോബി കോവാട്ട്, റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ, റവ. ഡോ. ആന്റണി കിടാരത്തിൽ, റവ. ഫാ. അമൽ തൈപ്പറമ്പിൽ, റവ. ഡോ. ഫിലിപ്പ് കവിയിൽ, ശ്രീ. ജോബി ജോൺ മൂലയിൽ, റവ. സി. സീന സേവ്യർ എഫ്.സി.സി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. മോഡൽക്ലാസ്സ് എടുത്ത സി. സീന സേവ്യർ എഫ്.സി.സിയ്ക്കും റിസോഴ്സ് ടീം അംഗങ്ങൾക്കും പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അവരെ പറഞ്ഞയച്ച ബഹു. വികാരിയച്ചൻമാർക്കും പ്രധാനധ്യാപകർക്കും ഹൃദ്യമായ നന്ദി.

**15. സർവ്വേ ഫോം - നന്ദി**

2026-2027 അധ്യയനവർഷത്തെ വിശ്വാസപരിശീലകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ഓഫീസിൽ എത്തിച്ച എല്ലാ പ്രധാനധ്യാപകർക്കും നന്ദി.

**16. ദൈവാലയ ശുശ്രൂഷകരുടെ ധ്യാനം**

തലശ്ശേരി അതിരൂപതയിലെ വിവിധ ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന കപ്യാരുമാർക്കുവേണ്ടിയുള്ള ധ്യാനം ജൂൺ 22, 23, 24 തീയതികളിൽ സന്ദേശഭവനിൽവച്ച് നടന്നു. റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഡോ. ആന്റണി കിടാരത്തിൽ, റവ. ഫാ. മാത്യു മുക്കുഴി, റവ. ഫാ. ഏഷ്യൽ ആനക്കല്ലിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**17. അതിരൂപതാ സന്ദർശകരുടെ സമ്മേളനം - നന്ദി**

ജൂൺ 27-ന് തലശ്ശേരി സന്ദേശഭവനിൽവച്ച് അതിരൂപതാ സന്ദർശകരുടെ പ്രഥമസമ്മേളനം നടത്തി. പങ്കെടുത്ത എല്ലാ അതിരൂപതാ സന്ദർശകർക്കും കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദി.

**18. ''എൻലൈറ്റ് 2026'' - നന്ദി**

എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ''കൗമാരം - പ്രതിസന്ധികളും പ്രതിവിധികളും'' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള

‘‘എൻലൈറ്റ് 2026’’ ജൂൺ 28-ന് ഫൊറോനതലത്തിൽ നടത്തി. 19 ഫൊറോനകളിലായി നടത്തിയ എൻലൈറ്റ് പ്രോഗ്രാമിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ എല്ലാ വികാരിയച്ചൻമാർക്കും, അധ്യാപകർക്കും, സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ചെയ്ത ഫൊറോന കമ്മിറ്റി അംഗങ്ങൾക്കും ഹൃദ്യമായ നന്ദി.

**19. സോൾട്ട് റിസോഴ്സ് ടീം ട്രെയിനിംഗ്**

സോൾട്ട് റിസോഴ്സ് ടീമിനുള്ള ട്രെയിനിംഗ് ജൂലൈ 22 ബുധനാഴ്ച ഓൺലൈനായി നടത്തി. ട്രെയിനിംഗിൽ 30 പേർ പങ്കെടുത്തു.

**20. ഏകദിന സെമിനാർ**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ ഫൊറോനകളിൽവെച്ച് നടത്തി.

**ജൂലൈ മാസം ഏകദിന സെമിനാർ നടത്തിയ ഫൊറോനകൾ**

മാലോം, ചെമ്പേരി, പേരാവൂർ, തളിപ്പറമ്പ് എന്നീ ഫൊറോനകളിൽ ഏകദിന സെമിനാർ നടത്തി. സെമിനാറിന് നേതൃത്വം നൽകിയ എല്ലാ ഫൊറോന വികാരിമാർക്കും, പ്രധാനാധ്യാപകർക്കും, പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദി.

**21. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2026-2027 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റസ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം. **ഇനി മുതൽ കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ ബന്ധപ്പെടേണ്ട മൊബൈൽ നമ്പർ 9497609687. വിളിക്കേണ്ട സമയം 9 മണിമുതൽ 5 മണിവരെ. വിളിച്ചുകിട്ടാത്തപ്പോൾ മെസേജ് അയക്കുക.**

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**22. ഡയറക്ടറച്ചന്റെ സന്ദർശനം**

ഡയറക്ടറച്ചൻ മാലോം, കരുണാപുരം, ആനറ, കാലാങ്കി, കോളയാട്, കൊന്നക്കാട് എന്നീ സൺഡേ സ്കൂളുകളിൽ സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്തൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ടെലി–ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ബിരുദദാന ചടങ്ങുകൾ**

ടെലി–ആൽഫാ സെന്ററിന്റെ നേതൃത്വത്തിൽ സ്വിറ്റ്സർലൻഡിലും അമേരിക്കയിലെ ഡാളസിലും വെച്ച് 2022–2023 വർഷങ്ങളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി ബിരുദദാന ചടങ്ങുകൾ സംഘടിപ്പിച്ചു.

ജൂൺ 7–ന് സ്വിറ്റ്സർലൻഡിൽ വെച്ച് നടന്ന ചടങ്ങിൽ 18 വിദ്യാർത്ഥികൾ ബിരുദം സ്വീകരിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ്, ബഹു. ഫിലിപ്പ് കവിയിൽ അച്ചൻ, യൂറോപ്പിന്റെ അപ്പോസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ മാർ സ്റ്റീഫൻ ചിറപ്പണത്ത് പിതാവ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. 17 ബി.ടി.എച്ച് (B.Th) വിദ്യാർത്ഥികളും ഒരു എം.ടി.എച്ച് (M.Th) വിദ്യാർത്ഥിയുമാണ് ഇവിടെ നിന്ന് ബിരുദം ഏറ്റുവാങ്ങിയത്.

ജൂൺ 15–ന് അമേരിക്കയിലെ ഡാളസിൽ വെച്ച് 2022–2023 വർഷങ്ങളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി ബിരുദദാന ചടങ്ങ് നടന്നു. 22 ബി.ടി.എച്ച് വിദ്യാർത്ഥികളും 8 എം.ടി.എച്ച് വിദ്യാർത്ഥികളും ചടങ്ങിൽ സർട്ടിഫിക്കറ്റുകൾ സ്വീകരിച്ചു.

ഈ ചടങ്ങിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ്, ഷിക്കാഗോ രൂപത ചാൻസലർ ബഹുമാനപ്പെട്ട ജോൺസൺ കോവൂർ പുത്തൻപുര അച്ചൻ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സി. റോസ്‌ലെറ്റ് വള്ളിപ്പറമ്പിൽ എന്നിവർ സംബന്ധിച്ചു.

**തലശ്ശേരി ആൽഫാ സെന്ററും ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയും തമ്മിൽ ധാരണാപത്രം**

തലശ്ശേരി ആൽഫാ സെന്ററിന്റെ കീഴിൽ 'Christian Studies' എന്ന വിഷയത്തിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനായി തലശ്ശേരി ആൽഫാ സെന്ററും കൊല്ലം ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ചാൻസലറും തലശ്ശേരി ആർച്ചുബിഷപ്പുമായ മാർ ജോസഫ് പാംപ്ലാനി അധ്യക്ഷത വഹിച്ച ചടങ്ങ് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. ജഗതിരാജ് വി. പി. ഉദ്ഘാടനം

ചെയ്തു. ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല രജിസ്ട്രാർ ഡോ. അഭിലാഷ് ബാബുവും, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡണ്ട് റവ. ഡോ. ഫിലിപ്പ് കവിയിലും ആണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. ജി. സുഗുണൻ, ഡോ. റെനി സെബാസ്റ്റ്യൻ, യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. അഭിലാഷ് ബാബു, ഡോ. ജോസഫ് കാക്കരമറ്റത്തിൽ, ഡോ. മനു മാപ്പിളപ്പറമ്പിൽ, ജോർജ് തയ്യിൽ, ഡോ. സിസ്റ്റർ റോസ്‌ലറ്റ് വള്ളിപ്പറമ്പിൽ എന്നിവർ പങ്കെടുത്തു. അഭിമാനകരമായ ഈ നേട്ടത്തിനുപിന്നിൽ പ്രവർത്തിച്ച ഏവർക്കും അഭിനന്ദനം നന്ദി.

**ഓൺലൈൻ ക്ലാസ്സുകൾ**

ടെലി-ആൽഫാ സെന്ററിന്റെ കീഴിലുള്ള ഓൺലൈൻ ക്ലാസ്സുകൾ ഓഗസ്റ്റുമാസത്തിൽ ആരംഭിക്കുന്നതാണ്. രജിസ്റ്റർ ചെയ്യാൻ താൽപര്യപ്പെടുന്നവർ ഓഫീസുമായി ബന്ധപ്പെടുക.

**നന്ദി, സ്വാഗതം**

കഴിഞ്ഞ രണ്ടു മാസം ആൽഫാ സെന്റർ അസി. ഡയക്ടറായി സേവനം ചെയ്തശേഷം ഉപരിപഠനാർത്ഥം പോയ ജോസഫ് കളപ്പുരയ്ക്കലച്ചന് ആൽഫാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയും, പുതിയ ദൗത്യങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

ആൽഫാ സെന്ററിന്റെ പുതിയ അസി. ഡയറക്ടറായി ചുമതലയേറ്റ ജോൺസൺ പുലിയുറുമ്പിൽ അച്ചന് പുതിയ ഉത്തരവാദിത്വത്തിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**ലോഗോസ് ബൈബിൾ ക്വിസ് – 2026**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 26-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

**പഠനഭാഗങ്ങൾ**

**റൂത്ത് 1-4** **സഭാപ്രസംഗകൻ 1 -6**
**1 സാമുവൽ 1-7** **വി. യോഹന്നാൻ 1-12**
**ഗലാത്തിയ 1-6**

**പരീക്ഷാ തീയതികൾ**

രൂപതാതലം : 2026 സെപ്റ്റംബർ 27, 2.00-3.30 pm
സംസ്ഥാനതലം : 2026 നവംബർ 08
മെഗാ ഫൈനൽ : 2026 നവംബർ 21-22

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*
*& ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

**ഫാ. ജോൺസൺ പുലിയുറുമ്പിൽ**
*അസി. ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

സ്വർഗ്ഗീയ സന്തോഷം ഹൃദയത്തിൽ നിറയ്ക്കുവാൻ മന്നിലേയ്ക്ക് വന്ന ദൈവപുത്രന് ജീവിതം അർപ്പിച്ച പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണവും, സ്വതന്ത്രഭാരതത്തിന്റെ ജീവശ്വാസം ഉൾക്കൊള്ളുവാൻ ഭാഗ്യം ലഭിച്ച ഭാരതീയന്റെ സന്തോഷവും ഓർമ്മിക്കുന്ന ഈ സുന്ദര സുദിനത്തിൽ എല്ലാ മിഷനറിമാർക്കും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ... വഴിതെറ്റിപ്പോയവന് ഇടയനായി പ്രവർത്തിച്ച വിശുദ്ധ ജോൺമരിയ വിയാനിയുടെ ജീവിത മാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : സ്വർഗ്ഗാരോപണ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ജോൺ മരിയ വിയാനി
പ്രാർത്ഥനാനിയോഗം : എല്ലാ വൈദികർക്കുംവേണ്ടി
സുകൃതജപം : ഈശോയെ, ഞങ്ങളുടെ വൈദികരെ സംരക്ഷിക്കണമെ.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 ശനി : പതിനഞ്ചു നോമ്പാരംഭം

03 തിങ്കൾ : ശ്രീ ജെയ്സൺ മർക്കോസ് 8-ാം ചരമവാർഷികം, അനുസ്മരണം

04 ചൊവ്വ : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

11 ചൊവ്വ : മിഷൻലീഗ് സ്ഥാപകനേതാവ് പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 17-ാം ചരമവാർഷികം.

13 വ്യാഴം : വി. ജോൺ ബെർക്കുമെൻസ് തിരുനാൾ, അൾത്താര ബാലൻമാരുടെ തിരുനാൾ

15 ശനി : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം, അതിരൂപതാതല അൽഫോൻസാ ക്വിസ്.

17 തിങ്കൾ : കർഷകദിനം – കർഷകരെ ആദരിക്കുന്നു.
28 വെള്ളി : അതിരൂപതാ സാഹിത്യമത്സരം
29 ശനി : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ.

**2. മേഖലകൾ ശ്രദ്ധിക്കാൻ :** എക്സിക്യൂട്ടീവ്, കുഞ്ഞേട്ടൻ അനുസ്മരണം, അൽഫോൻസാ ക്വിസ്സ്, സ്വർഗ്ഗാരോപണതിരുനാൾ, സ്വാതന്ത്ര്യദിനം, ദിവ്യകാരുണ്യ ആരാധന.

**3. അതിരൂപതാതല അൽഫോൻസാ ക്വിസ്സ്**

അൽഫോൻസാ ക്വിസ്സ് അതിരൂപതാതല മത്സരം ഓഗസ്റ്റ് 15–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന 3 പേർ അടങ്ങുന്ന ഒരു ടീമാണ് അതിരൂപതാമത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അംഗത്വകാർഡ് നിർബന്ധമാണ്. കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 55 കാണുക.

**4. വിയാനി ഡേ**

ഓഗസ്റ്റ് 4–ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാരെയും ശാഖാ – മേഖലാ – രൂപതാ ഡയറക്ടർമാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ, ബന്ധുക്കളും കുടുംബാംഗങ്ങളുമായ വൈദികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്യുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ മേഖലാ തലത്തിൽ വിയാനി ഡേ ആഘോഷപരിപാടികൾ സംഘടിപ്പിക്കുമല്ലോ.

**5. അതിരൂപതാ സാഹിത്യ മത്സരം**

ഓഗസ്റ്റ് 28 ന് 19 മേഖലകളിലും വെച്ച് മേഖലാ – അതിരൂപതാ സാഹിത്യമത്സരം സംയുക്തമായി നടത്തപ്പെടുന്നു. സെപ്റ്റംബർ 08 ന് മുമ്പ് മേഖലാതലത്തിൽ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയവരുടെ പേരുവിവരങ്ങളും പേപ്പറുകളും മേഖലാ കോർഡിനേറ്റർ അതിരൂപത ഓഫീസിൽ നൽകേണ്ടതാണ് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**6. അതിരൂപതാ കലോത്സവം**

അതിരൂപത കൊയിനോണിയ ബൈബിൾ കലോത്സവം ഒക്ടോബർ 20, 21 തീയതികളിൽ നടത്തപ്പെടുന്നതാണ്. അതിരൂപത നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കും ഈ വർഷത്തെ കലോത്സവം ക്രമീകരിക്കുന്നത്. നിർദ്ദേശങ്ങൾക്കനുസരിച്ച് മത്സരാർത്ഥികളെ ഒരുക്കുമല്ലോ.

**7. അതിരൂപതാതല മിഷൻ ക്വിസ്**

അതിരൂപതാതല മിഷൻ ക്വിസ് മത്സരം ഒക്ടോബർ 10 ന് നടക്കും. പഠന വിഷയങ്ങൾ : വിശുദ്ധ പൗലോസ് ഗലാത്തിയാകാർക്ക് എഴുതിയ ലേഖനം 01-06 (40%), പ്രേഷിത വഴിയിലെ വിജയഗാഥ അദ്ധ്യായങ്ങൾ 6-11 (30%), എന്റെ മിഷൻലീഗ് (20%), സഭ (10%). പഠനവിഷയങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**8. കുഞ്ഞേട്ടൻ അനുസ്മരണം - സ്റ്റാറ്റസ് വീഡിയോ & ചിത്രരചന മത്സരം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ. പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 17-ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ ഓഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച നടത്തുമല്ലോ. അതിരൂപതാതല അനുസ്മരണം മാടത്തിൽ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

അതോടൊപ്പം ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ചിത്രരചന മത്സരം 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സ്റ്റാറ്റസ് വീഡിയോ മത്സരവും നടത്തപ്പെടുന്നു.

**A. നിബന്ധനകൾ - ചിത്രരചന**

1. 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2. ശാഖയിൽ മത്സരം നടത്തി ഫസ്റ്റ് കിട്ടുന്ന ചിത്രം മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ (ഒരു ശാഖയിൽ നിന്നും ഒരെണ്ണം).
3. A4 പേപ്പർ ആണ് ഉപയോഗിക്കേണ്ടത്.
4. കുഞ്ഞേട്ടന്റെ Full Size ഫോട്ടോ പെൻസിൽ ഡ്രോയിംഗ് ആണ് വരക്കേണ്ടത്.
5. ആൺ - പെൺ വ്യത്യാസമില്ല.
6. പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ കൃത്യമായും പേപ്പറിൽ രേഖപ്പെടുത്തിയിരിക്കണം.
7. അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 15

**B) നിബന്ധനകൾ - സ്റ്റാറ്റസ് വീഡിയോ**

1. 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2. ഒരുശാഖയിൽ നിന്നും ഫസ്റ്റ് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ. (ആൺ, പെൺ വിത്യാസം ഇല്ല)
3. വിഷയം : മിഷൻലീഗ് കുഞ്ഞേട്ടൻ.
4. സമയദൈർഘ്യം 30 സെക്കന്റിൽ താഴെ ആയിരിക്കണം.
5. കുഞ്ഞേട്ടന്റെ ജീവിതത്തിൽ ആദരവർപ്പിക്കുന്നവിധത്തിലും, ആസ്വാദകർക്ക് പ്രചോദനം നൽകുന്ന വിധത്തിലും ആയിരിക്കണം സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കേണ്ടത്.

6. വിഷയ ബന്ധിതമായിരിക്കുന്നവയും, മനോഹരവും ഏറ്റവും ആകർഷ മായും തയ്യാറാക്കുന്നവയായിരിക്കും പരിഗണിക്കുന്നത്.
7. പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ കൃത്യമായും രേഖ പ്പെടുത്തിയിരിക്കണം.
8. വീഡിയോ പോർട്രേറ്റ് രീതിയിൽ ചിത്രീകരിക്കാൻ ശ്രദ്ധിക്കണം
9. അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 15
10. വീഡിയോയിൽ മത്സരാർത്ഥിയെ തിരിച്ചറിയാവുന്ന വിവരങ്ങൾ ഒന്നും പാടില്ല.
11. അയ്ക്കേണ്ട നമ്പറുകൾ – **8281255847**

**9. ജെയ്സൺ മർക്കോസ് അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മി കമായി മരണമടഞ്ഞ ശ്രീ. ജെയ്സൺ മർക്കോസ് പാലയൂർപൂവത്തിങ്കൽ 8-ാം ചരമവാർഷിക അനുസ്മരണം പേരാവൂർ മേജർ ആർക്കി എപ്പിസ്കോ പ്പൽ ഫോറോന പള്ളിയിൽവച്ച് നടക്കും.

**10. എം.റ്റി.സി. പഠനസഹായി**

ഓരോ മേഖലയ്ക്കും ആവശ്യമായ 2026 -2027 വർഷത്തേക്കുള്ള എം. റ്റി.സി. പഠനസഹായി തയ്യാറാക്കുന്നുണ്ട്. മേഖലയ്ക്ക് ആവശ്യമായ എണ്ണം അനുസരിച്ച് ഓഗസ്റ്റ് മാസം നൽകുന്നതായിരിക്കും. എം.റ്റി.സി. ക്യാമ്പുക ളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖ പേജ് 60 കാണുക.

**11. ശാഖാ സന്ദർശനങ്ങൾ**

ഓഗസ്റ്റ് ആദ്യ ആഴ്ചമുതൽ അതിരൂപതാ ഭാരവാഹികളുടെയും, ഓർഗ നൈസിംഗ് ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ ശാഖാ സന്ദർശനങ്ങൾ ആരംഭിക്കുന്നതായിരിക്കും. വൈസ് ഡയറക്ടേഴ്സ് റിപ്പോർട്ടുകൾ കൃത്യ മായി എഴുതി സൂക്ഷിക്കുമല്ലോ. സന്ദർശനം നടത്തുന്ന മേഖലകളുടെ ക്രമം മാർഗ്ഗരേഖയിൽ ചേർത്തിട്ടുണ്ട് ശ്രദ്ധിക്കുമല്ലോ. അതുകൂടാതെ സന്ദർശനം നടത്തുന്ന മേഖലകളെ ഒരിക്കൽകൂടി അറിയിക്കുന്നതായിരിക്കും.

**ഓഗസ്റ്റ് മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ:**

കാസർഗോഡ് (ഓഗസ്റ്റ് 2) കാഞ്ഞങ്ങാട് (ഓഗസ്റ്റ് 9) പനത്തടി (ഓഗസ്റ്റ് 16) മാലോം (ഓഗസ്റ്റ് 23) വെള്ളരിക്കുണ്ട് (ഓഗസ്റ്റ് 30).

**12. അൾത്താരബാലൻമാരുടെ ദിനം**

ഓഗസ്റ്റ് 13 ന് വി. ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ദിനമാണ ല്ലോ. അന്നേദിനം അൾത്താരബാലൻമാരുടെ ദിനമായി നാം ആചരിക്കു മ്പോൾ ശാഖാ - മേഖലാ തലത്തിൽ അൾത്തരബാലൻമാരെ ആദരിക്കു

കയും അവർക്ക് സെമിനാറുകളും, ക്ലാസുകളും ക്രമീകരിക്കുവാൻ ശ്രദ്ധി ക്കുമല്ലോ. അതിരൂപതാ തലത്തിൽ അൾത്താരബാലന്മാരുടെ ദിനം ഓഗസ്റ്റ് 9-ാം തീയതി മാടത്തിൽ ശാഖയിൽ വച്ച് നടത്തുന്നതായിരിക്കും.

**13. ഹൃദ്യമായ നന്ദി**

കർമനിരതമായ പ്രവർത്തനശൈലിയിലൂടെ ചെമ്പന്തൊട്ടി മേഖല വൈസ് ഡയറക്ടറായി ശുശ്രൂഷ ചെയ്ത സി. ഡിഗ്ന FCC ക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദി.

**14. ഹൃദ്യമായ സ്വാഗതം**

ചെമ്പന്തൊട്ടി മേഖല വൈസ് ഡയറക്ടറായി നിയമിതയായിരിക്കുന്ന സി. ടെസ്ന എസ് എച്ച്-ന് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**15. അതിരൂപതാ മാനേജിംഗ് കമ്മറ്റി - ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ**

ജൂലൈ 11-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് പുഷ്പഗിരി ദർശന ധ്യാനകേന്ദ്രത്തിൽ വച്ച് അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ ചെന്നിക്കരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അതിരൂപതാ മാനേജിംഗ് കമ്മ റ്റിയിൽ 180 പേർ പങ്കെടുത്തു. അതിരൂപത വികാരി ജനറാൾ മോൺ. സെബാ സ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ അതിരൂപതാ സെക്ര ട്ടറി മനോജ് മുടവനാട്ട് മാനേജിംഗ് കമ്മറ്റി റിപ്പോർട്ടും, ഓഡിറ്റ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. അതോടൊപ്പം ജൂനിയർ ഭാരവാഹികളുടെ തിര ഞ്ഞെടുപ്പും നടന്നു.

**അതിരൂപതാ ജൂനിയർ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | : ഡിയോൺ എടത്തിനാൽ (എടൂർ) |
| വൈസ് പ്രസിഡന്റ് | : ആൻഡ്രിയ കുന്നേൽ (മണിക്കടവ്) |
| സെക്രട്ടറി | : ജോഷ്വാ മുത്തുമാംകുഴി (വായാട്ടുപറമ്പ്) |
| ജോ. സെക്രട്ടറി | : നെൽന കാരിക്കാകുന്നേൽ ( പേരാവൂർ) |
| ഓർഗനൈസർ | : ഗോഡ്വിൻ ആലപ്പുരക്കൽ (പുലികുരുമ്പ) |
| ഓർഗനൈസർ | : അന്ന മുടവനാട്ട് (കനകപ്പള്ളി) |

ജൂനിയർ ഭാരവാഹികൾക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തി ലേക്ക് ഹൃദ്യമായ സ്വാഗതം.

**16. കാഞ്ഞാട് റീജിയണൽ വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

കാഞ്ഞങ്ങാട് റീജിയണിൽ ഉള്ളവർക്ക് അംഗത്വകാർഡ് സീൽ ചെയ്യാൻ സൗകര്യത്തിനായി ആഗസ്റ്റ് 1-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി

മുതൽ 2 മണിവരെ അതിരൂപതാ ടീം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. അംഗത്വകാർഡ് സീൽ ചെയ്യാൻ വരുമ്പോൾ (മിഷൻലീഗ് – തിരുബാലസഖ്യം) അംഗത്വ രജിസ്റ്റർ കൊണ്ടുവരണം. അതോടൊപ്പം അംഗത്വ ഫോമിൽ തുടർച്ചയായി നമ്പർ ഇട്ട് കുട്ടികളുടെ പേര് എഴുതി കൊണ്ടുവരുന്ന കാര്യവും പ്രത്യേകം ഓർമ്മിക്കുമല്ലോ. ഓഫീസ് സംബന്ധമായി നിങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങാനും വിവിധ കുടിശ്ശികകൾ അടക്കുവാനും സൗകര്യമുണ്ടായിരിക്കും.

**17. ജീവകാരുണ്യകൂപ്പൺ**

മിഷൻലീഗ് സംഘടനാപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തുന്ന ജീവകാരുണ്യ കൂപ്പൺ മേഖലകളുടെ നേതൃത്വത്തിൽ എല്ലാ ശാഖകളിലും എത്തിക്കാണുമല്ലോ. ഒക്ടോബർ 2-ാം തീയതി വെള്ളിയാഴ്ചയായിരിക്കും നറുക്കെടുപ്പ് നടത്തപ്പെടുക. സെപ്റ്റംബർ 10-ാം തീയതി തുകയും മുഴുവൻ കുറ്റികളും ശാഖതിരിച്ച് മേഖലാ നേതൃത്വത്തിൽ അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

**18. മിഷൻ ഞായർ കലണ്ടർ**

ഈ വർഷം മിഷൻ കലണ്ടർ എല്ലാ ശാഖകളിൽ നിന്നും ലഭിച്ച എണ്ണമനുസരിച്ച് മേഖലകളിൽ എത്തിക്കുന്നതാണ്.

**19. സെമിനാറുകൾ, ക്യാമ്പുകൾ**

- 19 -07-2026 ന് പൂളക്കുറ്റി ശാഖയിൽ ഫാ. ജോസഫ് വയലുങ്കൽ സെമിനാർ നടത്തി.
- 12-07-26 ന് പനത്തടി മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ ഫാ. ജോസഫ് വയലുങ്കൽ, ഷിജോ സ്രായിൽ എന്നിവർ പങ്കെടുത്തു.

**20. ആദരാഞ്ജലികൾ**

അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വയലുങ്കലിന്റെ അമ്മ റോസമ്മ ജോണിന്റെ നിര്യാണത്തിൽ അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു. പരിശുദ്ധ അമ്മയുടെ ജീവിത മാതൃക സ്വന്തമാക്കി മുന്നേറുവാൻ കുഞ്ഞുകൂട്ടുകാർക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : സ്വർഗ്ഗാരോപണ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ജോൺ മരിയ വിയാനി
പ്രാർത്ഥനാനിയോഗം : എല്ലാ വൈദികർക്കുംവേണ്ടി
സുകൃതജപം : എന്റെ അമ്മേ എന്റെ ആശ്രയമേ
വചനം : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. (വി. ലൂക്കാ 1:46)
പ്രവൃത്തി : ഭവനസന്ദർശനം, രോഗീസന്ദർശനം നടത്തുക
മനഃപാഠമാക്കുക : വി. ജോൺ മരിയ വിയാനി, വി. മാക്സ് മില്യൻ കോൾബേ എന്നിവരെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : പരിശുദ്ധ അമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മാതാവിന്റെ സ്തോത്രഗാനം ശാഖകളിൽ മത്സരം നടത്തുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ശനി : പതിനഞ്ചു നോമ്പാരംഭം
4 ചൊവ്വ : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ
5 ശനി : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം,
17 തിങ്കൾ : കർഷകദിനം - കർഷകരെ ആദരിക്കുന്നു.
29 ശനി : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ.

**2. വിയാനി ഡേ**

ആഗസ്റ്റ് 4-ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ പിതാക്കൻമാർക്കും ബഹു. വികാരിയച്ചനും ആശംസകളർപ്പിക്കുവാനും എല്ലാ വൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**3. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, എന്റെ സഭയെ അറിയാം... ഒന്നിച്ചു വളരാം... എന്ന ഒന്നാം അധ്യായത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർ ചെയ്ത് ഏറ്റവും നല്ല 3 എണ്ണം ആഗസ്റ്റ് 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**4. ആനിമേറ്റേഴ്സിന്റെ ശ്രദ്ധക്ക്**

സ്നേഹമുള്ള തിരുബാലസഖ്യം ആനിമേറ്റേഴ്സ് വർക്കുബുക്കിലെ നിറംകൊടുക്കാമോ എന്ന വർക്ക് അതതുമാസത്തിൽ ഗിരിദീപത്തിൽ നിർദ്ദേശിക്കുന്ന അദ്ധ്യായങ്ങൾ മാത്രം കുട്ടികളെക്കൊണ്ട് ചെയ്യിച്ച് എല്ലാ മസവും 20-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു ശാഖയിൽ നിന്നും ഏറ്റവും നല്ല 3 എണ്ണം മാത്രമാണ് അതിരൂപതയിലേക്ക് അയക്കേണ്ടത്. കൂടുതൽ അയക്കുന്നവ പരിഗണിക്കുന്നതല്ല. അയയ്ക്കുന്ന പേപ്പറിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി എഴുതുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റൊലേറ്റ്

"എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നു; അവിടുന്ന് എനിക്കുത്തരമരുളും."
(സങ്കീർത്തനങ്ങൾ120:1).

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**മേഖലകൾ / യൂണിറ്റുകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| ആഗസ്റ്റ് 01 | – | 15 നോമ്പാരംഭം |
| ആഗസ്റ്റ് 04 | – | വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ<br>ബഹു. വൈദികർക്ക് ആശംസകൾ നേരുക |
| ആഗസ്റ്റ് 15 | – | സ്വർഗ്ഗാരോപണ തിരുനാൾ, സ്വാതന്ത്ര്യദിനം<br>ജവാൻമാരെ ആദരിക്കുക |
| ആഗസ്റ്റ് 17 | – | കേരള കർഷകദിനം |

**കൊയ്നോണിയ 2K26**

അതിരൂപത കൊയ്നോണിയ ബൈബിൾ കലോത്സവം ഒക്ടോബർ 20, 21 തീയതികളിൽ നടത്തപ്പെടുന്നതാണ്. അതിരൂപത നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കും ഈ വർഷത്തെ കലോത്സവം ക്രമീകരിക്കുന്നത്. നിർദ്ദേശങ്ങളെല്ലാം കൃത്യമായി വായിച്ച് മനസ്സിലാക്കി അതനുസരിച്ച് മത്സരാർത്ഥികളെ തയ്യാറാക്കുമല്ലോ.

**വിഷൻ 19**

സ്വപ്നങ്ങൾക്ക് ദിശയും നേതൃത്വത്തിന് കരുത്തും യുവജന പ്രസ്ഥാനത്തിന് പൊതുജീവനും നൽകുന്ന വിഷൻ 19 സമുദായ ശാക്തീകരണ വർഷ യൂണിറ്റ് നേതൃസംഗമം ആദ്യ ക്ലസ്റ്റർ മണിക്കടവ്, നെല്ലിക്കാംപൊയിൽ ഫൊറോനകളിൽ ജൂലൈ 19 ന് പൂർത്തിയാക്കി. ആഗസ്റ്റ് മാസത്തിൽ എല്ലാ ഫൊറോനകളിലും ക്രമീകരിക്കാൻ ബഹുമാനപ്പെട്ട ഫൊറോന ഡയറക്ടറച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**Kick out drugs Campaign**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന Kick out drugs Campaign ന്റെ അതി

രൂപതാതല ഉദ്ഘാടനം 26-6-26ന് രാവിലെ 10 മണിക്ക് തലശ്ശേരി ബസ്റ്റാൻഡിൽ വച്ച് നടത്തി. പുതുപ്പള്ളി നിയോജകമണ്ഡലം എംഎൽ എ ശ്രീ. ചാണ്ടി ഉമ്മൻ ഉദ്ഘാടനം നിർവഹിച്ചു. ഡിവൈഎസ്പി ഡോ. നന്ദഗോപൻ മുഖ്യാതിഥിയായി. BKJM നഴ്സിംഗ് കോളേജ് വിദ്യാർത്ഥികൾ ലഹരി വിരുദ്ധ സന്ദേശം നൽകുന്ന ഫ്ളാഷ് മോബ് അവതരിപ്പിച്ചു.

**Archangel Michael Emergency Response Team**

അടിയന്തര സാഹചര്യങ്ങളെ ആത്മവിശ്വാസത്തോടെ നേരിടാൻ യുവജനങ്ങളെ സജ്ജരാക്കിയ Archangel Michael Emergency Response Team ന്റെ പരിശീലനത്തിൽ ഇരിട്ടി, തോമാപുരം ക്ലസ്റ്ററിനെ പ്രതിനിധീകരിച്ച് സജീവമായി പങ്കെടുത്ത എല്ലാ പ്രിയപ്പെട്ട യുവജന സുഹൃത്തുക്കൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**യൂണിറ്റ് യുവജന ദിനാചരണം**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ യുവജനദിനം അതിരൂപതയിലെ മിക്ക യൂണിറ്റുകളിലും പതാക ഉയർത്തലും വിശുദ്ധ തോമസ് മൂർ അനുസ്മരണവും ഉൾപ്പെടെ വിവിധ പരിപാടികളോടെ ആചരിച്ചു. അതിരൂപതാതല ഉദ്ഘാടനം പനത്തടി ഫൊറോനയിലെ മേരിപുരം യൂണിറ്റിൽ ഫാ. അഖിൽ മാത്യു മുക്കുഴി നിർവഹിച്ചു. അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കര അധ്യക്ഷത വഹിച്ചു. പനത്തടി ഫൊറോന ഡയറക്ടറും മേരിപുരം യൂണിറ്റ് വികാരിയമായ ഫാ. ജോർജ് വെള്ളരിങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തി.

**പതാക പ്രയാണം**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നിർദ്ദേശമനുസരിച്ച് നെല്ലിക്കാംപൊയിൽ, മണിക്കടവ്, മേരിഗിരി, പനത്തടി, തോമാപുരം, ചെമ്പേരി, കാസർഗോഡ്, ആലക്കോട്, കുന്നോത്ത്, വായാട്ടുപറമ്പ്, ചെറുപുഴ എന്നിവിടങ്ങളിൽ പതാക പ്രയാണം പൂർത്തിയാക്കി.

**വി. തോമസ് മൂർ ദിനാചരണം**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ ചെമ്പേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ അതിരൂപതാതല തോമസ് മൂർ ദിനാചരണവും യുവജന സംഗമവും ചെമ്പേരി ഫൊറോനയിൽ വച്ചു നടത്തപ്പെട്ടു. സജീവ് ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കര അധ്യക്ഷത വഹിച്ചു. ചെമ്പേരി ലൂർദ് മാതാ ബസിലിക്ക റെക്ടർ വെരി. റവ. ഫാ. തോമസ് തയ്യിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപത ഡയറക്ടർ ഫാ. അഖിൽ

മാത്യു മുക്കുഴി ആമുഖപ്രഭാഷണം നടത്തി. തോമസ് മൂർ ദിനാചരണത്തിന്റെ ഭാഗമായി യുവജനങ്ങൾ പുഷ്പാർച്ചന നടത്തി. വിവിധ കലാപരിപാടികളും അരങ്ങേറി. തോമസ് മൂർ ദിനാചരണത്തിന് ആതിഥേയത്വം വഹിക്കുകയും എറ്റവും മനോഹരമായ രീതിയിൽ പരിപാടി നടത്തുകയും ചെയ്ത ചെമ്പേരി ഫൊറോന ഡയറക്ടർ ജിസ് കളപ്പുരക്കൽ അച്ചനും പ്രസിഡന്റ് ഡോൺ ഇലവുംങ്കലിനും ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചെയ്തു തന്ന ചെമ്പേരി ഫൊറോന ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ, യൂണിറ്റ് വികാരിമാർ, മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ച യൂണിറ്റുകൾ, ദിനാചരണം വിജയമാക്കാൻ സഹായിച്ച എല്ലാ യുവജന സുഹൃത്തുക്കൾക്കും കെസിവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി.

**നിവേദനം നൽകി**

ദുക്റാന തിരുനാൾ ദിനമായ ജൂലൈ 03ന് പൊതു അവധിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതി മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ, ഉന്നത വിദ്യാഭ്യാസ സമിതികൾക്കും ഇമെയിൽ മുഖേന നിവേദനം നൽകി.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

പ്രിയപ്പെട്ടവരെ,

ആഗസ്റ്റ് മാസം കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട മാസമാണ്. ജന്മനാടിന്റെ സ്വാതന്ത്രദിനവും, പരിശുദ്ധ അമ്മയുടെ സ്വർഗാരോപണ തിരുനാളും നമ്മൾ ആഘോഷിക്കുന്നു. കേരളീയർ ഒരു മനസ്സോടെ കൊണ്ടാടുന്ന ഓണാഘോഷവും ഈ മാസത്തിലാണ്. വൈദികരെ പ്രത്യേകമായോർത്ത് പ്രാർത്ഥിക്കുന്ന ദിനമായ ജോൺ മരിയ വിയാനി പുണ്യവാന്റെ തിരുനാൾ, നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ, നമുക്ക് പരിചിതരും പ്രശസ്തരുമായ ഒട്ടനവധി വിശുദ്ധരുടെ തിരുനാളുകൾ എന്നിങ്ങനെ ഒരുപാട് സന്തോഷദിനങ്ങൾ തുടരെത്തുടരെ വരുമ്പോൾ ഇവയെല്ലാം കുടുംബബന്ധങ്ങളുടെ ഇഴയടുപ്പം വർദ്ധിപ്പിച്ച് കൂട്ടായ്മ ശക്തിപ്പെടുത്താനുള്ള അവസരങ്ങളാക്കി നമുക്ക് രൂപപ്പെടുത്താം.

## I. കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യൂട്ടീവ് സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

**1. ഇടവക എക്സിക്യൂട്ടീവ്:** വികാരിയച്ചൻ (ചെയർമാൻ), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരിഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ്, (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**2. ഫൊറോന എക്സിക്യൂട്ടീവ് :** ഫൊറോന വികാരിയച്ചൻ (ചെയർമാൻ), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറക്ടർ (പ്രസിഡന്റ്), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസിഡന്റ്, പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

**3. അതിരൂപതാ എക്സിക്യൂട്ടീവ് :** സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി ആവശ്യമായ സമയത്ത് സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**1. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ

കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്, പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

g) കുടുംബ കൂട്ടായ്മ ആന്തം എല്ലാ കൂട്ടായ്മകളിലും ആലപിക്കുക.

h) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിപ്പിച്ച് വി. കുർബ്ബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

i) പ്രതിമാസ റിപ്പോർട്ടിന്റെ ഗൂഗിൾ ഫോം പൂരിപ്പിച്ച് അതാതുമാസം അതിരൂപതാ ഓഫിസിലേക്ക് അയക്കുക.

j) വിവിധ വാർഡ് കൂട്ടായ്മകളുടെ നേതൃത്വത്തിൽ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് സേവനം നടത്തുകയും ഭക്ഷണസാധനങ്ങൾ, അവശ്യവസ്തുക്കൾ എന്നിവ നൽകുകയും ചെയ്യുക.

**4. ഇടവക കോർഡിനേറ്റർമാരുടെ അതിരൂപതാതല സംഗമം**

തലശ്ശേരി അതിരൂപത കുടുംബകൂട്ടായ്മയുടെ 2026-2029 വർഷങ്ങളിലേക്കുള്ള ഇടവക കോർഡിനേറ്റർമാരുടെ അതിരൂപതാതല സംഗമം തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വെച്ച് 30-06-2026-ന് നടത്തപ്പെട്ടു. ശക്തമായ അല്മായ നേതൃത്വം സഭയുടെ അനിവാര്യതയാണെന്നും, ഇടവക കോർഡിനേറ്റർ ഇടവക സമൂഹത്തിന്റെ മുഴുവൻ പ്രതിനിധിയാണെന്നും, വികാരിമാരുമായി ചേർന്ന് സഭയുടെ ശുശ്രൂഷാദൗത്യത്തിൽ സജീവ പങ്കാളിത്തം ഉറപ്പാക്കേണ്ട ഉത്തരവാദിത്വം കോർഡിനേറ്റർമാർക്കാണെന്നും ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടന പ്രസംഗത്തിൽ പറയുകയുണ്ടായി.

കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. ജോബി കോവാട്ട്, വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ പാലാക്കുഴി എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. ഇടവകാതല പ്രവർത്തനങ്ങളുടെ അവലോകനത്തിനു ശേഷം മാർ ജോസഫ് പാംപ്ലാനിയുടെ നേതൃത്വത്തിൽ കോർഡിനേറ്റർമാരുമായി സംവാദവും ചർച്ചയും സംഘടിപ്പിച്ചു. അതിരൂപതയുടെ ഭാവി പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചർച്ചയിൽ പങ്കുവെച്ചു.

2026-2029 വർഷങ്ങളിലേക്കുള്ള അതിരൂപത കോർഡിനേറ്ററായി ശ്രീ. ജോണി വടക്കേക്കര, സെക്രട്ടറിയായി ശ്രീ. സിവിക്കുട്ടി മ്ലാമലപതാലിൽ എന്നിവരെ യോഗം തെരഞ്ഞെടുത്തു. പ്രസ്തുത യോഗത്തിൽ കുടുംബ കൂട്ടായ്മ സെക്രട്ടറി ജോർജ് തയ്യിൽ സ്വാഗതവും ജോണി വടക്കേക്കര നന്ദിയും പറഞ്ഞു.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ജൂലൈ 16,17,18 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 74 പേർ സംബന്ധിച്ചു. മാതാപിതാക്കൾക്കുള്ള ക്ലാസ്സുകൾ നൽകി. അതിൽ 60 പേർ പങ്കെടുത്തു. കോഴ്സിൽ പങ്കെടുത്ത 40 പേർക്ക് കൗൺസിലിംഗ് നൽകി.

**Time Schedule**

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 1000 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **അവസാനദിവസം കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. അവരെ പറഞ്ഞയയ്ക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണം.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2026 | | | |
|---|---|---|---|
| August | 13-15 | (Thusday - Saturday) | Thalassery |
| September | 17-19 | (Thusday - Saturday) | Padannakkad |
| October | 15-17 | (Thusday - Saturday) | Thalassery |
| November | 03-05 | (Tuesday - Thursday) | Padannakkad |
| November | 16-18 | (Monday - Wednesday) | Thalassery |
| December | 07-09 | (Monday - Wednesday) | Padannakkad |
| December | 28-30 | (Monday - Wednesday) | Thalassery |

## III. മാതൃവേദി

### a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

### b) സീറോ മലബാർ സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച്

പൈസക്കരി, പേരാവൂർ, തളിപ്പറമ്പ്, ചെമ്പേരി മേഖലകളിൽ ജൂൺ 27, ജൂലൈ 4,11,14 തീയതികളിലായി ജ്വാല പ്രോഗ്രാം നടത്തപ്പെട്ടു. പൈസക്കരി മേഖലയുടേത് വെമ്പുവ ഹോളിക്രോസ് ദൈവാലയത്തിൽ വെച്ചും, പേരാവൂർ മേഖലയുടേത് ചെങ്ങോം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വെച്ചും, തളിപ്പറമ്പ് മേഖലയുടേത് സെന്റ് മേരീസ് ദൈവാലയത്തിൽ വെച്ചും, ചെമ്പേരി മേഖലയുടേത് വി. മദർ തെരേസ ഓഡിറ്റോറിയത്തിൽ വെച്ചും നടത്തി. പ്രസിഡന്റുമാരുടെ അധ്യക്ഷതയിൽ ചേർന്ന യോഗം യഥാക്രമം പൈസക്കരി ഫൊറോന വികാരി വെരി. റവ. ഫാ. നോബിൾ ഓണംകുളം, പേരാവൂർ ആർക്കി എപ്പിസ്കോപ്പൽ ആർച്ച് പ്രീസ്റ്റ് വെരി. റവ. ഫാ. മാത്യു തെക്കേമുറി, ചെമ്പേരി ബസിലിക്ക റെക്ടർ വെരി. റവ. ഫാ. തോമസ് തയ്യിൽ, അതിരൂപതാ ഡയറക്ടർ എന്നിവർ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. അതിരൂപത ആനിമേറ്റർ, അതിരൂപത ഭാരവാഹികൾ, മേഖല ഡയറക്ടർ, ആനിമേറ്റർ, ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. 'അമ്മമാർ കൂട്ടായ്മയുടെ സംരക്ഷകർ' എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപത ഡയറക്ടർ ക്ലാസ് എടുത്തു. തുടർന്ന് അമ്മമാരുടെ വിവിധങ്ങളായ കലാപരിപാടികളും ജ്വാല പ്രോഗ്രാമിന് മിഴിവേകി. യൂണിറ്റ് മേഖല ഭാരവാഹികളുടെ സജീവ സാന്നിധ്യം പ്രോഗ്രാമിനെ വിജയത്തിൽ എത്തിച്ചു.

### c) അതിരൂപതാ പിതൃദിനാഘോഷം @ ചെമ്പേരി

അന്താരാഷ്ട്ര പിതൃദിനത്തോടനുബന്ധിച്ച് അതിരൂപതാതല ആഘോഷം ചെമ്പേരി ബസിലിക്ക ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. റെക്ടർ ഫാ. തോമസ് തയ്യിൽ സ്വാഗതമാശംസിച്ചു. തുടർന്ന് അതിരൂപതാ ഡയറക്ടർ വി. ബലിയർപ്പിച്ച് പിതൃദിനത്തെക്കുറിച്ചും അത് ആഘോഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പിതാക്കൻമാരുടെ ദൗത്യങ്ങളെക്കുറിച്ചും സംസാരിച്ചു. തുടർന്ന് തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. മാതൃവേദി അമ്മമാരുടെ നേതൃത്വത്തിൽ അപ്പച്ചൻമാരെ ആദരിക്കുകയും എല്ലാവർക്കും പായസം വിതരണം ചെയ്യുകയും ചെയ്തു.

### d) അന്ന – യൊവാക്കിം അതിരൂപതാതല ആഘോഷം @ അറബി

ഗ്രാന്റ് പേരന്റ്സ്ഡേ അതിരൂപതാതലത്തിൽ നെല്ലിക്കാംപൊയിൽ മേഖലയിലെ അറബി ഇടവകയിൽ വെച്ച് സമുചിതമായ രീതിയിൽ ആഘോഷിച്ചു. ശ്രീമതി ജയമോൾ പുതിയാകുളങ്ങരയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇടവക വികാരി റവ. ഫാ. ജുബിൻ കണിപ്പറമ്പിൽ ഏവരെയും സ്വാഗതം ചെയ്തു. ഫൊറോന വികാരി വെരി. റവ. ഫാ. മാത്യു മുളയോലിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. അതിരൂപത ഡയറക്ടർ മുഖ്യപ്രഭാഷണവും മേഖല ഡയറക്ടർ അനുഗ്രഹപ്രഭാഷണവും നടത്തി. അതിരൂപത പ്രസിഡന്റ്, ആനിമേറ്റർ, എന്നിവർ ആശംസകൾ നേർന്നു. ഓരോ യൂണിറ്റിൽ നിന്നും കടന്നുവന്ന വല്യപ്പച്ചൻമാരെയും, വല്യമ്മച്ചിമാരെയും പൊന്നാട അണിയിച്ച് സമ്മാനങ്ങൾ നൽകി ആദരിച്ചു. അറബി യൂണിറ്റിന്റെ

മനോഹരമായ സ്കിറ്റും ഈ പ്രോഗ്രാമിൽ ഉണ്ടായിരുന്നു. മേഖല ആനിമേറ്റർ ഏവർക്കും നന്ദി പറഞ്ഞ് പ്രോഗ്രം അവസാനിപ്പിച്ചു.

**e) തിരുഹൃദയ ചിത്രരചനാ മത്സരം**

തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് അതിരൂപതയിലെ അമ്മമാർക്കായി നടത്തിയ തിരുഹൃദയ ചിത്രരചനാ മത്സരത്തിൽ 140 ഓളം പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ശ്രീമതി ജയ്നി പൂവത്തിങ്കൽ - മാടത്തിൽ
രണ്ടാം സ്ഥാനം - ശ്രീമതി സൗമ്യ ആനിമൂട്ടിൽ - പാടിയോട്ടുചാൽ
മൂന്നാം സ്ഥാനം - ശ്രീമതി റെക്സി കുന്നുംപുറത്ത് - കാലിച്ചാനടുക്കം

**2026 ആഗസ്റ്റ് മാസത്തെ പ്രവർത്തന മാർഗ്ഗരേഖ**

1 - പതിനഞ്ച് നോമ്പ് ആരംഭം. സാധിക്കുന്ന അമ്മമാർ നോമ്പെടുത്ത് പ്രാർത്ഥിക്കുക.
ജ്വാല @ വെള്ളരിക്കുണ്ട്.

4 - വി. ജോൺമരിയ വിയാനിയുടെ തിരുനാൾ. വി. കുർബാനയിൽ പങ്കെടുത്ത് വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യുക.

6 - നമ്മുടെ കർത്താവീശോമിശിഹായുടെ രൂപാന്തരീകരണ തിരുനാൾ. കുമ്പസാരിച്ച്, വി. കുർബാനയിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിക്കുക. മത്തായി 17:1-8 വായിക്കുക.

8 - ജപമാല പ്രചാരകനായ വി. ഡോമിനിക്കിന്റെ തിരുനാൾ. യൂണിറ്റിൽ ജപമാല ആഘോഷമായി നടത്തുക.

11 - വി. ക്ലാര പുണ്യവതിയുടെ തിരുനാൾ ദിനം - ആനിമേറ്റർമാർക്ക് ആശംസ നേരുക.

12 - ആഗോള യുവജനദിനം - ഇടവകയിലെ യുവജനങ്ങൾക്കായി പ്രാർത്ഥിക്കുക.

13-15 - MPC @ തലശ്ശേരി.

14 - വി. മാക്സ്മില്യൻ കോൾബെ തിരുനാൾ - തടവറ മക്കൾക്കും അവരെ ശുശ്രൂഷിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുക.

15 - പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ - പരിശുദ്ധ രാജ്ഞി എന്ന പ്രാർത്ഥന ചൊല്ലുക.
- സ്വാതന്ത്ര്യദിനം - ജന്മനാടിനു വേണ്ടി പ്രാർത്ഥിക്കുക പതാക ഉയർത്തൽ, പ്രതിജ്ഞ ചൊല്ലൽ എന്നിവയിൽ പങ്കെടുക്കുക.

20 - വി. ബർണാഡിന്റെ തിരുനാൾ ദിനത്തിൽ എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥന 5 പ്രാവശ്യം ചൊല്ലി കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കുവേണ്ടി പ്രാർത്ഥിക്കുക.

22 - ജ്വാല @ മണിക്കടവ്.

24 – വി. ബർത്തിലോമിയോയുടെ തിരുനാൾ. വി. ലൂക്ക 6:12–16 വായിച്ച് ശ്ലീഹായുടെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുക.

27 – വി. മോനിക്കായുടെ തിരുനാൾ. യൂണിറ്റിലെ എല്ലാ വിധവകളായ അമ്മമാരെയും ഒരുമിച്ച് ചേർത്ത് അവർക്കായി ക്ലാസുകൾ സംഘടിപ്പിക്കുക.

28 – വി. അഗസ്റ്റിന്റെ തിരുനാൾ. ദുശ്ശീലങ്ങൾക്ക് അടിമപ്പെട്ടവരുടെ വിമോചനത്തിനായി വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുക.

31 – ജ്വാല @ കുന്നോത്ത്

## IV. അമല പ്രോലൈഫ്

പ്രോലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി ജൂലൈ 10 ന് ചെമ്പേരി ബസിലിക്ക ദൈവാലയത്തിൽ വെച്ച് ആരാധന നടത്തി. ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന, കരുണകൊന്ത എന്നിവയിലൂടെ അതിരൂപതയിലെ കുടുംബങ്ങളെ മുഴുവനും സമർപ്പിച്ച് പ്രാർത്ഥിച്ചു.

## V. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

## VI. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Ph : 9400206974, 8078122191

## VII. പ്രോലൈഫ് മാര്യേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

## VIII. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com

**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**ടീച്ചേഴ്സ് റീജിയണൽ കോൺഫറൻസ്**

കോർപ്പറേറ്റിൽ സേവനം ചെയ്യുന്ന പ്രധാനാധ്യാപകർ ഉൾപ്പെടെയുള്ള എല്ലാ അധ്യാപക-അനധ്യാപകർക്കുമായി നടത്തുന്ന റീജിയണൽ കോൺഫറൻസുകൾ 2026 ജൂൺ 27, ജൂലൈ 04 എന്നീ തീയതികളിൽ ചെറുപുഴ, ഇരിട്ടി, ചെമ്പേരി റീജീയണുകളിൽ വെച്ച് നടന്നു. എല്ലാ കോൺഫറൻസുകളിലും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സന്ദേശം നൽകി. അധ്യാപക-അനധ്യാപകർക്ക് തങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും, ആശങ്കകളും പങ്കുവെക്കാൻ അവസരം ഉണ്ടായിരുന്നു.

**പി.ടി. ചാക്കോ പ്രസംഗമത്സരം**

2026 – 2027 വർഷത്തെ സദ്ഗമയ പി.ടി. ചാക്കോ പ്രസംഗമത്സരം 2026 ജൂലൈ 25 ശനിയാഴ്ച താഴെ പറയുന്ന സെന്ററുകളിൽ വെച്ച് നടത്തുന്നു.

**എച്ച്.എസ്.എസ് വിഭാഗം –**

നിർമ്മല ഹയർസെക്കണ്ടറി സ്കൂൾ ചെമ്പേരി

**എൽ.പി., യു.പി, എച്ച്.എസ് വിഭാഗം –**

സെന്റ് മേരീസ് ഹൈസ്കൂൾ എടൂർ
സെന്റ് ജോസഫ്സ് ഹൈസ്കൂൾ വായാട്ടുപറമ്പ്
സെന്റ് തോമസ് ഹൈസ്കൂൾ തോമാപുരം

ഓരോ സ്കൂളുകൾക്കും അടുത്തുള്ള സെന്റർ തെരഞ്ഞെടുക്കാവുന്നതാണ്. മത്സരത്തിന് വരുമ്പോൾ പ്രധാനാധ്യാപകന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.

**രജിസ്ട്രേഷൻ**

എൽ.പി, യു.പി, ഹൈസ്കൂൾ ക്ലാസ്സുകളിലേക്ക് താഴെ പറയുന്ന അധ്യാപന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പേര് രജിസ്റ്റർ ചെയ്യാൻ അവസരം നൽകുന്നു.

**എൽ.പി.വിഭാഗം:** പ്ലസ് ടു, ഡി.എൽ.എഡ്/ടി.ടി.സി, കെ.ടെറ്റ്

**യു.പി/ഹൈസ്കൂൾ:** മലയാളം, ഹിന്ദി, ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, കണക്ക്, സയൻസ് (ഫിസിക്സ്, കെമിസ്ട്രി, ബയോളജി), സംസ്കൃതം, ഉറുദു, അറബിക്, എന്നീ വിഷയങ്ങളിൽ ബിരുദവും, ബി.എഡും, കെ.ടെറ്റും ഉണ്ടായിരിക്കണം.

മേൽ പറഞ്ഞ വിഷയങ്ങളിൽ യോഗ്യതയുള്ളവർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. (പ്രൊവിഷണൽ സർട്ടിഫിക്കറ്റെങ്കിലും ലഭിച്ചിരിക്കണം).

രജ്സ്ട്രേഷൻ ലിങ്ക് - www.thalasserycorporate.com

**ഓഫീസിൽ രജിസ്ട്രേഷൻ നടത്താൻ വരുമ്പോൾ കൊണ്ടു വരേണ്ട രേഖകൾ**

(1) പാസ്സ്പോർട്ട് സൈസ് ഫോട്ടോ - 1
(2) വികാരിയച്ചന്റെ കത്ത് (മറ്റ് മതസ്ഥർ വാർഡ് മെമ്പറിന്റയോ, അവസാനം പഠിച്ച സ്ഥാപന മേധാവിയുടെയോ സ്വഭാവ സർട്ടിഫിക്കറ്റ്)
(3) വേദപാഠ ഡിപ്ലോമ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
(4) വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും കോപ്പി
(5) കെ.ടെറ്റ്/സെറ്റ്/സി.ടെറ്റ് എം.എഡ് സർട്ടിഫിക്കറ്റുകളുടെ പകർപ്പ്
(6) അധികമായ യോഗ്യതകൾ, മെറിറ്റ് അവാർഡ് എന്നിവയുടെ പകർപ്പുകൾ

ബഹുമാനപ്പെട്ട അച്ചന്മാർ രജിസ്ട്രേഷന്റെ കാര്യങ്ങൾ പള്ളിയിൽ അറിയിക്കുമല്ലോ.

രണ്ടാം ശനി ഉൾപ്പെടെയുള്ള എല്ലാ ശനിയാഴ്ചകളിലും രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ തലശ്ശേരി കോർപ്പറേറ്റ് ഓഫീസിൽ വന്ന് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**ബി.ടെക് അഡ്മിഷൻ തുടരുന്നു**

1. Computer Science and Engineering, Computer Science and Design, Computer Science and Business Systems, Computer Science and Cyber Security, Artificial Intelligence & Data Science, Civil engineering, Electrical & Electronics Engineering, Electronics & Communication Engineering, Mechanical Engineering എന്നീ ബി.ടെക് വിഷയങ്ങളിൽ പരിമിതമായ സീറ്റുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**2026 – 27 അധ്യായന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ**

1. പ്ലസ് ടു പരീക്ഷയ്ക്ക് ഫിസിക്സ് കെമിസ്ട്രി - മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനത്തിൽ അധികം മാർക്ക് ലഭിച്ച കുട്ടികൾക്ക് ഓരോ വർഷവും പതിനായിരം രൂപ മാത്രം ട്യൂഷൻ ഫീസ് അടച്ചുകൊണ്ട് B-TECH പഠനം പൂർത്തിയാക്കാവുന്നതാണ്.
2. KEAM RANK SCHOLARSHIP
   I. 1 – 8000 റാങ്ക് ലഭിക്കുന്നവർക്ക് കോളേജ് ട്യൂഷൻ ഫീസ് പൂർണ്ണമായി സൗജന്യമായിരിക്കും.
   II. 8001 – 20,000 വരെ റാങ്ക് ലഭിക്കുന്നവർക്ക് ഗവൺമെന്റ് കോളേജിലെ ഫീസിനു തുല്യമായ പതിനായിരം രൂപ മാത്രം ഒരു വർഷത്തെ ട്യൂഷൻ ഫീസ്.

**വിമൽജ്യോതി MBA കോളേജിൽ സ്കോളർഷിപ്പോടെ പഠിക്കാം.**

ഡിഗ്രിക്ക് 50% മാർക്കോടെ KMAT/CMAT പരീക്ഷ പാസായവർക്ക് അഡ്മിഷന് അപേക്ഷിക്കാവുന്നതാണ്. ഡിഗ്രി പരീക്ഷയ്ക്ക് 85% മാർക്കുള്ളവർക്ക് ഗവൺമെന്റ് ഫീസിൽ MBA പഠനം പൂർത്തിയാക്കാം. 75% മാർക്കുള്ളവർക്ക് 60,000 രൂപ സ്കോളർഷിപ്പിൽ പഠിക്കാം.

**സാൻജോസ് അക്കാദമി ജർമൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം** (telc).

വിമൽജ്യോതി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സാൻജോസ് അക്കാദമിയിൽ ജർമ്മൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്നവർക്കും, പുറമേ നിന്ന് വരുന്നവർക്കും ഇവിടെ പരീക്ഷയെഴുതാവുന്നതാണ്. എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നുണ്ട്. സ്കോളർഷിപ്പോടെ പഠിക്കാനുള്ള അവസരവും

ഉണ്ട്. [*ആദ്യം അപേക്ഷിക്കുന്നവരിൽ നിന്നും സ്കോളർഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നു. സീറ്റുകളുടെ എണ്ണവും ലിമിറ്റ് ചെയ്തിട്ടുണ്ട്. മറ്റു വിവിധ സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭ്യമാണ്.*]

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ വിളിക്കുകയോ ചെയ്യുക.

| | | |
|---|---|---|
| ENGINEERING | : | 9846423448 , 9400062919 |
| MBA | : | 9400512240 , 7012799277 |
| SANJOS ACADEMY | : | 8281750777 , 8281730777 |

## PLACEMENT NEWS - JULY 2026

- 2026 അധ്യയന വർഷം പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി AMAZON INDIA അവരുടെ CHENNAI ഓഫീസിലേക്കായി ML DATA ASSOCIATE എന്ന തസ്തികയിലേക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയുണ്ടായി. 100– ലധികം കുട്ടികൾ പ്രാഥമിക SELECTION TEST അറ്റൻഡ് ചെയ്തു. ടെസ്റ്റിൽ നിന്നും SELECT ചെയ്യപ്പെടുന്ന വിദ്യാർത്ഥികൾ 3 റൗണ്ട് ഇന്റർവ്യൂ അറ്റൻഡ് ചെയ്യേണ്ടതാണ്. Selection Process, ഓഗസ്റ്റ് ആദ്യവാരത്തിൽ പൂർത്തിയാകുമെന്ന് കരുതുന്നു.
- SEMESTER 7 വിദ്യാർത്ഥികളെ ക്യാമ്പസ് റിക്രൂട്ട്മെന്റിനായി ഒരുക്കുന്നതിന്റെ ഭാഗമായി 5 ദിവസം നീണ്ടുനിൽക്കുന്ന ഒരു പരിശീലന പരിപാടി ജൂലൈ 13 മുതൽ 17 വരെ സംഘടിപ്പിക്കുകയുണ്ടായി. ഏഴാമത്തെ സെമെസ്റ്ററിൽ പഠിക്കുന്ന 600 വിദ്യാർത്ഥികൾ പ്രസ്തുത പരിശീലന പരിപാടിയുടെ ഭാഗമായി. Resume Building, G.D, Interview Tips എന്നീ മേഖലയിലാണ് പരീശീലനം നൽകുന്നത്. പ്രമുഖ ട്രെയിനിങ് കമ്പനിയായ Aesthetix Edutech, കൊച്ചിയിൽ നിന്നുള്ള പരിശീലകരാണ് ക്ലാസുകൾ നയിക്കുന്നത്. ഓഗസ്റ്റ് – സെപ്റ്റംബർ മാസങ്ങളിലായി തുടർ പരിശീലന ക്ലാസ്സുകൾ ഉണ്ടാവും.
- അവസാന വർഷ വിദ്യാർത്ഥികൾക്കായി Pentagon Space, Bangalore നടത്തിയ റിക്രൂട്ട്മെന്റിലൂടെ 28 വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുകയുണ്ടായി. ഈ വിദ്യാർത്ഥികൾ മെയ് 2027ൽ 3 മാസത്തെ സൗജന്യ പരിശീലനം പൂർത്തിയാകേണ്ടതാണ്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**സൈബർ സുരക്ഷാ അവബോധ സെമിനാർ**

നിർമ്മലഗിരി കോളേജ് എൻഎസ്എസിന്റെയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെയും സഹകരണത്തോടെ സൈബർ സുരക്ഷാ അവബോധ പ്രോഗ്രാം സംഘടിപ്പിച്ചു. ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ അനുദിനം വർധിച്ചുവരുന്ന സൈബർ തട്ടിപ്പുകളെക്കുറിച്ചും അവയ്ക്കെതിരെ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

ലീഡ് അഡ്മിനിസ്ട്രേറ്റീവ് മാനേജർ ഡോ. രഞ്ജിത്ത് കെ. എസ് ക്ലാസ് നയിച്ചു. ഇന്നത്തെ കാലത്ത് യുവജനങ്ങളെ ലക്ഷ്യമിട്ട് നടക്കുന്ന വിവിധ തരം ഓൺലൈൻ തട്ടിപ്പു രീതികളെക്കുറിച്ച് അദ്ദേഹം വിശദമാക്കി. വിദ്യാർത്ഥികൾ തങ്ങളുടെ ഓൺലൈൻ പ്രവർത്തനങ്ങളിൽ അതീവ ജാഗ്രത പാലിക്കണമെന്നും, സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ഏറ്റവും ശക്തമായ ആയുധം കൃത്യമായ അവബോധം മാത്രമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

കോളേജ് പ്രിൻസിപ്പൽ ഡോ. സാബു സെബാസ്റ്റ്യൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സലീന കരീം പരിപാടിയുടെ ആമുഖ അവതരണം നടത്തി.

എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ. ദീപു തോമസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ ദേവിക വിജയൻ നന്ദി പറഞ്ഞു.

**ഒന്നാം വർഷ ബിരുദ ബിരുദാനന്തര പ്രവേശനോത്സവം**

ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ഇഗ്നൈറ്റ്. 2026 കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. നിർമ്മലഗിരി കോളേജ് മാനേജർ മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. സാബു സെബാസ്റ്റ്യൻ അധ്യക്ഷനായി. മോട്ടിവേഷണൽ സ്പീക്കറും അധ്യാപകനുമായ ശ്രീ. വി കെ സുരേഷ്

ബാബു മുഖ്യപ്രഭാഷണം നടത്തി. കോളേജ് ബർസാർ ഫാ. തോമസ് കൊച്ചുകരോട്ട്, വൈസ് പ്രിൻസിപ്പാൾ റവ. ഡോ. ജോബി ജേക്കബ് ഐക്യു എസി കോർഡിനേറ്റർ റവ. ഡോ. മാർട്ടിൻ ജോസഫ്, പ്രോഗ്രാം കമ്മിറ്റി കൺവീനർ ഡോ. സിസ്റ്റർ സുജമോൾ ജോസഫ്, തുടങ്ങിയവർ സംബ ന്ധിച്ചു. മൂന്നുദിവസം നീണ്ടുനിന്ന ഇഗ്നൈറ്റ് 2026 ഓറിയന്റേഷൻ പ്രോഗ്രാമിൽ കോളേജിലെ വിവിധ ക്ലബ്ബുകളെകുറിച്ചും കായിക മേഖലയെകുറിച്ചും കമ്മറ്റി കൺവീനർമാർ സംസാരിച്ചു. കൂടാതെ ലീഡർഷിപ്പ് ട്രെയിനറും മോട്ടിവേഷണൽ സ്പീക്കറുമായ ശ്രീ. ലിതേഷ് കോളയാട്, ലോകത്തിലെ ഏറ്റവും ദുഷ്കരമായ ആറ് ഭൂഖണ്ഡങ്ങളിലെയും അയൺമാൻ മൽസരങ്ങൾ വിജയകരമായി പൂർത്തിയാക്കിയ ആദ്യ മലയാളിയായ ശ്രീ. സുരേഷ് സാം ചാണ്ടി എന്നിവർ വിദ്യാർഥികൾക്ക് വിവിധ വിഷയങ്ങളിലായി ക്ലാസുകൾ നയിച്ചു.

**ഓപ്പറേഷൻ തൂഫാൻ ബോധവൽക്കരണ ക്ലാസ്**

ലഹരിക്കെതിരെ അവബോധം ഉണർത്തുക എന്ന ലക്ഷ്യവുമായി ലയൺസ് ക്ലബ് കൂത്തുപറമ്പ് സിറ്റിയും നിർമ്മലഗിരി കോളേജും സംയുക്ത മായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. മാർ വള്ളോപ്പിള്ളി ഹാളിൽ നടന്ന പരിപാടി വി. കെ സനോജ് എം എൽ എ ഉദ്ഘാടനം ചെയ്തു.

ലയൺസ് ക്ലബ് കൂത്തുപറമ്പ് സിറ്റി പ്രസിഡന്റ് സി. ചന്ദ്രൻ അധ്യക്ഷ നായി. റിട്ടയേർഡ് സബ് ഇൻസ്പെക്ടർ സി കെ ബിന്ദുരാജ് ബോധവൽക്കരണ ക്ലാസ് നൽകി. നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ, ലയണൺസ് ക്ലബ് കൂത്തുപറമ്പ് സിറ്റി സെക്രട്ടറി കെ. വി. പ്രഭാകരൻ എന്നിവർ സംസാരിച്ചു. കോളേജിലെ നവാഗത വിദ്യാർഥികളും ക്ലാസിൽ പങ്കാളികളായി. എൻഎസ്എസ് വോളന്റീർസ് ശിവനന്ദ, ശ്രീപദ, സലീന എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

**ഫിഫ വേൾഡ് കപ്പ് സൗഹൃദമത്സരം**

'ഗോളടിച്ചാൽ കോളടിക്കും' എന്ന പേരിൽ മാതൃഭൂമിയും ലുലു ഗ്രൂപ്പ് സും 'ഇറ്റ്സ് എ ഗോൾ' എന്ന പേരിൽ ക്ലബ്ബ് എഫ് എമ്മും സ്വയംവര സിൽക്സും എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വ്യത്യസ്ത ദിവസങ്ങളിലായി കോളേജിൽ വിദ്യാർത്ഥികൾക്കായി ഫിഫ വേൾഡ് കപ്പ് സൗഹൃദ മത്സരം സംഘടിപ്പിച്ചു.

**സ്മരണാഞ്ജലി**

അന്തരിച്ച പ്രശസ്ത ചലച്ചിത്ര ഗായിക എസ് ജാനകിയെ അനുസ്മരിച്ച് നിർമ്മലഗിരി കോളേജ് വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത സ്മരണാഞ്ജലി എന്ന പേരിൽ മ്യൂസിക്കൽ ട്രിബ്യൂട്ട് സംഘടിപ്പിച്ചു.

പരിപാടിയിൽ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. അനുസ്മരണ പ്രഭാഷണം കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് നടത്തി. എൻഎസ്എസ്, പ്രോഗ്രാം കമ്മിറ്റി, ഫൈനാൻസ് കമ്മിറ്റി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കപ്പെട്ടത്.

**എക്സൽസിയർ 2026 സംഘടിപ്പിച്ചു**

നിർമലഗിരി കോളേജ് 2025–26 അധ്യയന വർഷത്തിൽ ബിരുദതലത്തിലും ബിരുദാനന്തര ബിരുദതലത്തിലും കണ്ണൂർ യൂണിവേഴ്സിറ്റിയിലും കോളേജ് തലത്തിലും ഉന്നതസ്ഥാനം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന 'എക്സൽസിയർ 2026' പരിപാടി സംഘടിപ്പിച്ചു. കൂത്തുപറമ്പ് നിയോജകമണ്ഡലം എംഎൽഎയും കേളേജിലെ പൂർവ വിദ്യാർത്ഥിയുമായ പി.കെ പ്രവീൺ ചടങ്ങ് ഉദ്ഘാടനം ചെയ്തു. അക്കാദമികതലത്തിലും കായിക മേഖലയിലും നേട്ടം കൈവരിച്ച 140 വിദ്യാർത്ഥികളെയാണ് ചടങ്ങിൽ അനുമോദിച്ചത്. പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ അധ്യക്ഷനായ ചടങ്ങിൽ കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് മുഖ്യപ്രഭാഷണം നടത്തി. കേളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ്, ഐക്യൂ എസി കോഡിനേറ്റർ റവ. ഡോ മാർട്ടിൻ ജോസഫ്, പിടിഎ വൈസ് പ്രസിഡണ്ട് സുരേന്ദ്രൻ കെ, ലെഫ്റ്റനെന്റ് കേണൽ ഡോ. കമില്ലോ ജോസഫ്, വിദ്യാർത്ഥി പ്രതിനിധി മഞ്ജുഷ ജനാർദ്ദനൻ എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം കമ്മിറ്റി കൺവീനർ സിസ്റ്റർ. ഡോ. സുജമോൾ ജോസഫ് പരിപാടികൾക്ക് നേതൃത്വം നൽകി.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

**കത്തോലിക്കാ കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് യോഗം**

മാലോം സെന്റ് ജോർജ് ഫൊറോന ചർച്ച് പാരീഷ് ഹാളിൽ വെച്ച് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ നടന്ന കത്തോലിക്കാ കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് യോഗം ഫൊറോന വികാരി റവ. ഫാ. ജോസ് തൈക്കുന്നുംപുറം ഉദ്ഘാടനം ചെയ്തു.

കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ സമുദായ അംഗങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് സമുദായത്തിലെ ഓരോ അംഗങ്ങൾക്കും കുടുംബങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിൽ സംഘടന പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ അതിരൂപത ഫൊറോന സമിതികളുടെ നേതൃത്വത്തിൽ ശക്തമാക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യഭാഷണത്തിൽ ആഹ്വാനം ചെയ്തു.

മാലോം ഫൊറോന ഡയറക്ടർ ഫാ. ഏലിയാസ്, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, സുരേഷ് കാഞ്ഞിരത്തിങ്കൽ, ബെന്നി തുളുമ്പുംമക്കൽ, ജോണി തോലമ്പുഴ, സാജു പടിഞ്ഞാറെട്ട്, സാജു പുത്തൻപുര, ജയിംസ് പേരുക്കുന്നേൽ, സെബാസ്റ്റ്യൻ ജാതികുളം, ജോസഫ് കൊച്ചുകുന്നത്തുപറമ്പിൽ, ബ്രൂസിലി മൂഴിയിൽ, തോമസ് ഒഴുകയിൽ, ഷാജൻ മാസ്റ്റർ എന്നിവർ സംസാരിച്ചു.

**പൊതു പ്രവർത്തനങ്ങൾ**

സൗജന്യ ഹോമിയോ പ്രതിരോധ മരുന്ന് വിതരണവും ബോധവൽക്കരണക്ലാസ്സും വിവിധ പ്രദേശങ്ങളിൽ ഡെങ്കിപ്പനി വ്യാപകമായതിന്റെ അടിസ്ഥാനത്തിൽ കത്തോലിക്കാ കോൺഗ്രസ് കുടിയാന്മല, ചെമ്പേരി, ആലക്കോട്, പെരിങ്ങാല തുടങ്ങി വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തി.

**ലഹരി വിരുദ്ധ സന്ദേശം**

ലഹരി വിരുദ്ധ ദിനത്തിൽ കത്തോലിക്ക കോൺഗ്രസ് അതിരൂപതാ സമിതിയുടെ ആഹ്വാനപ്രകാരം ചെറുപുഴ, ചെമ്പന്തൊട്ടി, പേരാവൂർ, ചെമ്പേരി, എടൂർ തുടങ്ങിയ വിവിധ ഫൊറോനാ കമ്മിറ്റികളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സന്ദേശം നൽകുകയും പ്രതിജ്ഞ ചൊല്ലുകയും ചെയ്തു.

**ജൂലൈ 1 ഡോക്ടേഴ്സ് ഡേ**

ജൂലൈ 1 ഡോക്ടേഴ്സ് ഡേയോട് അനുബന്ധിച്ച് അനേകം ഇടവകകളിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ഡോക്ടർമാരെ ആദരിച്ചു.

**കർഷകരോടുള്ള ബാങ്കുകളുടെ അവഗണനയിൽ പ്രതിഷേധം**

കർഷകരോടുള്ള ബാങ്കുകളുടെ അവഗണനയിലും പ്രവർത്തനത്തിലും കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ചന്ദനക്കാംപാറയിൽ കൃഷി ആവശ്യങ്ങൾക്ക് വായ്പാ സഹായം ആവശ്യപ്പെട്ട കർഷകനോട് ബാങ്ക് മാനേജരുടെ ഭാഗത്തുന്നുണ്ടായ നിന്ദ്യമായ പ്രതികരണങ്ങൾ ഒരുതരത്തിലും അംഗീകരിക്കാൻ സാധിക്കുന്നതല്ല എന്ന് കത്തോലിക്കാ കോൺഗ്രസ് അതിരൂപത സമിതി വിലയിരുത്തി.

കർഷകരോടുള്ള ബാങ്കുകളുടെ സമീപനങ്ങളിലും നയങ്ങളിലും മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണെന്നും അതിനായി കത്തോലിക്ക കോൺഗ്രസ് സജീവമായി പ്രവർത്തിക്കുമെന്നും സൂചിപ്പിച്ചു.

കടന്നൽ കുത്തേറ്റു മരിച്ച കർഷകന്റെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകണം. പൈസക്കരിയിൽ കടന്നൽ കുത്തേറ്റു മരിച്ച വ്യക്തിയുടെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്ക കോൺഗ്രസ് പൈസക്കരി ഫൊറോന കമ്മിറ്റി ഗവണ്മെന്റിന് നിവേദനം നൽകി.

**മലബാറിന്റെ സമഗ്രവികസന രേഖ**

മലബാറിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് തലശ്ശേരി അതിരൂപതയിലെ ഇടവകകളിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച് സമിതി ചെയർമാൻ ഫാ. പോൾ വള്ളോപ്പിള്ളിയുടെയും കോഡിനേറ്റർ ആന്റോ തെരുവുംകുന്നലിന്റെയും നേതൃത്വത്തിൽ വികസന രേഖ സമർപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ വിവിധ മേഖലകളിൽ പുരോഗമിക്കുന്നു.

**സംഘടനാപ്രവർത്തനങ്ങൾ**

1. അതിരൂപതാ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം തലശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകളിലും ജൂലൈ മൂന്ന് സെന്റ് തോമസ് ഡേ - ദുക്റാന തിരുനാളിൽ തലശ്ശേരി അതിരൂപതയുടെ പ്രഥമ ഇടയൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെയും കേരള സഭയുടെ നവോത്ഥാന നായകൻ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെയും സ്മരണ പുതുക്കിക്കൊണ്ട് അവരുടെ ചിത്രങ്ങൾ വെച്ച് അവരെ ആദരിക്കുകയും എല്ലാ ഇടവകകളിലും കത്തോലിക്ക കോൺഗ്രസിന്റെ പതാക ഉയർത്തിക്കൊണ്ട് സഭാദിനം ആചരിച്ച് സമുദായ അംഗങ്ങൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. സഭാദിനത്തിന്റെ അതിരൂപതാതല ഉദ്ഘാടനം തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ പള്ളിയിൽ വെച്ച് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഉദ്ഘാടനം ഫാ. ഫിലിപ്പ് കവിയിൽ നിർവഹിച്ചു. അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് കാസർഗോഡ് റീജിയണിലും, ടോമി കണയങ്കൽ ആലക്കോട്, ടോണി ജോസഫ് പുഞ്ചകുന്നേൽ തളിപ്പറമ്പ്, ഐസി മേരി കണ്ണൂർ, ജിമ്മി ആയിത്തമറ്റം ചെമ്പേരി റീജിയണിലും സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ ശ്രീകണ്ഠപുരത്തും, ഷിനോ പാറക്കൽ ചെമ്പന്തൊട്ടി യിലും ബെന്നിച്ചൻ മഠത്തിനകം ഇരിട്ടി റീജിയണിലും ഉദ്ഘാടനം ചെയ്തു.

2. നീറ്റ് പരീക്ഷയിൽ അഖിലേന്ത്യ തലത്തിൽ 220-ാം റാങ്കും സംസ്ഥാന തലത്തിൽ നാലാം റാങ്ക് നേടിയ പുലിക്കുരുമ്പ ഇടവകയിലെ തോമസ് കുര്യൻ തടിക്കലിനെ കത്തോലിക്കാ കോൺഗ്രസ് പുലിക്കുരുമ്പ യൂണിറ്റ് ആദരിച്ചു.

3. റവ. ഫാ. തോമസ് പതിയിൽ അച്ചന്റെ നിര്യാണത്തിൽ കത്തോലിക്കാ കോൺഗ്രസ് അനുശോചിക്കുകയും വിളക്കന്നൂർ ക്രിസ്തു രാജ ദൈവാല യത്തിൽ അദ്ദേഹത്തിന്റെ സംസ്കാര കർമങ്ങളിൽ പങ്കെടുത്ത് അച്ചനോ ടുള്ള ബഹുമാനാർത്ഥം കത്തോലിക്കാ കോൺഗ്രസിന്റെ പതാക മൃതദേഹത്തിൽ പുതപ്പിക്കുകയും ചെയ്തു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**സുവർണ്ണജൂബിലി സ്മരണിക**

കേരള കരിസ്മാറ്റിക് നവീകരണത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളും മറ്റ് അവിസ്മരണീയ മുഹൂർത്തങ്ങളും അഭിവന്ദ്യ ബിഷപ്പുമാരായ മാർ വർഗ്ഗീസ് ചക്കാലക്കൽ, മാർ അലക്സ് താരാമംഗലം, മാർ തോമസ് ചക്യത്ത്, മാർ സാമുവൽ ഐറേനിയസ്, റവ. ഫാ. മാത്യു നായ്ക്കാംപറമ്പിൽ എന്നിവരുടെ നവീകരണ അനുഭവങ്ങളും ഉൾപ്പെടുത്തിയ സുവർണ്ണ ജൂബിലി സ്മരണിക പുസ്തകരൂപത്തിൽ ആഗസ്റ്റ് മാസം പ്രസിദ്ധീകരിക്കുന്നതാണ്.

**സോണൽ പുനസംഘടന**

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട സോണൽ കോർഡിനേറ്റർമാരെ അതിരൂപതാ ഡയറക്ടർ അഭിനന്ദിച്ചു. അടുത്ത അതിരൂപതാ നേതൃത്വ കൂട്ടായ്മ ആഗസ്റ്റ് മാസം 8, 9, തീയതികളിൽ ഉദയഗിരി ദൈവാലയത്തിൽ വച്ച് നടത്തുന്നതാണ്.

**ക്രിസ്റ്റീൻ ധ്യാനം:** ജൂലൈ 23 മുതൽ 25 വരെ കടത്തുകടവിലെ ഹൃദയാരാം സെന്ററിൽ വച്ചു നടക്കുന്ന ക്രിസ്റ്റീൻ ധ്യാനത്തിന് അതിരൂപതാ ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ നേതൃത്വം നൽകി.

**വരദാന പരിശീലനം:** 16-6-2026 മുതൽ 19-6-2026 വരെ പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന വരദാന പരിശീലനധ്യാനം മുൻ എൻ.എസ്.ടി അംഗം ബ്രദർ തോമസ് പോൾ നേതൃത്വം നൽകി.

**സോണൽ കൂട്ടായ്മ**

ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് 21-7-2026 ന് നടക്കുന്ന തലശ്ശേരി സോണിലെ ഏകദിന സോണൽ കൂട്ടായ്മയ്ക്ക് സോണൽ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി, കെ.സി.എസ്.സി മുൻ ജോയിന്റ് കോർഡിനേറ്റർ സെബാസ്റ്റ്യൻ താന്നിക്കൽ എന്നിവർ നേതൃത്വം നൽകി.

കണ്ണൂർ സോണിലെ സോണൽ ഏകദിന കൂട്ടായ്മ ആഗസ്റ്റ് 1 ശനിയാഴ്ച തളിപ്പറമ്പ് ദർശന ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുന്നതാണ്. കണ്ണൂർ സോണൽ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപ്പാറയിൽ വചന സന്ദേശം നൽകുന്നതാണ്.

കാസർഗോഡ് സോണിലെ സോണൽ കൂട്ടായ്മ 16-6-2026 ന് തോമാപുരം സെന്റ് തോമസ് ദൈവാലയത്തിൽ വച്ചു നടന്നു. കാസർഗോഡ് സോൺ ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപടവിൽ വചനസന്ദേശം നൽകി.

**സബ് സോൺ പുനസംഘടന**

അതിരൂപതയിലെ സോണുകളുടെ പുനസംഘടനയ്ക്കുശേഷം സബ് സോണുകളിലെ പുനസംഘടനകൾ ആരംഭിച്ചു.

1 **നീലേശ്വരം സബ് സോൺ പുനസംഘടന:** 15-7-2026ന് നീലേശ്വരം സബ് സോൺ പുനസംഘടന ചായ്യോം സെന്റ് അൽഫോൻസാ ദൈവാലയത്തിൽ വച്ചു നടന്നു. കോർഡിനേറ്റർ ആയി സേവ്യർ വലിയകാലായിൽ, സെക്രട്ടറിയായി സജി പൂക്കനാംപൊയിൽ, ട്രഷററായി തോമസ് കെ. ജെ. കിഴക്കേക്കര എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

2 **ചെറുപുഴ സബ് സോൺ പുനസംഘടന:** ചെറുപുഴ സബ് സോൺ കൂട്ടായ്മ വാഴക്കുണ്ടം സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ചു നടന്നു. സബ് സോൺ ആനിമേറ്റർ റവ. ഫാ. ജസ്റ്റിൻ മേപ്രത്ത് വിശുദ്ധ ബലി അർപ്പിച്ച് വചനസന്ദേശം നൽകി. കോർഡിനേറ്ററായി ടോമി ഓണംകുളം, സെക്രട്ടറിയായി ബെന്നി പെരുമ്പള്ളി, ട്രഷററായി സെബാസ്റ്റ്യൻ പെരുമ്പള്ളി എന്നിവർ തിരെഞ്ഞെടുക്കപ്പെട്ടു.

3 **മാലോം സബ് സോൺ പുനസംഘടന, വെള്ളരിക്കുണ്ട് സബ് സോൺ പുനസംഘടന:** മാലോം, വെള്ളരിക്കുണ്ട് സബ് സോണുകളുടെ പുനസംഘടന 2-7-2026 ന് മാലോം സെന്റ് അൽഫോൻസാ ദൈവാലയത്തിൽ വച്ചു നടന്നു. വെള്ളരിക്കുണ്ട് ഫൊറോനാ വികാരി വെരി റവ. ഫാ. ജോൺസൺ അന്ത്യാംകുളം, റവ. ഫാ. നിഖിൽ എന്നിവർ നേതൃത്വം നൽകി.

4 **തോമാപുരം സബ് സോൺ പുനസംഘടന:** തോമാപുരം സബ് സോൺ പുനസംഘടന 1-7-2026 ന് തോമാപുരം സെന്റ് തോമസ ദൈവാലയത്തിൽ വച്ചു നടന്നു. കോർഡിനേറ്ററായി പൗലോസ് അന്ത്യാംകുളം, സെക്രട്ടറിയായി സാലി പുല്ലാട്ട്, ട്രഷററായി തോമസ് പൂച്ചാലിൽ എന്നിവർ തിരണ്ടെടുക്കപ്പെട്ടു.

**റിസോഴ്സ് ടീം പരിശീലനം**

റിസോഴ്സ് ടീം പരിശീലനം 18-7-2026 ന് മാവുള്ളാൽ സെന്റ് ജൂഡ് ദൈവാലയത്തിൽ വച്ചു നടന്നു. 40 പേർ പങ്കെടുത്തു.

**വരദാന പരിശീലനം**

ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് എല്ലാ വെള്ളിയാഴ്ചയും നടക്കുന്ന വരദാന പരിശീലനം സജീവമാക്കാൻ തലശ്ശേരി സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന സംയുക്ത സർവ്വീസ് സമിതി കൂട്ടായ്മ തീരുമാനിച്ചു. പുനസംഘടനയ്ക്ക് ശേഷമുള്ള ആദ്യ കൂട്ടായ്മ 9-7-2026 ന് ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ചു നടന്നു. തുടർന്ന് നടന്ന കോർ ഗ്രൂപ്പ് കൂട്ടായ്മയിൽ സെപ്റ്റംബർ മാസത്തോടെ സബ് സോൺ പുനസംഘടന പൂർത്തിയാക്കാൻ തീരുമാനിച്ചു.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ഫ്രാൻസിസ്ക്കൻ അല്മായ സഭ (SFO)

## 'സമാധാനവും സൗഭാഗ്യവും'

ഈശോയിൽ പ്രിയ അൽമായ സഹോദരങ്ങളെ,

കേരളത്തിലെ ഫ്രാൻസിസ്കൻ അൽമായ സഭയുടെ സീറോമലബാർ ഏരിയ കൗൺസിലിന്റെ കീഴിൽ 4 സീറോമലബാർ പ്രൊവിൻസുകളിലായി 37 റീജിനുകളാണ് ഉള്ളത്. അതിൽ തന്നെ തലശ്ശേരി രൂപതയിൽ 3 റീജിയനാണ് ഉള്ളത്. ഇരിട്ടി, ചെമ്പേരി, ചെറുപുഴ.

20-06-2026 ന് ഇരിട്ടി റീജിയണൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നാഷണൽ വൈസ് മിനിസ്റ്റർ ബ്രദർ ഫ്രാങ്കോ ജോണിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. റീജിയണൽ മിനിസ്റ്റർ ആയി യേശുദാസ് ഇല്ലിക്കൽ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. മറ്റു ഭാരവാഹികൾ, ജോസഫ് മുക്കടയിൽ വൈസ് മിനിസ്റ്റർ, ജോസ് ഉള്ളുരുപ്പിൽ ഫോർമേറ്റർ, വത്സമ്മ മണലേൽ സെക്രട്ടറി, തോമസ് മാപ്പിളപറമ്പിൽ ട്രഷറർ, ജിമ്മി കളമ്പനാലും, സണ്ണി കപ്യാരുമലയിലും കൗൺസിലർമാരായും തിരഞ്ഞെടുക്കപ്പെട്ടു.

പുതിയ ഭാരവാഹികൾ ഉത്തരവാദിത്വം ഏറ്റെടുത്തയുടൻ തന്നെ 11-07-26 ന് ശനിയാഴ്ച ഫ്രാൻസിസ്കൻ വർഷം 2026 പ്രമാണിച്ച് ഒരു ഏകദിന ധ്യാനം നടത്തുകയുണ്ടായി. പരിയാരം മദർഹോമിന്റെ മുൻ ഡയറക്ടറും, പ്രശസ്ത ധ്യാനഗുരുവും, ഇപ്പോൾ കരുണാപുരം സെന്റ് ജൂഡ് പള്ളിയിലെ വികാരിയുമായ റവ. ഫാദർ സെബാസ്റ്റ്യൻ പുതുപ്പള്ളിയാണ് ധ്യാനം നയിച്ചത്. ധ്യാനത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകിയത് ഉളിക്കൽ ഉണ്ണിമിശിഹാ പള്ളി വികാരി റവ. ഫാ. മനോജ് കിടാരത്തിൽ ആണ്. അന്നേ ദിവസം എല്ലാകാര്യങ്ങൾക്കും നേതൃത്വം നൽകികൊണ്ട് ഫ്രാൻസിസ്കൻ അൽമായസഭയുടെ ഇരിട്ടി റീജിയന്റെ ആത്മീയസഹായി റവ. ഫാ. ജോബിഷ് കപ്പൂച്ചിനും, റീജിയൻ മിനിസ്റ്റർ ബ്രദർ യേശുദാസ് ഇല്ലിക്കലും ഉണ്ടായിരുന്നു.

അൽമായ സഭയുടെ അംഗങ്ങളും, സഭയിൽ ചേരാൻ താൽപ്പര്യം ഉള്ളവരുമായ 245 പേർ ഏകദിന ധ്യാനത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും, കുമ്പസാരിച്ച് പൂർണ്ണ ദണ്ഡവിമോചനം സ്വീകരിക്കുകയും ചെയ്തു. ധ്യാനത്തിൽ പങ്കെടുത്തവരിൽനിന്നും താൽപ്പര്യം ഉള്ളവരെ ഉൾപ്പെടുത്തി ഒരു മധ്യസ്ഥ പ്രാർത്ഥനാ ഗ്രൂപ്പ് രൂപീകരിക്കുവാനും അന്നേ

ദിവസം സാധിച്ചു. വളരെ അനുഗ്രഹപ്രദമായ ഒരു ദിനം ആയിരുന്നു അത് എന്ന് ഏവരും സാക്ഷ്യപ്പെടുത്തുകയും ഉണ്ടായി. ഇനിയും രണ്ടു മാസം കൂടുമ്പോൾ ഇങ്ങനെ അൽമായ സഭയുടെ നേതൃത്വത്തിൽ ഏക ദിന ധ്യാനം നടത്താൻ റീജിയൻ കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു.

ഇനിയും കൂടുതൽ വിശുദ്ധിയോടെ ജീവിക്കുവാനും, കൂടുതൽ ആൾക്കാർ അൽമായ സഭയിൽ ചേർന്ന് വിശുദ്ധി പ്രാപിക്കുവാനും വിശുദ്ധ ഫ്രാൻസിസ് അസ്സിസിയുടെ മധ്യസ്ഥതയാൽ സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, ഏവർക്കും ഒരിക്കൽ കൂടി സമാധാനവും സൗഭാഗ്യവും നേർന്നുകൊണ്ട്,

**ബ്ര. യേശുദാസ് ഇല്ലിക്കൽ**
അതിരൂപതാ മിനിസ്റ്റർ

**ഫാ. വിൻസെന്റ് മറ്റത്തിൽകുന്നേൽ**
അതിരൂപതാ ആത്മീയസഹായി

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ദുക്റാന തിരുനാൾ ആഘോഷം**

ആലക്കോട് ബൈബിൾ കൂട്ടായ്മയിൽ 5–ാം തീയതി ഞായറാഴ്ച്ച തലശ്ശേരി അതിരൂപത ബധിര സഹോദരങ്ങൾ ഒന്നുച്ചേർന്ന് തിരുനാൾ ആഘോഷിക്കുകയും, വിശുദ്ധ തോമാശ്ലീഹായുടെ ഭാരതമണ്ണിലെ പ്രേഷിതപ്രവർത്തനങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സിൽ പങ്കെടുക്കുകയും ചെയ്തു. തോമസ് നാമദാരികളെ പ്രത്യേകം ആദരിച്ചു. ശ്രീ. ബേബി വരച്ച തോമാശ്ലീഹായുടെ മനോഹര ചിത്രം ആഘോഷങ്ങൾക്ക് മിഴിവേകി.

**ശാലോം ടെലിവിഷൻ**

6,7, തീയതികളിലായി പെരുമണ്ണാമൂഴി ശാലോം ടെലിവിഷനിൽ ആംഗ്യഭാഷയിലുള്ള ഞായർ വിശുദ്ധ ബലികൾ റെക്കോഡിങ്ങ് നടത്തി.

**വിവാഹ ആശീർവാദം**

11–ാം തീയതി ശനിയാഴ്ച്ച തളിപ്പറമ്പ് ഇടവക കൈതമറ്റം അരുൺ സിറിയക്, പന്നിമറ്റം ഇടവക പാമ്പാറയിൽ ആൻ മരിയ എന്നിവർ തമ്മിലുള്ള വിവാഹം തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് വിശുദ്ധ കുർബാന ഉൾപ്പെടെ പൂർണ്ണമായും ആംഗ്യഭാഷയിൽ അർപ്പിക്കപ്പെട്ടപ്പോൾ പങ്കെടുത്ത മുഴുവൻ വിശ്വാസസമൂഹത്തിനും അതൊരു പുതിയ അനുഭവമായി. തങ്ങളുടെ മക്കളുടെ മാതൃഭാഷയിൽ വിവാഹകർമങ്ങൾ നടത്തുവാൻ തയ്യാറായ മാതാപിതാക്കൾക്ക് അഭിനന്ദനങ്ങൾ. അരുണിനും ആൻമരിയക്കും ആദം മിനിസ്ടിയുടെ അഭിനന്ദനങ്ങൾ, ആശംസകൾ.

**ബാംഗ്ലൂർ മിനിസ്ട്രി**

12–ാം തീയതി ബാംഗ്ലൂർ കൂട്ടായ്മയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ അനുബന്ധിച്ച് വിശുദ്ധ കുർബാനയും നൊവേനയും നടത്തി. വിശുദ്ധ അൽഫോൻസാമ്മയുടെ ജീവചരിത്രം പങ്കുവയ്ക്കുകയും, തിരുശേഷിപ്പുകൊണ്ട് ഏവർക്കും ആശീർവാദം നൽകുകയും ചെയ്തു.

**ഫാ. മാത്യു ബേബിക്ക് ആദം മിനിസ്ട്രി ആദരവ്**

പൗരോഹിത്യ രജത ജൂബിലി നിറവിലായിരിക്കുന്ന കാസർഗോഡ് ചെർക്കള മാർത്തോമാ ബധിര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ രായ റവ. ഫാ. മാത്യു ബേബിയച്ചന് തലശ്ശേരി അതിരൂപത ഭിന്നശേഷി വിഭാഗം ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ മാർത്തോമാ ഹയർ സെക്കന്ററി വിഭാഗത്തിൽ 14-ാം തീയതി നടത്തപ്പെട്ട മീറ്റിംഗിൽ വച്ച് ജൂബിലി മംഗളാശംസകൾ നേർന്നു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. മാത്യു ഇളംതുരത്തിപടവിൽ കാസർഗോഡ് ജില്ലയിലെ ഭിന്നശേഷിക്കാർക്കായി ബേബിയച്ചൻ ചെയ്യുന്ന വലിയ ശുശ്രൂഷകളെ കൃതജ്ഞതയോടെ അനുസ്മരിക്കുകയും പൊന്നാടയണിയിച്ച് അതിരൂപത യുടെ ആദരവ് പ്രകടിപ്പിക്കുകയും ചെയ്തു. മാർത്തോമാ ബധിര വിദ്യാലയ ത്തിന്റെ തിരുമുറ്റം ഒരു നാടിന്റെ മതസൗഹാർദത്തിന്റെ, സാമൂഹ്യസേവന ത്തിന്റെ, വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭിന്നശേഷി സമൂഹത്തോടുള്ള സാമൂഹ്യ പ്രതിബന്ധതയുടെ നേർസാക്ഷ്യമാക്കാൻ നേതൃത്വം നൽകുന്ന ബേബി അച്ചന്റെ സമാനതകളില്ലാത്ത പൗരോഹിത്യ ശുശ്രൂഷകളെ പങ്കുവച്ചു കൊണ്ട് ആദം മിനിസ്ട്രി ഡയറക്ടർ ഫാ. പ്രയേഷ് കളരിമുറിയിൽ ബേബിയ ച്ചന് മൊമെന്റോ നൽകി ആദരിച്ചു. 2001 ജൂലൈ 21 ന് ആരംഭിച്ച തന്റെ ശുശ്രൂഷാ പൗരോഹിത്യത്തിലൂടെ ദൈവം നടത്തിയ അനുഗ്രഹ യാത്രയെകുറിച്ച് മറുപടി പ്രസംഗത്തിൽ പങ്കുവെച്ചു. മാർത്തോമാ ഹയർ സെക്കന്ററി പ്രിൻസിപ്പൽ ഇൻചാർജ് ശ്രീ. ജോഷി സമ്മേളനത്തിന് സ്വാഗതവും, ഹൈസ്കൂൾ H.M. ഇൻചാർജ് ബെൻസി റ്റി. നന്ദിയും പറഞ്ഞു.

**ഗുഡ് ഷെപ്പേഡ് മേജർ സെമിനാരി കുന്നോത്ത്**

വൈദിക പട്ടത്തിന് ഒരുങ്ങുന്ന ബഹു. ഡിക്കന്മാർക്ക് പാസ്റ്റർ കോഴ്സിന്റെ ഭാഗമായി ആംഗ്യഭാഷ, ഭിന്നശേഷി എന്നീ വിഷയങ്ങളിൽ 18-ാം തീയതി ശനിയാഴ്ച ക്ലാസുകൾ നൽകി. തങ്ങളുടെ ശുശ്രൂഷ മണ്ഡലത്തിൽ കണ്ടുമുട്ടുന്ന ഭിന്നശേഷി സഹോദരങ്ങളോട് മിശിഹായുടെ അനുകമ്പാർദ്ര സ്നേഹം പങ്കുവയ്ക്കുവാൻ, ബധിര സഹോദരങ്ങളോട് ആശയവിനിമയം നടത്താൻ അവരെ പ്രാപ്തരാക്കുക എന്നതാണ് കോഴ്സിന്റെ ലക്ഷ്യം.

**വയനാട് മിഷൻ**

മാനന്തവാടി റീജണൽ ബധിര വിശ്വാസ സമൂഹത്തിനായി 19-ാം തീയതി ഞായറാഴ്ച ബൈബിൾ ക്ലാസും വിശുദ്ധ കുർബാനയും ബൈബിൾ ക്ലാസും നടത്തി. ജന്മദിനം ആഘോഷിക്കുന്ന സജി, തോമസ് എന്നിവർക്ക് ആശംസകൾ നേർന്നു.

**മാണിക്യമംഗലം ഓറൽ ബധിര വിദ്യാലയം**

മാണിക്യമംഗലം ബധിര സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി വ്യക്തിത്വവികസന സെമിനാർ 23-ാം തീയതി വ്യാഴാഴ്ച സംഘടിപ്പിച്ചു.

**വിശുദ്ധ അൽഫോൻസാ തീർത്ഥാടനം ഭരണങ്ങാനം**

കോട്ടയം ബധിര കത്തോലിക്ക കൂട്ടായ്മയും, കാതലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മൂന്നാമത് വിശുദ്ധ അൽഫോൻസാ തീർത്ഥാടനത്തിന് 25-ാം തീയതി ശനിയാഴ്ച വിശ്വാസ സമൂഹം ഭരണങ്ങാനത്ത് ഒത്തുകൂടി. വിശുദ്ധ ബലിക്കും, നൊവേനക്കും ആദം മിനിസ്ടി ഡയറക്ടർ ഫാ. പ്രിയേഷ് കളരിമുറിയിൽ നേതൃത്വം നൽകി. വിവിധ കൂട്ടായ്മകളിൽ നിന്നായി നൂറോളം അംഗങ്ങൾ വിശുദ്ധ ബലിയിൽ പങ്കുചേർന്നു. കേരള ബധിര വിശ്വാസ സമൂഹത്തെ ചേർത്തുപിടിക്കുന്ന ബഹു. റെക്ടർ അഗസ്റ്റിൻ പാറയ്ക്കാപറമ്പിൽ അച്ചനും, ക്രമീകരണങ്ങൾക്ക് സഹായിച്ച ഫാ. ജോസഫ് ഇല്ലിമൂട്ടിലിനും പ്രത്യേകം നന്ദി.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യ – ലഹരിവിരുദ്ധസമിതി
## മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

ലഹരിക്കെതിരായ പോരാട്ടം പൊതുസമൂഹം ഏറ്റെടുത്തതിന്റെ ശുഭസൂചനകൾ പലയിടങ്ങളിലും പ്രതിഫലിക്കുന്നത് പ്രത്യാശാനിർഭരമായ കാര്യമാണ്. സമൂഹത്തെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ പ്രതിസന്ധിയാണ് ലഹരിയുടെ ഉപയോഗമെന്ന തിരിച്ചറിവാണ് ആവശ്യം. വിദ്യാർത്ഥികളിൽ എം.എക്കാർ വർദ്ധിക്കുന്നതുപോലെത്തന്നെ അവരിൽ ധാരാളം പേർ 'എം.ഡി.എം.എ' യുടെ ഇരകളോ കുറ്റവാളികളോ ആയിമാറുന്നുവെന്നത് ആശങ്കാജനകമാണ്. കുട്ടികളും യുവജനങ്ങളും വിവിധതരം ലഹരികളുടെ നീരാളിപിടുത്തത്തിൽ വീഴാതിരിക്കുവാൻ മതിയായ ജാഗ്രത നമ്മൾ പുലർത്തേണ്ടതുണ്ട്. 'ഓപ്പറേഷൻ തൂഫാൻ' 'ഓപ്പറേഷൻ തണ്ടർ' എന്നിവയൊക്കെ കേവലം വഴിപാടുകളായി മാറാതെ നമ്മുടെ നാടിനെ വീണ്ടെടുക്കുവാനുള്ള തീവ്രയജ്ഞത്തിന്റെ കൊടിയടയാളങ്ങളായി മാറട്ടെ. ലഹരി മുക്തസമൂഹത്തിനായി നാം കൈകോർക്കുമ്പോൾ ഘട്ടം ഘട്ടമായി മദ്യലഭ്യത കുറക്കുവാനുള്ള ഇച്ഛാശക്തി സർക്കാറിന് ഉണ്ടാകുകയും മദ്യം ഉപേക്ഷിച്ച് മദ്യവർജ്ജനം നടപ്പിലാക്കുവാനുള്ള തീരുമാനം വ്യക്തികൾ കൈക്കൊള്ളുകയും ചെയ്യണമെന്നത് നാണയത്തിന്റെ ഇരുവശങ്ങൾപോലെ പ്രധാനമാണ്.

**അതിരൂപതാസമിതിയോഗം**

മദ്യ – ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും അതിരൂപതാ സമിതിയോഗം ജൂലൈ 7 ചൊവ്വാഴ്ച മാടത്തിൽ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വെച്ച് നടന്നു. രാവിലെ 9.30 ന് വി. കുർബാനയോടെ ആരംഭിച്ച കൂട്ടായ്മ തുടർന്ന് വികാരി റവ. ഫാ. ജോർജ് കരോട്ട് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. പ്രസിഡണ്ട് ടോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. മുക്തിശ്രീ പ്രസിഡണ്ട് ശ്രീമതി

ഷിനോ പാറക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ഇരിട്ടി എസ്. ഐ. രാജു ജോസഫ് ഓപ്പറേഷൻ തൂഫാനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിശദീകരിച്ചു. ആനിമേറ്റർ റവ. സി. ജോസ് മരിയ CMC, സോയി ജോസഫ്, പുഷ്പ വെള്ളപാടം, ഷെൽസി കാവനാടി, ജോളി നടുത്തൊട്ടിയിൽ, സിനി കൊച്ചുപറത്താനത്ത്, ജോസ് ചിറ്റേട്ട് എന്നിവർ പ്രസംഗിച്ചു. മദ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പ്രത്യേക പുരസ്കാരം നേടിയ ജോസ് ചാരചേരിയെ യോഗം അഭിനന്ദിച്ചു. 2025-26 വർഷത്തിലെ പ്രവർത്തന റിപ്പോർട്ടിന്റെ പ്രകാശന കർമ്മം രാജു ജോസഫ് സാർ നിർവഹിച്ചു. സെക്രട്ടറി സോളി രാമച്ചനാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ വിൻസന്റ് മുണ്ടാട്ടുചുണ്ടയിൽ കണക്ക് അവതരിപ്പിച്ചു. തങ്കമ്മ പാലമറ്റം ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

**ലഹരിക്കെതിരെ ജാഗരണ പ്രാർത്ഥന**

ലഹരി എന്ന സാമൂഹ്യതിന്മക്കെതിരെ പോരാടുവാൻ ദൈവികശക്തി ലഭിക്കുവാൻ ചെമ്പേരി ബസിലിക്ക സമൂഹം അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ രാത്രി മുഴുവൻ ദിവ്യകാരുണ്യസന്നിധിയിൽ ആരാധനയിൽ ചെലവിട്ടത് മാതൃകാപരമായി. വൈകിട്ട് 8 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് പുലർച്ചേ 5 മണിക്ക് വി. കുർബാനയോടെ സമാപിച്ച ജാഗരണ പ്രാർത്ഥനയിൽ ധാരാളം ആളുകൾ പങ്കു ചേർന്നു. ബസിലിക്ക റെക്ടർ വെരി റവ. ഫാ. തോമസ് തയ്യിൽ അസി. വികാരി റവ. ഫാ. മാർട്ടിൻ തുറയ്ക്കൽ എന്നിവർ ആരാധനയ്ക്ക് നേതൃത്വം നൽകി. മദ്യ - ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെ അതിരൂപതാസമിതി അംഗങ്ങളായ ജോസ് ചിറ്റേട്ട്, ഷെൽസി കാവനാടിയിൽ, ജിൻസി കുഴിമുള്ളിൽ എന്നിവർ നേതൃത്വം നൽകി. ചെമ്പേരി ബസിലിക്ക ഇടവകയ്ക്ക് അഭിനന്ദനങ്ങൾ.

**യൂണിറ്റുകളുടെയും ഫൊറോനസമിതിയുടെയും രൂപീകരണങ്ങൾ**

ലഹരിക്കെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്തുവാൻ മദ്യ - ലഹരി വിരുദ്ധ പ്രസ്ഥാനത്തിന്റെയും മുക്തിശ്രീയുടെയും യൂണിറ്റുകൾ എല്ലാ ഇടവകകളിലും ബഹു. വികാരിയച്ചന്മാർ താൽപര്യമെടുത്ത് സ്ഥാപിച്ച് ഭാരവാഹികളെ തിരഞ്ഞെടുക്കുമല്ലോ. ഏറ്റവുമടുത്ത ദിവസം തന്നെ ഈ കാര്യം ചെയ്യണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. ഇരു സംഘടനകളുടെയും മീറ്റിംഗ് ഒരുമിച്ച് വിളിച്ച് ചേർത്ത ശേഷം. ഭാരവാഹികളെ പ്രത്യേകം തിരഞ്ഞെടുക്കുക. നേരത്തെ അറിയിച്ചതുപോലെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോ.സെക്രട്ടറി, ട്രഷറർ എന്നിവരാണ് ഇരു സംഘടനകർക്കും ആവശ്യം. ഒരു സിസ്റ്റർ ആനിമേറ്ററെയും നിയോഗിക്കുക. യൂണിറ്റ് സ്ഥാപിച്ച് ഭാരവാഹികളെ തിരഞ്ഞെടുത്ത ശേഷം ലിസ്റ്റ് എത്രയും പെട്ടെന്ന് ഫൊറോന ഡയറക്ടറെ ഏൽപിക്കുക. ഓഗസ്റ്റ് 31 ന് മുമ്പെങ്കിലും

മുഴുവൻ ഇടവകകളിലും യൂണിറ്റുകൾ സ്ഥാപിച്ച് ഭാരവാഹികളുടെ തിര ഞ്ഞെടുപ്പ് നടത്തുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. തങ്ങ ളുടെ ഫൊറോനകളിലെ എല്ലാ ഇടവകകളിലും ഇപ്രകാരം കാര്യങ്ങൾ സമയ ബന്ധിതമായി നടക്കുന്നുവെന്ന് ബഹു. ഫൊറോന വികാരിയച്ചന്മാരും ഫൊറോന ഡയറക്ടർമാരും ഉറപ്പുവരുത്തുമല്ലോ.

**ഫൊറോന ഡയറക്ടർന്മാരുടെ സമ്മേളനം**

മദ്യ – ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും 19 ഫൊറോന കളിലെയും ഡയറക്ടർമാരുടെ ഒരു സമ്മേളനം ഓഗസ്റ്റ് മാസം 18 ചൊവ്വാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വെച്ച് ചേരുന്നു. എല്ലാ വർക്കും പങ്കെടുക്കുവാനുള്ള സൗകര്യം പരിഗണിച്ചാണ് തളിപ്പറമ്പിൽ ചേരു ന്നത്. സമ്മേളനം 11 മണിക്ക് ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ അവസാനി ക്കുന്നതാണ്. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയച്ചൻ സമ്മേളനത്തിൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതാണ്. 19 ഫൊറോന ഡയറക്ടർമാരും നിർബന്ധമായും യോഗത്തിൽ സംബന്ധിക്കുമല്ലോ.

**എ.എ കൂട്ടായ്മകൾ**

ജൂലൈ മാസം 5 ഞായറാഴ്ച പ്രതീക്ഷയിൽ വെച്ച് എ.എ കൂട്ടായ്മ നടന്നു. നിർമ്മലഗിരി കോളേജിന്റെ മുൻ പ്രിൻസിപ്പാൾ ജോസ്‌ലെറ്റ് മാത്യു സാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ധാരാളം പേർ പങ്കെടുത്തു. അടുത്ത കൂട്ടായ്മ ഓഗസ്റ്റ് 2 ന് ഞായറാഴ്ച രാജേഷ് & രേഷ്മ പയ്യന്നൂർ ക്ലാസ്സിനും ഷെയറിങ്ങിനും നേതൃത്വം നൽകും. പ്രതീക്ഷയിൽ ചികിത്സ കഴിഞ്ഞുപോയ എല്ലാവരെയും കുടുംബാംഗങ്ങളെയും എ.എ കൂട്ടായ്മയിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

**കവുങ്ങിൻ തൈ വിതരണം നടത്തി**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കർഷകരുടെ വരുമാനവർധനവും സുസ്ഥിര കാർഷിക വികസനവും ലക്ഷ്യമാക്കി കവുങ്ങിൻ തൈ വിതരണ പരിപാടി സംഘടിപ്പിച്ചു. ഈ പദ്ധതിയുടെ ഭാഗമായി മോഹിത് നഗർ, കാസർഗോഡൻ, ഇന്റർമംഗള (കുള്ളൻ) എന്നീ മൂന്ന് ഇനങ്ങളിലായി 5,000 ഓളം കവുങ്ങിൻ തൈകൾ സബ്സിഡി നിരക്കായ 25 രൂപയ്ക്ക് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

**ടിഎസ്എസ്എസ് യൂണിറ്റുകളുടെ ഗ്രേഡിംഗ് നടത്തി**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ യൂണിറ്റുകളുടെ 2025-26 വർഷത്തെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തി.

യൂണിറ്റുകളുടെ പ്രവർത്തന മികവ്, സാമ്പത്തിക ക്രമീകരണങ്ങൾ, അംഗപങ്കാളിത്തം, യോഗങ്ങളുടെ നടത്തിപ്പ്, രേഖകളുടെ പരിപാലനം, വിവിധ പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഗ്രേഡിംഗ് നടത്തിയത്.

യൂണിറ്റുകളുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ ഗ്രേഡിംഗ് പരിപാടി സംഘടിപ്പിക്കുന്നത്.

**മേഖല വാർഷിക പൊതുയോഗങ്ങൾ**

ടിഎസ്എസ്എസ്സിന്റെ മേഖലാതല വാർഷിക പൊതുയോഗവും യൂണിറ്റുകളുടെ ഇന്റേണൽ ഓഡിറ്റർമാരുടെ ട്രെയിനിങ്ങും താഴെപ്പറയുന്ന ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്

1. പേരാവൂർ - ഓഗസ്റ്റ് 21 - 2:30 pm 4:30 pm
2. എടൂർ - ഓഗസ്റ്റ് 7 - 2 pm 4 pm
3. നെല്ലിക്കംപൊയിൽ - ഓഗസ്റ്റ് 7 - 10:30 am 2:30 pm
4. പൈസക്കിരി - ഓഗസ്റ്റ് 18 - 2 pm 4 pm
5. ചെമ്പേരി - ഓഗസ്റ്റ് 4 - 10 am 12:30 pm

6. ആലക്കോട് – ഓഗസ്റ്റ് 11 – 10:30 am 12:30 pm
7. മേരിഗിരി – ഓഗസ്റ്റ് 14 – 2:30 pm 4:30 pm
8. ചെറുപുഴ – ഓഗസ്റ്റ് 11 – 2 pm 4 pm
9. തോമാപുരം – ഓഗസ്റ്റ് 12 – 10:30 am 12:30 pm
10. വെള്ളരിക്കുണ്ട് – ഓഗസ്റ്റ് 12 – 2 pm 4 pm
11. പനത്തടി – ഓഗസ്റ്റ് 19 – 2 pm 4 pm

**ക്യാൻസർ പരിശോധനാക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മലബാർ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തിവരുന്ന സൗജന്യ ക്യാൻസർ പരിശോധന ക്യാമ്പ് ഈ മാസം ജൂലൈ 06–ന് തോമാപുരം ടി.എസ്.എസ്.എസ് ഓഫീസിൽ വച്ച് നടത്തി. മലബാർ ക്യാൻസർ സെന്റർ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോ. ഫിൻസിന്റെയും ടീമംഗങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്ത മാസത്തെ ക്യാൻസർ ക്യാമ്പ് ഓഗസ്റ്റ് 15–ന് ആലക്കോട് വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യം ഉള്ളവർ ടിഎസ്എസ്എസ് സ്റ്റാഫ് അംഗങ്ങളുമായി ബന്ധപ്പെടുക.

**ടിഎസ്എസ്എസിൽ സോഷ്യൽ വർക്ക് ഇന്റേൺഷിപ്പ്**

അക്കാദമിക് പഠനത്തിന്റെ ഭാഗമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനരീതിയും, വിവിധ പദ്ധതികളും സംബന്ധിച്ച് പ്രായോഗിക പഠനം നടത്തുന്നതിനായി സെന്റ് ജോസഫ് കോളേജ് പിലാത്തറയിൽ നിന്നുള്ള സോഷ്യൽവർക്ക് വിദ്യാർത്ഥി ടിഎസ്എസ്എസ് ഓഫീസിൽ ഇന്റേൺഷിപ്പ് ചെയ്തുവരുന്നു.

**പ്രതിമാസ പ്രവർത്തനങ്ങൾ**

2026 ഓഗസ്റ്റ് മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**ഓഗസ്റ്റ് 12 – അന്താരാഷ്ട്ര യുവജന ദിനം (International Youth Day)**

അന്താരാഷ്ട്ര യുവജന ദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളുടെയും നേതൃത്വത്തിൽ 'തൂഫാൻ' (Toofan) യുവജന ജാഗ്രതാ സംഘങ്ങൾ രൂപീകരിക്കുക. ലഹരിവിരുദ്ധ ബോധവത്കരണം, സാമൂഹിക പ്രതിബദ്ധത, ആരോഗ്യകരമായ ജീവിതശൈലി, സന്നദ്ധസേവന പ്രവർത്തനങ്ങൾ എന്നിവയിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി തൂഫാൻ സംഘങ്ങൾക്ക് പരിശീലനവും ഓറിയന്റേഷനും നൽകുക. രൂപീകരിച്ച തൂഫാൻ യുവജന സംഘങ്ങളുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ, പ്രതിജ്ഞ, റാലികൾ, ക്യാമ്പയിനുകൾ, പൊതുജന സന്ദേശ പ്രചാരണങ്ങൾ എന്നിവ ഓരോ യൂണിറ്റിലും സംഘടിപ്പിക്കുക.

**ഓഗസ്റ്റ് 15 – സ്വാതന്ത്ര്യദിനം (Independence Day)**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളുടെയും നേതൃത്വ ത്തിൽ ദേശീയപതാക ഉയർത്തി സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിക്കുക. ദേശീയ ഐക്യം, ജനാധിപത്യ മൂല്യങ്ങൾ, പൗരബോധം, ഭരണഘടനാ മൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികൾ, സ്വാതന്ത്ര്യദിന സന്ദേശം, പ്രതിജ്ഞ, വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും വേണ്ടി പ്രസംഗം, ഉപന്യാസം, ചിത്രരചന തുടങ്ങിയ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക. കൂടാതെ പരിസര ശുചീകരണം, വൃക്ഷതൈ നട്ടുപിടിപ്പി ക്കൽ, രക്തദാന പ്രചാരണം തുടങ്ങിയ സാമൂഹിക സേവന പ്രവർത്തന ങ്ങളും ഏറ്റെടുത്ത് സ്വാതന്ത്ര്യദിനം അർത്ഥപൂർണ്ണമായി ആചരിക്കുക.

**രോഗീസന്ദർശനം & ചികിത്സാസഹായം**

ബദിയടുക്ക, പടുപ്പ്, അറബി, മാട്ടറ എന്നീ യൂണിറ്റുകൾ, കിടപ്പുരോഗി കളെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു

**അഗതിമന്ദിരം & അനാഥാലയ സന്ദർശനം**

മാട്ടറ, കോഴിച്ചാൽ, പടിമരുത് എന്നീ യൂണിറ്റുകൾ അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ച് സാമ്പത്തിക സഹായവും ആവശ്യമായ സാധനങ്ങളും നൽകി.

**മെഡിക്കൽ ക്യാമ്പ്:** ജൂലൈ മാസത്തെ മാനസിക രോഗികൾക്കായുള്ള മെഡിക്കൽ ക്യാമ്പ് ജൂലൈ 26-ന് ചെമ്പേരി വിമല ആശുപത്രിയിൽ വെച്ച് ഉച്ചയ്ക്ക് 2:30-ന് ഡോക്ടർ സിസ്റ്റർ വിനീതയുടെ നേതൃത്വത്തിലുള്ള സംഘം നടത്തി.

**ബോധവത്കരണ ക്ലാസ്:** നാട്ടക്കൽ ട്രസ്റ്റ് ജൂൺ മാസത്തിൽ ശ്രീ. അബിൻ വർക്കി നയിച്ച ഡിജിറ്റൽ പാരന്റിംഗ് ക്ലാസ് സംഘടിപ്പിച്ചു.

- ലിസ്സിഗിരി, പൈസക്കരി, ചന്ദനക്കാംപാറ യൂണിറ്റുകളുടെ നേതൃത്വത്തിൽ ആരോഗ്യബോധവത്കരണ ക്ലാസും, ഹോമിയോ പ്രതിരോധ മരുന്നുകളെ ക്കുറിച്ചുള്ള ബോധവത്കരണ ക്ലാസും മരുന്ന് വിതരണവും, സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു.
- ടിഎസ്എസ്എസ് വായാട്ടുപറമ്പ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ സാമ്പത്തിക സാക്ഷരതാ സെമിനാർ സംഘടിപ്പിച്ചു.
- മുണ്ടാനൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ, ഭക്ഷ്യസുരക്ഷാ ദിനത്തോടനു ബന്ധിച്ച് ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.
- കോളയാട് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ, ജൂലൈ 5-ന് മാതാപിതാ ക്കൾക്കും കുട്ടികൾക്കുമായി 'ഏലി ദ പേരന്റിംഗ്' എന്ന വിഷയത്തെ ആസ്പദമാക്കി പഠന ക്ലാസ് സംഘടിപ്പിച്ചു. ക്ലാസിന് ശ്രീ. ലിന്റോ മാത്യു നേതൃത്വം നൽകി.
- മണ്ഡപം സെന്റ് ജോസഫ് യൂണിയന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. എക്സൈസ് വകുപ്പിന്റെ

സഹകരണത്തോടെ നടന്ന പരിപാടിയിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും പങ്കെടുത്തു.

- അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകളിലും അക്കൗണ്ടിംഗ് സംവിധാനങ്ങളിലും പ്രാവീണ്യം വർധിപ്പിക്കുന്നതിനായി ഗ്രാമിക അരവഞ്ചാൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അക്കൗണ്ടിംഗ് ക്ലാസ് സംഘടിപ്പിച്ചു.

**ഭവനനിർമ്മാണം:** മണിക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവനനിർമാണ ആവശ്യത്തിനായി ധനസഹായം നൽകി.

**പഠനസഹായം:** ബദിയടുക്ക, അരവഞ്ചാൽ, പുഞ്ച എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായവും പഠനോപകരണങ്ങളും വിതരണം ചെയ്തു.

**വിവിധ ദിനാഘോഷങ്ങൾ**

*ദേശീയ ഡോക്ടേഴ്സ് ദിനം : ജൂലൈ 1*

കനകപ്പള്ളി, മാട്ടറ, അരവഞ്ചാൽ, ചെമ്പന്തൊട്ടി സിയൂ, നെടുംപുറംചാൽ, ചെമ്പന്തൊട്ടി എംഎസ്എസ്, നടുവിൽ, വെള്ളരിക്കുണ്ട്, കുടിയാന്മല, കരുവഞ്ചാൽ, മുണ്ടാനൂർ, വായാട്ടുപറമ്പ്, മണക്കടവ്, വിളക്കന്നൂർ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഡോക്ടേഴ്സ് ഡേയോടനുബന്ധിച്ച് ഡോക്ടർമാരെ ആദരിച്ചു.

**മറ്റ് പ്രവർത്തനങ്ങൾ**

- ബദിയടുക്ക, പടുപ്പ്, പുഞ്ച, കീഴ്പ്പള്ളി എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ ക്ഷീരകർഷകരെ ആദരിച്ചു.
- ബദിയടുക്ക, അറബി എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുകയും സമ്മാനങ്ങൾ നൽകി ആദരിക്കുകയും ചെയ്തു.
- നാട്ടക്കൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ജീവിതശൈലി നിർണയ ക്യാമ്പ് സംഘടിപ്പിച്ചു.
- വൈഎംസിഎ പെരുമ്പടവും ടിഎസ്എസ്എസ് പെരുമ്പടവും സംയുക്തമായി സൗജന്യ ഹോമിയോ പ്രതിരോധ മരുന്ന് വിതരണ മെഡിക്കൽ ക്യാമ്പ് നടത്തി.
- ടിഎസ്എസ്എസ് ട്രസ്റ്റ് കരുവഞ്ചാലിന്റെ നേതൃത്വത്തിൽ സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പും പകർച്ചപ്പനി പ്രതിരോധം മരുന്ന് വിതരണവും നടത്തി.
- നടുവിൽ പ്രാഥമികാരോഗ്യ കേന്ദ്രവും വിളക്കന്നൂർ ക്രെഡിറ്റ് യൂണിയനും സംയുക്തമായി പൾസ് പോളിയോ തുള്ളിമരുന്ന് വിതരണ പരിപാടി സംഘടിപ്പിച്ചു.

- പിതൃദിനത്തോടനുബന്ധിച്ച് കരുവഞ്ചാൽ, മണക്കടവ് യൂണിറ്റുകൾ പിതാക്കന്മാരെ ആദരിച്ചു.
- അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് കരുവഞ്ചാൽ, പടുപ്പ് എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ യോഗ പരിശീലന ക്ലാസ് സംഘടിപ്പിച്ചു.

  അറബി, മണക്കടവ്, വായാട്ടുപറമ്പ്, മുണ്ടാനൂർ, നെടുംപുറംചാൽ, പൂളക്കുറ്റി, മാട്ടറ, നാട്ടക്കൽ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിക്കെതിരെ പോസ്റ്ററുകൾ സ്ഥാപിക്കുകയും, ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുകയും, ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു.
- പകർച്ചപ്പനിക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കരിക്കോട്ടക്കരി ടിഎസ്എസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഹോമിയോ പ്രതിരോധ മരുന്ന് വിതരണം നടത്തി.
- അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് അരവഞ്ചാൽ ഗ്രാമിക യൂണിറ്റിലെയും വ്യാപാരി വ്യവസായി ഏകോപന സമിതി അരവഞ്ചാൽ യൂണിറ്റിലെയും അംഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ സൂമ്പ ഡാൻസ് പരിപാടി സംഘടിപ്പിച്ചു.
- കാവുന്തല ക്രെഡിറ്റ് യൂണിയന്റെയും കമ്പല്ലൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.
- ടിഎസ്എസ്എസ് കീഴ്പ്പള്ളി യൂണിറ്റിന്റെ പുതിയ പാലിയേറ്റീവ് സേവന യൂണിറ്റിനായി നവീകരിച്ച കെട്ടിടത്തിന്റെ ആശീർവാദ കർമ്മം ഫാ. ജോർജ് ചേലമരം നിർവഹിച്ചു.
- ലഹരിക്കെതിരായ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയോടൊപ്പം തോമാപുരം ഗ്രാമിക യൂണിറ്റ് പങ്കാളികളായി.
- പിഎച്ച്ഡി ബിരുദം നേടിയ ആദർശ് ജോജോ കുറ്റിക്കാട്ടിൽ, സ്റ്റെന്നി ബെന്നി കാക്കതൂക്കിയേൽ എന്നിവരെയും, പ്ലസ് ടു പൊതുപരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് (Full A+) കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും അങ്ങാടിക്കടവ് ടിഎസ്എസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു.
- ടിഎസ്എസ്എസ് കീഴ്പ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ പകർച്ചവ്യാധി പ്രതിരോധ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

**ഫാ. ജോസഫ് ചെരിയംകുന്നേൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

# റേഡിയോ ഫോർ യൂ 89.6
## കമ്മ്യൂണിറ്റി റേഡിയോ

**റേഡിയോ ഫോർ യു 89.6 എഫ് എം**

കാഞ്ഞങ്ങാട് കേന്ദ്രമായി പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ, റേഡിയോ ഫോർ യു 89.6 എഫ് എം പ്രാദേശിക സമൂഹത്തിന്റെ ശബ്ദമായി മാറുക എന്ന ലക്ഷ്യത്തോടെ സജീവമായി പ്രവർത്തിച്ചുവരുന്നു. ഇന്ത്യയുടെ വിവര പ്രക്ഷേപണ മന്ത്രാലയത്തിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന ഈ റേഡിയോ പ്രാദേശിക വാർത്തകൾ, സാമൂഹിക വിഷയങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, സംസ്കാരം, സംഗീതം, കലാപരിപാടികൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിച്ചിരിക്കുകയാണ്.

വിദ്യാർത്ഥികൾക്കും പ്രാദേശിക കലാകാരന്മാർക്കും സാധാരണ ജനങ്ങൾക്കും അവരുടെ കഴിവുകളും അഭിപ്രായങ്ങളും പങ്കുവയ്ക്കാൻ വേദി ഒരുക്കിക്കൊണ്ടും  വ്യത്യസ്തങ്ങളായ മേഖലകളിലെ പരിപാടികൾ കോർത്തിണക്കിക്കൊണ്ടും റേഡിയോ ഫോർ യു ജൈത്ര യാത്ര തുടരുന്നു.

**റേഡിയോ ഫോർ യൂ 89.6 FM ലെ സ്റ്റാഫ് അംഗങ്ങൾ**

ഫാ. ജിതിൻ കളത്തിൽ, സ്റ്റേഷൻ ഡയറക്ടർ
ഫാ. ആന്റണി മറ്റക്കോട്ടിൽ, അഡ്മിനിസ്ട്രേറ്റർ
സി. മേഴ്‌സി FCC, പ്രൊജക്റ്റ് മാനേജർ & അക്കൗണ്ട്സ്
ജോയി സി.സി., പടന്നക്കാട്, HR മാനേജർ
സജി സെബാസ്റ്റ്യൻ, പടുപ്പ്, RJ
നിതിൻ പൗലോസ്, തൃശ്ശൂർ, സൗണ്ട് എഞ്ചിനീയർ
ആഷ്‌ലി മാത്യു, ചുള്ളിക്കര, പ്രോഗ്രാമിങ് & മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്
എൽറോയ് മാനുവൽ, ആലക്കോട്, സോഷ്യൽ മീഡിയ എക്സ്പേർട്ട്
ജെസ്‌ലിൻ റ്റി. ഡി., പടന്നക്കാട്, പബ്ലിക് റിലേഷൻസ്
അനിറ്റ ജോയ്, നെല്ലിയടുക്കം, പ്രോഗ്രാമിങ്

**സ്വാഗതം**

രണ്ടുമാസത്തേക്ക് റേഡിയോയുടെ ഭാഗമാകാൻ എത്തിച്ചേർന്ന ഫാദർ അമൽ പഞ്ഞിക്കുന്നേലിന് ഹൃദ്യമായ സ്വാഗതം ആശംസിച്ചു.

**സി പി സി ആർ ഐ പ്രോഗ്രാം**

റേഡിയോ ഫോർ യു യിലെ സ്റ്റാഫ് അംഗങ്ങൾ കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം സന്ദർശിക്കുകയും നാളികേരത്തിന്റെ മൂല്യ വർദ്ധനവ്, തെങ്ങിന്റെ സംയോജിത പോഷക പരിപാലനം, തെങ്ങുകളിലെ കീടങ്ങളും കീടനിയന്ത്രണവും, തോട്ടവിള മേഖലയിലെ സാങ്കേതിക വിദ്യകളും വിവരങ്ങളും കർഷകരിലേക്ക് എത്തിക്കുന്ന സംവിധാനങ്ങൾ, സിപിസിആർഐ വികസിപ്പിച്ചെടുത്ത തെങ്ങിനങ്ങൾ, ഇളനീർ സംസ്ക രണം, തേങ്ങാപ്പാലിന്റെ മൂല്യവർദ്ധന സാധ്യതകൾ എന്നീ കൃഷി സംബന്ധ മായ വിവിധ വിഷയങ്ങളെക്കുറിച്ച് കൃഷി വിദഗ്ധരുമായി അഭിമുഖം നടത്തി റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്തു.

**കാസർഗോഡ് എസ് പി നിധിൻരാജ് ഐപിഎസ്**

ഡിജിറ്റൽ അറസ്റ്റ്, ഓപ്പറേഷൻ തൂഫാൻ എന്നീ വിഷയങ്ങളെക്കുറിച്ച്, കാസർഗോഡ് എസ് പി നിധിൻ രാജ് ഐപിഎസിന്റെ സന്ദേശം പ്രക്ഷേ പണം ചെയ്തു. അതോടൊപ്പം തന്നെ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള സന്ദേശം റെക്കോർഡ് ചെയ്യാനും സാധിച്ചു.

**അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ അൻവർ സാദത്ത്**

മയക്കുമരുന്ന് കടത്ത്, അതിനെതിരായ നിയമനടപടികൾ, യുവാക്കളിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗത്തിന്റെ കാരണങ്ങൾ, പ്രതിരോധ മാർഗങ്ങൾ, പൊതുജനങ്ങളുടെ പങ്കാളിത്തം എന്നിവയെക്കുറിച്ചും സമൂഹത്തെ ലഹരിവിമുക്തമാക്കാൻ ബോധവൽക്കരണത്തിന്റെയും നിയമപാലനത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും, നർകോട്ടിക് ബ്യൂറോ യിലെ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ അൻവർ സാദത്തുമായി അഭിമുഖം നടത്തി റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്തു.

**അഭിമുഖങ്ങൾ**

മെഡിക്കൽ വിദ്യാഭ്യാസത്തിനായി നിരവധി പഠനമാതൃകകളും ശില്പ ങ്ങളും നിർമ്മിച്ച് പ്രശസ്തനായ ശില്പിയും ചിത്രകല അധ്യാപകനുമായ ആർട്ടിസ്റ്റ് രവീന്ദ്രൻ തൃക്കരിപ്പൂരുമായുള്ള അഭിമുഖം പ്രക്ഷേപണം ചെയ്തു.

കേന്ദ്ര സാഹിത്യ അക്കാദമിയുടെ യുവ സാഹിത്യ പുരസ്കാരവും ന്യൂയോർക്ക് ഫിലിം ഫെസ്റ്റിവലിൽ മികച്ച തിരക്കഥാകൃത്തിനുള്ള പുരസ്കാ രവും നേടിയ മലയാളത്തിലെ ശ്രദ്ധേയനായ എഴുത്തുകാരനും തിരക്കഥാകൃത്തു മായ പി. വി. ഷാജികുമാറുമായുള്ള അഭിമുഖം പ്രക്ഷേപണം ചെയ്യാൻ സാധിച്ചു.

നിരവധി ശ്രദ്ധേയമായ കവിതകളിലൂടെയും അമ്മയുടെ ഓർമ്മ പുസ്തകം എന്ന കൃതിയിലൂടെയും മലയാളസാഹിത്യത്തിൽ അറിയപ്പെടുന്ന കവിയും എഴുത്തുകാരനുമായ മാധവൻ പുറച്ചേരിയുമായുള്ള അഭിമുഖം നടത്തി.

അധ്യാപകനും, നാടൻപാട്ട് കലാകാരനും, സംഗീതസംവിധായകനും സാംസ്കാരിക പ്രവർത്തനങ്ങളിലും വിവിധ കലാസാഹിത്യ ക്യാമ്പുകളിലും സജീവ സാന്നിധ്യവുമായ വിജയൻ ശങ്കരംപാടിയുമായുള്ള അഭിമുഖം നടത്താൻ സാധിച്ചു.

മനുഷ്യനും മണ്ണും തമ്മിലുള്ള ആത്മബന്ധത്തെ ആഴത്തിൽ അവതരിപ്പിക്കുകയും നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കുകയും ചെയ്ത ഹൃദയസ്പർശിയായ ഷോർട്ട് ഫിലിം മണ്ണുസാക്ഷിയുടെ അണിയറ പ്രവർത്തകരുമായി അഭിമുഖം നടത്തി

ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന് ഉടമയും സോഷ്യൽ മീഡിയയിൽ തന്റെ അതുല്യമായ ഫിംഗർ സ്നാപ്പ് ഡ്രമ്മിങ് പ്രകടനങ്ങളിലൂടെ ലക്ഷക്കണക്കിന് ആളുകളുടെ ശ്രദ്ധ നേടുകയും ചെയ്ത യുവ പ്രതിഭയായ ശ്രീ. മണികണ്ഠൻ എസ്. കോട്ടൂരിനെ അഭിമുഖം ചെയ്യാൻ സാധിച്ചു.

**പുതിയ പ്രോഗ്രാം**

കാസർഗോഡ് ജില്ലയിലെ പ്രഗത്ഭരും പ്രശസ്തരുമായ ഗായകരുടെ പാട്ടുകൾ കേൾക്കുവാനും അവരുടെ വിശേഷങ്ങൾ പങ്കുവയ്ക്കുവാനുമായി ഒരുക്കുന്ന 'പാട്ടിന്റെ പാലാഴി' എന്ന സംഗീത പരിപാടി റേഡിയോ കോർഡിനേറ്റേഴ്സിൽ ഒരാളും പിന്നണിഗായികയുമായ രജിത വി. വി. യുടെ നേതൃത്വത്തിൽ ആരംഭിച്ചു.

**പ്രത്യേക പരിപാടികൾ**

- ജൂലൈ 2 സംഗീതസംവിധായകനായ എം ജി രാധാകൃഷ്ണന്റെ അനുസ്മരണത്തോടനുബന്ധിച്ച് റേഡിയോ കോർഡിനേറ്റേഴ്സിൽ ഒരാളായ പി വി രഘുനാഥന്റെ നേതൃത്വത്തിൽ പ്രത്യേക പരിപാടി അവതരിപ്പിച്ചു.
- ജൂലൈ 11 ലോക ജനസംഖ്യ ദിനത്തോടനുബന്ധിച്ച് വർദ്ധിച്ചുവരുന്ന ആഗോള ജനസംഖ്യയെകുറിച്ചും അത് പരിസ്ഥിതിയിലും സമൂഹത്തിലും ചെലുത്തുന്ന സ്വാധീനത്തെ കുറിച്ചുള്ള സന്ദേശം റേഡിയോ ഫോർ യൂ സ്റ്റാഫ് അംഗം ശ്രീ. സജി സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ പ്രക്ഷേപണം ചെയ്തു.
- ജൂലൈ 15 ലോക യുവജന നൈപുണ്യ ദിനത്തോടനുബന്ധിച്ച് തൊഴിൽ, സംരംഭകത്വം എന്നിവയ്ക്കായി യുവാക്കളെ സജ്ജരാക്കുന്നതിന്റെ

പ്രാധാന്യം ഓർമ്മിപ്പിച്ചുകൊണ്ടുള്ള സന്ദേശം പ്രക്ഷേപണം ചെയ്തു.

- ജൂലൈ 21 അന്താരാഷ്ട്ര ചാന്ദ്രദിനത്തോടനുബന്ധിച്ച്, മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയ ചരിത്ര സംഭവത്തെ അനുസ്മരിച്ചുകൊണ്ട് ബഹിരാകാശ പര്യവേഷണത്തിന്റെ പ്രാധാന്യത്തെകുറിച്ചുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.
- ജൂലൈ 22 ദേശീയപതാക അംഗീകാര ദിനത്തിൽ ദേശീയപതാകയുടെ പ്രാധാന്യത്തെക്കുറിച്ചും ദേശീയപതാക ആദരവോടെയും ഉത്തരവാദിത്വത്തോടെയും കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യാൻ സാധിച്ചു.
- ജൂലൈ 26 'കാർഗിൽ വിജയ് ദിവസ്' നോട് അനുബന്ധിച്ച് കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച ധീരജവാൻമാർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്, ഓരോ പൗരന്റെയും ജീവിതത്തിൽ രാജ്യസ്നേഹവും ഐക്യവും ഉത്തരവാദിത്വബോധവും കൂടുതൽ ശക്തമാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.
- ജൂലൈ 27 ഇന്ത്യയുടെ മിസൈൽമാൻ എന്നറിയപ്പെടുന്ന മുൻ രാഷ്ട്രപതി എപിജെ അബ്ദുൽ കലാമിന്റെ ഓർമ്മ ദിനത്തോടനുബന്ധിച്ച് കഠിനാധ്വാനം ആത്മവിശ്വാസം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ

**ഫാ. ആന്റണി മറ്റക്കോട്ടിൽ**
അഡ്മിനിസ്ട്രേറ്റർ, റേഡിയോ

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**അഭിമാനപൂർവം**

ബയോ മൗണ്ടൻ കമ്പനിക്ക് കേരള അഗ്രോ ബ്രാൻഡ് അംഗീകാരം ലഭിച്ചു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരം, വിശ്വാസ്യത, സുരക്ഷ എന്നിവ ഉറപ്പുനൽകുന്ന ഒരു തിരിച്ചറിയലാണ് കേരള അഗ്രോ ബ്രാൻഡ്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ബയോ മൗണ്ടൻ കമ്പനി മികച്ച നിലവാരത്തിൽ ശേഖരിച്ച്, സംസ്കരിച്ച്, പായ്ക്ക് ചെയ്ത് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിലൂടെ കേരളത്തിന്റെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ കൂടുതൽ മൂല്യവും അംഗീകാരവും ലഭ്യമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

കേരള അഗ്രോ ബ്രാൻഡിലൂടെ പ്രാദേശിക കർഷകർക്ക് മികച്ച വിപണി, ന്യായമായ വില, കൂടുതൽ വരുമാനം എന്നിവ ലഭിക്കാൻ സഹായക മാകുന്നു. അതേസമയം ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ളതും സുരക്ഷിതവും വിശ്വാസ്യതയുള്ളതുമായ കാർഷിക ഉൽപ്പന്നങ്ങൾ ലഭി ക്കുന്നതും ഇതിന്റെ പ്രധാന നേട്ടമാണ്. ഇതുവഴി കേരളത്തിന്റെ കാർഷിക മേഖലയുടെയും പ്രാദേശിക ഉൽപ്പന്നങ്ങളുടെയും വളർച്ചക്കും മത്സരശേഷി വർധിപ്പിക്കാനും സഹായിക്കുന്നു.

**ബയോ മൗണ്ടൻ കമ്പനിയുടെ ആദ്യ എക്സ്ക്ലൂസീവ് ഫാക്ടറി ഔട്ട് ലെറ്റ്**

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകരുടെ കൂട്ടായ്മയായ തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ആരംഭിച്ച ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആദ്യ എക്സ്ക്ലൂസീവ് ഫാക്ടറി ഔട്ട്ലെറ്റ് ഇരിട്ടി കല്ലുമുട്ടിയിൽ പ്രവർത്തനം ആരംഭിച്ചു. തലശ്ശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയിൽ ഔട്ട് ലെറ്റിന്റെ ആശീർവാദകർമവും പായം പഞ്ചായത്ത് പ്രസിഡന്റ് എം. വിനോദ്കുമാർ ഉദ്ഘാടനവും നിർവഹിച്ച ചടങ്ങിൽ തലശ്ശേരി

അതിരൂപത വികാരി ജനറാൾമാരായ മോൺ സിബി പാലാക്കുഴി, മോൺ ആന്റണി മുതുകുന്നേൽ, മോൺ മാത്യു ഇളംതുരുത്തിപ്പടവിൽ, ഡയറക്ടർ ബോർഡ് അംഗം പി.ടി ജോസ്, മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, മാർക്കറ്റിംഗ് ഡയറക്ടർ ഫാ. ജെയിസ് കുരിശുമുട്ടിൽ എന്നിവർ പങ്കെടുത്തു. ജാതിക്ക, ഏലക്ക, കറുവപ്പട്ട, ഗ്രാംമ്പു തുടങ്ങി പന്ത്രണ്ടോളം സുഗന്ധവ്യഞ്ജനങ്ങൾ ചേർത്ത് തയ്യാറാക്കുന്ന കറിമസാല കളും ചായപ്പൊടി, പുട്ടുപൊടി തുടങ്ങി ബയോമൗണ്ടൻ കമ്പനിയിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ ഉല്പന്നങ്ങളും ഫാക്ടറി ഔട്ട്ലെറ്റിൽ ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 11 മുതൽ രാത്രി 8 വരെ ഔട്ട്ലെറ്റിൽ നിന്ന് സാധനങ്ങൾ ലഭ്യമാകും.

**സംരംഭക സംഗമം 2026**

തലശ്ശേരി രൂപതയുടെ നേതൃത്വത്തിൽ നടന്ന നാലാമത് സംരംഭക സംഗമം കുന്നോത്ത് ഹരിത ഇൻഡസ്ട്രിയൽ പാർക്കിൽ പ്രവർത്തിക്കുന്ന ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ക്യാമ്പസിൽ വച്ച് നടന്നു. നൂറോളം സംരംഭകർ പങ്കെടുത്ത യോഗത്തിൽ ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും വിവിധ പ്രൊഡക്ഷൻ യൂണിറ്റുകൾ സന്ദർശിക്കുകയും കമ്പനിയുടെ പ്രവർത്തനങ്ങളേക്കുറിച്ച് പഠിക്കുകയും ഒപ്പം വരുംകാല പ്രൊജക്റ്റുകളെക്കുറിച്ച് വിശദമായ പ്രസന്റേഷൻ നടത്തുകയും ചെയ്തു. സംരംഭകരുമായി ആശയവിനിമയം നടത്തുകയും അവരിൽ നിന്നും വിലയേറിയ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

**ബയോ മൗണ്ടൻ കാർഷിക ലോൺ**

ബയോ മൗണ്ടൻ കമ്പനിയുടെ ആഭിമുഖ്യത്തിൽ കാനറ ബാങ്കുമായി സഹകരിച്ചുകൊണ്ട് കാർഷിക ലോൺ വിതരണം ചെയ്തു. കാർഷിക മേഖലയുടെ വളർച്ചക്കും കർഷകരുടെ ഉന്നമനത്തിനുംവേണ്ടി ആരംഭിച്ച ബയോ മൗണ്ടൻ കാർഷിക ലോൺ പദ്ധതി വഴി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മൂവായിരത്തിയഞ്ഞൂറോളം കർഷകർക്കാണ് ലോൺ വിതരണം ചെയ്തത്.

**കേര പദ്ധതിയുടെ പരിശീല പരിപാടിയിൽ പങ്കെടുത്തു**

കേരള സർക്കാരിന്റെ KERA പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ബയോ മൗണ്ടൻ എം.ഡി. ഫാ. ബെന്നി നിരപ്പേൽ, കമ്പനി സി.ഇ.ഒ സ്റ്റെഫിൻ മരിയ എന്നിവർ പങ്കെടുത്തു. 'കേരളത്തിൽ ഉൽപ്പാദന സഖ്യ സമീപനത്തിലൂടെ കാർഷിക മൂല്യശൃംഖലകൾ പ്രോത്സാഹിപ്പിക്കുക' എന്ന വിഷയത്തെ ആസ്പദമാക്കി കാർഷിക മൂല്യശൃംഖലകളുടെ വികസനം, കർഷകരുടെ വരുമാനവർധന,

വിപണി അധിഷ്ഠിത കാർഷിക വികസനം എന്നിവയെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങളും ഒപ്പം കർഷകർ, കർഷക ഉൽപ്പാദക സംഘടനകൾ (FPO), സ്വകാര്യ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ എന്നിവ തമ്മിലുള്ള ഫലപ്രദമായ പങ്കാളിത്തത്തിലൂടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണിയും കൂടുതൽ മൂല്യവർധനയും ഉറപ്പാക്കുക, കർഷകരെ ഉൽപ്പാദകരായി മാത്രമല്ല, വിപണിയുമായി നേരിട്ട് ബന്ധപ്പെടുന്ന സംരംഭകരായി വളർത്തിയെടുക്കുക, ഉൽപ്പാദനം മുതൽ ശേഖരണം, സംസ്കരണം, പാക്കേജിംഗ്, സംഭരണം, ഗതാഗതം, വിപണനം എന്നിവയുടെ ഓരോ ഘട്ടത്തിലും മൂല്യം വർധിപ്പിക്കുന്നതിലൂടെ കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാൻ എന്നിങ്ങനെ വിവിധങ്ങളായ വിഷയങ്ങളിൽ പ്രത്യേക പരിശീലനവും പഠനവും ചർച്ചയും നടന്നു.

**കർഷകരിൽനിന്നും പച്ചക്കപ്പ സ്വീകരിച്ചു**

കപ്പയിൽ നിന്നും വിവിധങ്ങളായ മൂല്യവർധിത ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും കർഷകർക്ക് അവരുടെ വിളകൾക്ക് കൂടുതൽ മൂല്യം ലഭിക്കുന്നതിനും അതുവഴി കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനുമായി ഹരിത വ്യവസായ പാർക്കിൽ പുതുതായി ആരംഭിച്ച ടാപ്പിയോക്കാ പ്രോസസിംഗ് യൂണിറ്റിലേക്ക് മയ്യിൽ, മാടത്തിൽ, ആലക്കോട് എന്നിവിടങ്ങളിലെ കർഷകരിൽനിന്നും കർഷക ഗ്രൂപ്പുകളിൽനിന്നുമായി പച്ചക്കപ്പ സ്വീകരിച്ചു.

**ഇടവകകളിൽ ബയോ മൗണ്ടൻ വാരചരണം നടത്തി**

ബയോ മൗണ്ടൻ വാരചരണത്തിന്റെ ഭാഗമായി ചെറുപുഴ, ചെമ്പേരി ഇടവകകളിൽ ബയോ മൗണ്ടൻ ഉൽപ്പന്നങ്ങളുടെ വിപണനം നടന്നു. സ്പെഷ്യൽ ഡിസ്കൗണ്ടോടുകൂടി നടത്തിയ വിപണനത്തിൽ ഏകദേശം രണ്ടര ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്തു.

**ബയോ മൗണ്ടൻ സന്ദർശനം**

തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള ഇടവകകളിൽനിന്നും മാതൃവേദി കൂട്ടായ്മയിൽനിന്നും വൈദികരും അംഗങ്ങളും ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെ കുറിച്ച് പഠിക്കാനും മനസ്സിലാക്കാനും സന്ദർശനം നടത്തി. ബയോ മൗണ്ടൻ കമ്പനിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും സഹായങ്ങളും വാഗ്ദാനം ചെയ്തു.

**ബയോ മൗണ്ടൻ കപ്പ പുട്ട് പൊടി, പാലപ്പം പൊടി, സ്റ്റീം (അരി) പുട്ട് പൊടി എന്നിവ വിപണനത്തിനായി തയ്യാറായി**

ബയോ മൗണ്ടൻ ഫുഡ് പ്രൊഡക്റ്റിന്റെ ഉൽപ്പന്നമായ ബയോ മൗണ്ടൻ കപ്പ പുട്ടുപൊടി, ഈസി പാലപ്പം പൊടി, സ്റ്റീം (അരി) പുട്ട് പൊടി

എന്നിവയുടെ വിപണനം ആരംഭിച്ചു. ഉൽപ്പന്നങ്ങൾ ആവശ്യമുള്ളവർക്കായി എല്ലാ ബയോ മൗണ്ടൻ സ്റ്റാളുകളും ഇവ ലഭ്യമാക്കിയിട്ടുണ്ട്.

**വാട്ടുകപ്പ വിതരണം ചെയ്തു**

തലശ്ശേരി അതിരൂപതയുടെ ഹരിത വ്യവസായ പാർക്കിൽ പ്രവർത്തനം ആരംഭിച്ച നാലാമത്തെ സംരംഭമായി കേരള സർക്കാർ കൃഷി വകുപ്പിന്റെ സഹകരണത്തോടെ ആരംഭിച്ച ആധുനിക സാങ്കേതിക വിദ്യകളായ കപ്പ വാഷിംഗ് & പീലർ മെഷീൻ, സ്ലൈസർ, പൾവറൈസിംഗ്, ഡ്രയർ, വാക്വം ഫ്രൈയിംഗ് എന്നിവ ഉപയോഗിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ബയോ മൗണ്ടൻ ടാപ്പിയോക്ക പ്രോസസിംഗ് യൂണിറ്റിന്റെ ആദ്യ ഉൽപ്പന്നമായ വാട്ടുകപ്പയുടെ വിതരണം തുടരുന്നു. കണ്ണൂർ കാസർഗോഡ് ജില്ലകളിലെ വിവിധ ഇടവകകളിൽനിന്നുമായി സ്വീകരിച്ച വാട്ടുകപ്പയുടെ ഓർഡറുകളുടെ വിതരണം ആണ് ആരംഭിച്ചത്.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കും വേണ്ടി നമ്മൾ ആരംഭിച്ച ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻമാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്ത സംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചു കൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. **ഫോൺ: 9656054322. Mail.id: tsssbiomountain @ gmail.com**

ആഗസ്റ്റ് മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് കുരിശുംമൂട്ടിൽ**
മാർക്കറ്റിംഗ ഡയറക്ടർ

# ഇൻഫാം

**ഇൻഫാം പുതിയ യൂണിറ്റുകളുടെ രൂപീകരണവും അംഗത്വ ക്യാമ്പയിനും**

പാണത്തൂർ, കടുമേനി, കാർത്തികപുരം, നടുവിൽ എന്നീ സ്ഥല ങ്ങളിലും ചെമ്പേരി മേഖലയിലെ വിവിധ സ്ഥലങ്ങളിലും ഇൻഫാം അംഗത്വ ക്യാമ്പയിൻ സംഘടിപ്പിക്കുകയും പുതിയ അംഗങ്ങളെ ചേർക്കുകയും ചെയ്തു. പുതുതായി അംഗത്വം സ്വീകരിച്ചവർക്ക് മാവിൻ തൈകൾ വിതരണം ചെയ്ത് പരിസ്ഥിതി സംരക്ഷണ സന്ദേശം പ്രചരിപ്പിച്ചു. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി നാല് പുതിയ യൂണിറ്റുകൾ രൂപീകരിച്ച് സംഘടനയുടെ പ്രവർത്തന ശൃംഖല കൂടുതൽ വിപുലീ കരിക്കാൻ സാധിച്ചു.

അംഗത്വ ക്യാമ്പയിനും പുതിയ യൂണിറ്റുകളുടെ രൂപീകരണ പ്രവർ ത്തനങ്ങൾക്കും ഇൻഫാം അതിരൂപത ഡയറക്ടർ, ഫാ. ബിബിൻ വരമ്പകത്ത്, ഇൻഫാം അതിരൂപത പ്രസിഡന്റ്, ശ്രീ. അജി പൂന്തോട്ടം എന്നിവർ നേതൃത്വം നൽകി. കടുമേനി ഇടവകയിൽ ഫാ. ജോസഫ് കാവനാടി, കാർത്തികപുരം ഇടവകയിൽ, ഫാ. ജോസഫ് കുളത്തറ, നടുവിൽ ഇടവകയിൽ ഫാ. തോമസ് ചെരുവിൽ, പാണത്തൂർ ഇടവകയിൽ ഫാ. നോബിൾ പന്തലാടിക്കൽ എന്നിവർ നേതൃത്വം നൽകി. കൂടാതെ, ടിഎസ്എസ്എസ് പ്രസിഡന്റ് ശ്രീ. ജോഷി കുന്നത്ത് ചെമ്പേരി മേഖലയിലെ വിവിധ ഇടവകകളിൽ പുതിയ യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**ശ്രീ. അജി പൂന്തോട്ടം**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2026 ആഗസ്റ്റ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| 01 | : | ഏകദിന കൺവെൻഷൻ |
| 02–06 | : | ആന്തരിക സൗഖ്യ ധ്യാനം |
| 08 | : | ഏകദിന കൺവെൻഷൻ |
| 09–14 | : | വൈദികരുടെ ധ്യാനം |
| 14 | : | ഏകദിന ധ്യാനം (2 pm - 8 pm) |
| 15 | : | ഏകദിന കൺവെൻഷൻ |
| 16–19 | : | KANNADA RETREAT |
| 22 | : | ഏകദിന കൺവെൻഷൻ |
| 23–27 | : | ആന്തരിക സൗഖ്യ ധ്യാനം |
| 28 | : | ഏകദിന ധ്യാനം (2 pm - 8 pm) |
| 29 | : | ഏകദിന കൺവെൻഷൻ |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| 08–11 | : | ആന്തരിക സൗഖ്യ ധ്യാനം |
| 22–25 | : | ആന്തരിക സൗഖ്യ ധ്യാനം |
| 26–29 | : | GNET - TEENS RETREAT |

**3. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

| | | |
|---|---|---|
| 08 | : | ജാഗരണ പ്രാർത്ഥന |
| 20–23 | : | ആന്തരിക സൗഖ്യ ധ്യാനം |
| 27–29 | : | കുടുംബ നവീകരണ ധ്യാനം |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**ജൂൺ 2026**

21-23 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

24 തലശ്ശേരി സന്ദേശഭവനിൽവച്ച് ദൈവാലയ ശുശ്രൂഷികളുടെ ധ്യാനത്തിനെത്തിയവർക്ക് ക്ലാസ്സ് നയിച്ചു. തുടർന്ന് സാൻജോസ് മെട്രോപ്പോളീറ്റൻ സ്കൂളിൽവച്ച് നടത്തിയ സൈബർ ബോധവത്കരണ സെമിനാറിന് അധ്യക്ഷത വഹിച്ചു. ശേഷം അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ്, സാങ്താ മാതാ നഴ്സിംഗ് കോളേജ് മാനേജിംഗ് കമ്മറ്റി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

25 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. വൈകുന്നേരം പനത്തടി ഫൊറോനാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

26 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. വൈകുന്നേരം വിശ്വാസപരിശീലകർക്കുള്ള ആമുഖ സെമിനാറിന് എത്തിയവർക്കായി ക്ലാസ്സ് നയിച്ചു.

27 തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ അധ്യാപകർക്കായി പാലാവയലിലും ചെമ്പേരിയിലുമായി നടത്തിയ റീജിയണൽ കോൺഫറൻസുകൾ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. വൈകുന്നേരം എറണാകുളം നിവേദിതാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു.

28 വിളമന ഇടവകാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും തുടർന്നു നടന്ന പൊതുയോഗത്തിന് അധ്യക്ഷത വഹിക്കുകയും ചെയ്തു.

29 രാവിലെ പെർളയിൽ പുതുതായി ആരംഭിച്ച സ്പെഷ്യൽ സ്കൂളിന്റെ വെഞ്ചരിപ്പു ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം ചീമേനി എസ്.ഡി.വി സിസ്റ്റേഴ്സിന്റെ കോൺവെന്റ് ചാപ്പൽ കൂദാശ ചെയ്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

30 തളിപ്പറമ്പിൽവച്ച് സംഘടിപ്പിച്ച അതിരൂപതാ പാരീഷ് കോർഡിനേറ്റേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു.

**ജൂലൈ 2026**

01 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

02-03 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

04 കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ എടൂരിലും ചെമ്പേരിയിലുമായി സംഘടിപ്പിച്ച ടീച്ചേഴ്സ് റീജിയണൽ കോൺഫറൻസുകൾ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. വൈകുന്നേരം കൊളക്കാട് ദൈവാലയത്തിൽവച്ച് തോട്ടത്തിൽ ആദം ആന്റണിക്കും അബ്രാഹം ആന്റണിക്കും ക്വിൻ അന്നയ്ക്കും മാമ്മോദീസാ നൽകി.

05-06 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

07 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

08-10 തലശ്ശേരി സന്ദേശഭവനിൽവച്ച് വൈദികർക്കായി നടത്തിയ റിഫ്രെഷർ കോഴ്സ് ഉദ്ഘാടനം ചെയ്തു. തുടർന്ന് വൈദികരുമായി അഭിമുഖം നടത്തി.

11 ചെമ്പേരി ലൂർദ് മാതാ ബസിലിക്കായിൽവച്ച് സംഘടിപ്പിച്ച തലശ്ശേരി അതിരൂപതാ സമർപ്പിത സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് ചെമ്പന്തൊട്ടിയിൽ പുതുതായി നിർമ്മിക്കുന്ന ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു.

12-13 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

14 തലശ്ശേരിയിൽവച്ച് സംഘടിപ്പിച്ച മേജർ സുപ്പീരിയർമാരുടെ സംഗമം ഉദ്ഘാടനം ചെയ്തു.

15-17 തലശ്ശേരി സന്ദേശഭവനിൽവച്ച് വൈദികർക്കായി നടത്തിയ റിഫ്രെഷർ കോഴ്സ് ഉദ്ഘാടനം ചെയ്തു. തുടർന്ന് വൈദികരുമായി അഭിമുഖം നടത്തി.

18 രാവിലെ വെള്ളാട് ഇടവകാ ദൈവാലയത്തിൽവച്ച് പനമറ്റത്തിൽ കുടുംബത്തിലെ ജോൺപോൾ ജോസിന് മാമ്മോദീസായും ജോവന്ന സെലിൻ ജോസിന് ആദ്യകുർബാനയും നൽകി. തുടർന്ന് കുന്നോത്ത് ബയോമൗണ്ടൻ കമ്പനിയിൽവച്ച് സംഘടിപ്പിച്ച സംരംഭകരുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

19 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

20 എഫ്.എ.ബി.സി പ്ലീനറി അസംബ്ലിയിൽ പങ്കെടുക്കുന്നതിനായി ഇന്തോനേഷ്യയിലേക്ക് യാത്രതിരിച്ചു.

**AUGUST 2026**

# ENGAGEMENTS
## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 10:00 am | - | Alakode: Vincent De Paul General Body Meeting |
| | 09:00 pm | - | Alpha Academic Year inauguration |
| 02 | | - | Ernakulam |
| 03-07 | | - | KCBC |
| 08 | 09:00 am | - | Vayattuparamba: Ordination |
| 9-14 | | - | Annual Retreat – Batch I |
| 15 | | - | Cathedral |
| 16 | | - | Ernakulam |
| 17-28 | | - | Syro Malabar Synod |
| 29 | 10:00 am | - | Chemperi: Pastoral Council |
| 30 | 09:30 am | - | Vimalassery: Church Blessing |
| 31 | 10:00 am | - | Peravoor: Parish Council Meet |
| | 02:30 pm | - | Edoor: Parish Council Meet |

**Secretary to the Archbishop**

**AUGUST 2026**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | |
|---|---|---|
| 1-4 | - | Canada |
| 15 8:00 am | - | Marypuram: Holy Mass |
| 17-28 | - | Kakkanad: Synod |
| 29 11:00 am | - | Kunnoth: Holy Mass - Nazareth Generalate |

**Secretary to the Archbishop Emeritus**








**തലശ്ശേരി അതിരൂപത സമർപ്പിത സംഗമം**

**(ചെമ്പേരി റീജിയൻ)**

**2026 ജൂലൈ 11 : ലൂർദ് മാതാ ബസിലിക്ക, ചെമ്പേരി**



തലശ്ശേരി അതിരൂപതയിലെ സംരംഭകരുടെ സമ്മേളനം
മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

2026 ജൂലൈ 18 : ഹരിത ഇൻഡസ്ട്രിയൽ പാർക്ക്, കുന്നോത്ത്




റിഫ്രഷർ കോഴ്സ് രണ്ടാം ബാച്ച് മാർ ജോസഫ് പാംപ്ലാനി പിതാവ്
ഉദ്ഘാടനം ചെയ്യുന്നു.

2026 ജൂലൈ 15-17 : സന്ദേശഭവൻ - തലശ്ശേരി

RNI Reg. No. 5910 Date of Publication: 28/07/2026
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 09 ലക്കം : 08 വില : ₹10

## ആഗസ്റ്റ് 04 വി. ജോൺ മരിയ വിയാനി



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.